**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 1** **08-08-2023 - ൽ മറുപടിയ്ക്ക്**

**കെ-ഡിസ്കിനെ പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ, ശ്രീ. പി.പി. സുമോദ്, ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ കിഫ്ബി പദ്ധതി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനം വേഗത്തിലാക്കുന്നതിൽ വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | 50000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുക എന്നതായിരുന്നു മുൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്ത് വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലയളവിൽ 904 പദ്ധതികൾക്കായി 2021 മെയ് വരെ 65,363.11 കോടി രൂപയാണ് കിഫ്ബി മുഖാന്തിരം അനുമതി നൽകിയിട്ടുള്ളത്. ഇവയിൽ ഏകദേശം 7,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും, കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ നടത്തുവാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖഛായ മാറ്റുന്നതിനും കിഫ്ബി പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.<br><br>മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളിൽ ആരോഗ്യമേഖലയിൽ 334.02 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭാസ മേഖലയിൽ വൻപുരോഗതിയാണ് കിഫ്ബി മുഖേന സംസ്ഥാനത്തിന് നേടുവാൻ സാധിച്ചത്. പൊതുവിദ്യാഭ്യാസ മേഖലയിൽ 44,705 ഹൈടെക് ക്ലാസ് റൂമുകളുടെയും 11,257 ഹൈടെക് ലാബുകളുടെയും 425 ൽ പരം സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കിഫ്ബിയ്ക്ക് സാധിച്ചു. ഇതിനു പുറമേ ഉന്നത വിദ്യാഭാസ മേഖലയിലെ 22 കോളേജ് കെട്ടിടങ്ങളുടെയും തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ 4 ഐ.ടി.ഐ കെട്ടിടങ്ങളുടെയും തുറമുഖ വകുപ്പിന് കീഴിൽ 8 തീരദേശ വിദ്യാലയങ്ങളുടെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ കിഫ്ബിയ്ക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ 58 റോഡ് പദ്ധതികളും, 20 കുടിവെള്ള പദ്ധതികളും, 3 റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതികളും, തിരുവനന്തപുരം ടെക്നോസിറ്റി |

| | | | |
|---|---|---|---|
| | | | ഐടി പാർക്ക്, 10 സ്പോർട്ട്സ് സ്റ്റേഡിയങ്ങളും പൂർത്തീകരിച്ച പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്.<br><br>നാഷണൽ ഹൈവേയുടെ വികസനത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി 5,580.74 കോടി രൂപ കിഫ്ബി വഴി NHAI യ്ക്ക് കൈമാറിയിട്ടുണ്ട്. നാഷണൽ ഹൈവേയുടെ വികസനം സംസ്ഥാനത്തിന്റെ ചരക്ക് ഗതാഗതത്തിലും സമ്പദ്ഘടനയിലും സമൂലമായ ഉന്നമനം കൊണ്ട് വരുന്നതിന് ശേഷിയുള്ളതാണ്.<br><br>കിഫ്ബിയുടെ 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി 3 വ്യവസായ പാർക്കുകൾക്കുള്ള 1,479.23 കോടി രൂപയുടെ സ്ഥലമേറ്റെടുപ്പ് ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 13,389.89 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>നാളിതുവരെ കിഫ്ബി മുഖാന്തിരം 80,998.61 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിയ 7 പദ്ധതികളും ഉൾപ്പെടുന്നു. അംഗീകാരം നൽകിയ പദ്ധതികളിൽ 29,432.97 കോടി രൂപയുടെ 603 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 26,058.48 കോടി രൂപയുടെ 552 പദ്ധതികളാണ് കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. വിശദാംശം **അനുബന്ധം-2** ആയി ചേർക്കുന്നു.<br><br>കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ പ്രധാനമായും റോഡുകൾ, ആശുപത്രികൾ, പാലങ്ങൾ, ഫ്ളൈഓവറുകൾ, സ്റ്റേഡിയങ്ങൾ, കായിക സ്കൂളുകൾ, സിനിമ തിയേറ്റർ സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, ഐസൊലേഷൻ വാർഡുകൾ, ഫിഷ് മാർക്കറ്റുകൾ, തീരദേശ സംരക്ഷണം, പുലിമുട്ട് സ്ഥാപിക്കൽ, തടയണകൾ, കുടിവെള്ള പദ്ധതികൾ, കനാൽ നവീകരണം, മുനിസിപ്പാലിറ്റി ബിൽഡിംഗ്, സ്കൂൾ-കോളേജ് കെട്ടിടങ്ങൾ, ആധുനിക അറവുശാലകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലാവ് പദ്ധതി, അഗ്രോ പാർക്കുകൾ, വയനാട് ടണൽ റോഡ്, ചെല്ലാനം കടൽ ഭിത്തി നിർമ്മാണം, വെസ്റ്റ് കോസ്റ്റ് കനാൽ വികസനം, തീരദേശ ഹൈവേ, മലയോര ഹൈവേ, ശബരിമല മാസ്റ്റർ പ്ലാൻ, KFON, IT പാർക്കുകൾ, ട്രാൻസ്ഗ്രിഡ് പദ്ധതി, ക്രാഫ്റ്റ് വില്ലേജ്, ഓങ്കോളജി പാർക്ക്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ നിർമ്മാണം, കൊച്ചി - സംയോജിത ജലഗതാഗത പദ്ധതി മുതലായവ ഉൾപ്പെടുന്നു. വിശദാംശങ്ങൾ<br><br>**അനുബന്ധം-3**<br><br>ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല വികസന മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി കിഫ്ബി മുഖേന നടപ്പാക്കി വരുന്ന | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,635.50 കോടി രൂപയുടെ 152 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി മുഖേന അംഗീകാരം നൽകിയിട്ടുള്ളത്. ഇതിന് പുറമേ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഗിഫ്റ്റ് സിറ്റിയ്ക്ക് വേണ്ടി സ്ഥലമേറ്റെടുപ്പിനായി 840 കോടി രൂപയുടെ അംഗീകാരവും കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 50 കോടിയ്ക്ക് മുകളിൽ 68 വൻകിട പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്.<br><br>ആരോഗ്യമേഖലയിൽ സംസ്ഥാനത്തെ ആശുപത്രികളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ കോവിഡ് കാലത്തെ പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് |

| | | |
|---|---|---|
| | വൻകിട പദ്ധതികളുടെ വിശദാംശം നൽകുമോ; | വളരെയധികം സഹായകരമായിട്ടുണ്ട്. ഇനി അത്തരം സാഹചര്യം ഉണ്ടാകാനിടയായാൽ നേരിടുന്നതിനായി സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലേയും ആശുപത്രികളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ കിഫ്ബി മുഖേന അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 236.3 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 25 ഇടങ്ങളിൽ സജ്ജീകരണങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഐസൊലേഷൻ വാർഡ് പദ്ധതികളുടെ വിശദാംശം **അനുബന്ധം-4** ആയി ചേർക്കുന്നു.<br><br>ആയുഷ് വകുപ്പിന് കീഴിലുള്ള അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതി, കൊച്ചി - സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായി ഏളംകുളം സിവറേജ് പ്ലാന്റ്, പശ്ചിമതീരദേശ കനാൽ വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പും പുനരധിവാസ പാക്കേജും, ആരോഗ്യവകുപ്പിന് കീഴിൽ കുന്നംകുളം, പേരാമ്പ്ര, പത്തനാപുരം എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികളുടെ വികസനം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളുടെ വികസനം, ഐസൊലേഷൻ വാർഡുകൾ, ടൂറിസം മേഖലയിൽ കോവളം ബീച്ച് നവീകരണപദ്ധതി, ജലവിഭവ വകുപ്പിന് കീഴിൽ ഇരിട്ടി, താനൂർ, കൊയിലാണ്ടി മുനിസിപ്പാലിറ്റികളിലെ രണ്ടാം ഘട്ട ജലവിതരണ പദ്ധതികൾ, ചെല്ലാനം കടൽ ഭിത്തി നിർമ്മാണം, ആലപ്പുഴ ജില്ലയിൽ ശക്തമായ കടൽ ക്ഷോഭം നേരിടുന്ന ഒറ്റമശ്ശേരി, കാട്ടൂർ, പൊള്ളത്തായ്, കക്കാഴം, നെല്ലുണിക്കൽ എന്നിവിടങ്ങളിലെ പുലിമുട്ട് നിർമ്മാണം, കുറ്റിപ്പുറം ആർ സി ബി, പൊതുമരാമത്ത് വകുപ്പിന് കീഴിൽ മലയോര ഹൈവേയുടെ 10 സ്ട്രെച്ചുകൾ, പേരൂർക്കട ഫ്ലൈ ഓവർ, വയനാട് ടണൽ റോഡ്, തീരദേശ ഹൈവേയുടെ 13 സ്ട്രെച്ചുകളും പുനരധിവാസ പാക്കേജും, കുട്ടിക്കട (കൊല്ലം), വെട്ടുറോഡ് (തിരുവനന്തപുരം) എന്നിവിടങ്ങളിലെ റെയിൽവേ ഓവർ ബ്രിഡ്ജ്, മണക്കടവ് ആലക്കടവ് റോഡ്, നിള – I P T റോഡ്, ചെറുകോൽപ്പുഴ മണിയാർ റോഡ്, കർഷക സൗഹൃദ ലിങ്ക് റോഡ്, നിലമ്പൂർ വളാന്തോട് റോഡ്, അട്ടക്കുളങ്ങര ഫ്ലൈ ഓവർ എന്നിവയും കൊട്ടാരക്കര ബൈപ്പാസ്, കൊടിനട വഴിമുക്ക് റോഡ്, കണ്ണൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ്, തമ്മനം പുല്ലേപ്പടി റോഡ്, മട്ടന്നൂർ റോഡ്, മൂവാറ്റുപുഴ ഊത്താട്ടുകുളം റോഡ്, ആലുവ മൂന്നാർ റോഡ്, പെരുമ്പാവൂർ ആലുവ റോഡ് എന്നിവയുടെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും ഉൾപ്പെടുന്നു. പദ്ധതികളുടെ വിശദാംശം **അനുബന്ധം-5** ആയി ചേർക്കുന്നു.<br><br>നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ പദ്ധതി നിർവഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തി വരുന്നു. കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതിനു പുറമെ കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേനയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ ഭാവി കേരളത്തെ നിർവ്വചിക്കുന്ന സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. |
| (സി) | കേരള ഡെവലപ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | കേരള ഡെവലപ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. **<u>മാനവ വിഭവശേഷി മെച്ചപ്പെടുത്തൽ</u>**<br>2. ഇന്നോവേഷൻ ടെക്നോളോജിസ്<br>3. പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സിസ്റ്റം<br>4. സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ<br>5. സ്കിൽസ് എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രെന്യൂർഷിപ്പ്<br>6. മാനേജ്മന്റ് സർവീസസ്<br><br>എന്നീ ഡിവിഷനുകളിയായി പ്രത്യേകം വൈദഗ്ധ്യമുള്ള പ്രതിഭകളെ കണ്ടെത്തി പ്രവർത്തനങ്ങളുമായി അണിചേർക്കുന്നു. യങ് ഇന്നൊവേറ്റർസ് പ്രോഗ്രാം (YIP), വൺ ഡിസ്ട്രിക്ട് വൺ ഐഡിയ (ODOI), വൺ ലോക്കൽ ഗവണ്മെന്റ് വൺ ഐഡിയ (OLOI) എന്നീ പരിപാടികളിലായി 7450 സ്ഥാപനങ്ങളെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയിൽ ഏകോപിപ്പിച്ചിട്ടുണ്ട്.<br><br>കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ തൊഴിൽ ദാതാക്കളെ പരിശീലിപ്പിക്കാൻ 59 വിദഗ്ദ്ധ സ്ഥാപനങ്ങളെയും 89 വിദഗ്ധരെയും കൂടി ചേർത്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങളുടെ സാങ്കേതിക വിദ്യ വികസനത്തിനായി C-DAC, VSSC, ടൈറ്റാനിയം, ടെസ്റ്റ്പാർക്, IISER, Log9 സിസ്റ്റംസ് എന്നിവയുടെ സഹായത്തോടു കൂടി EV കൺസോർഷ്യം രൂപികരിച്ചു. ബാറ്ററി സാങ്കേതിക വിദ്യ, മോട്ടോർ സാങ്കേതിക വിദ്യ ഇലക്ട്രോണിക് കൺട്രോളർ സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയുടേയും ICT അക്കാദമി ഓഫ് കേരളയുടെയും സഹായത്തോടെ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യയുടെ പരിശീലന പരിപാടികൾ നടന്നു വരുന്നു. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, റോബോട്ടിക് സാങ്കേതിക വിദ്യ, ബ്ലോക്ക് ചെയിൻ, ഓഗ്മെന്റഡ് റിയാലിറ്റി, വെർചൽ റിയാലിറ്റി, ഡാറ്റ അനലറ്റിക്സ്, എന്നീ മേഖലകളിൽ വിവിധങ്ങളായ സ്റ്റാർട്ടപ്പുകളുമായി ചേർന്ന് കൊണ്ടാണ് എമെർജിങ് ടെക്നോളജി ഇൻ ഗവണ്മെന്റ് എന്ന പരിപാടി നടപ്പിലാക്കുന്നത്. കേരള ജിനോം ഡാറ്റ സെന്റർ, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയിലെ മികവിന്റെ കേന്ദ്രങ്ങൾ, സ്മാർട്ട് കോഫി എന്നീ പദ്ധതികളിലും ഇതുപോലെ പ്രത്യേകം പ്രത്യേകം വിദഗ്ധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടന്നു വരുന്നു.<br><br>1. **<u>ഫലാധിഷ്ഠിത മാനേജ്മന്റ് സംവിധാനം നടപ്പിലാക്കാൻ</u>**<br><br>കെ-ഡിസ്കിലെ ജീവനക്കാരുടെയും ഡിവിഷനുകളുടെയും പ്രവർത്തനങ്ങൾ ചിട്ടയായി നടത്താൻ ഫലാധിഷ്ഠിത മാനേജ്മന്റ് സംവിധാനം നടപ്പിലാക്കി കൊണ്ടിരിക്കുന്നു. മുഴുവൻ ജീവനക്കാരുടെയും പ്രവർത്തന ലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ചു ഇവയുടെ പുരോഗതി പരിശോധിച്ചു പോരായ്മകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഉറപ്പാക്കി വരുന്നു. ഇതിനായി പ്രത്യേക ഐ ടി സങ്കേതങ്ങൾ കരുപ്പിടിപ്പിച്ചിട്ടുണ്ട്. |

ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കാൻ ശ്രമങ്ങൾ നടന്നു വരുന്നു. കെ-ഡിസ്ക് വഴി നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ഇപ്പോൾ 2 വർഷത്തെ ദൈർഘ്യമുള്ള കരാറിലാണ് നിയമിച്ചിട്ടുള്ളത്. ഇവർക്കു ഇൻഷുറൻസ്, PF ആനുകൂല്യങ്ങൾ എന്നിവ നടപ്പാക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. **ഭരണ നിർവ്വഹണം പ്രൊഫെഷനലാക്കൽ**

കെ-ഡിസ്ക്കിലെ ഭരണ നിർവ്വഹണം ചിട്ടപ്പെടുത്താൻ സമഗ്രമായ ഇ-ഗവേർണൻസ് സംവിധാനങ്ങളാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ വകുപ്പിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് പൂർണ്ണമായും

ഇ-സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തിയാണ്. മറ്റു സർക്കാർ വകുപ്പുകളുമായുള്ള കത്തിടപാടുകൾ ഇപ്പോൾ പൂർണമായും ഇലക്ട്രോണിക് സംവിധാനത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കെ-ഡിസ്ക്കിലെ ഫയൽ മാനേജ്മന്റ് ഡി ഡി എഫ് എസ് സങ്കേതം ഉപയോഗിച്ചാണ് നടത്തുന്നത്. ഇതിന്റെ നവീകരണം നടന്നു വരുന്നു. ഹാജർ സംവിധാനം സോഹോ പീപ്പിൾ എന്ന അപ്ലിക്കേഷൻ ഉപയോഗിച്ചാണ് നടക്കുന്നത്.

1. **നിയോഗിക്കപ്പെട്ട ജീവനക്കാരുടെ കർത്തവ്യ നിർവ്വഹണം മെച്ചപ്പെടുത്തൽ**

നിലവിലുള്ള ജീവനക്കാരുടെ പ്രവർത്തന മികവ് ലക്ഷ്യമാക്കി പ്രത്യേക പരിശീലന പരിപാടികൾ തയ്യാറാക്കി വരുന്നു. C I I, G-TECH, ICT അക്കാദമി ഓഫ് കേരള, ഡിജിറ്റൽ സർവകലാശാല, IIM കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ വിവിധ പരിപാടികളിൽ പങ്കാളികളാണ്. ഇതോടൊപ്പം മികച്ച സ്റ്റാർട്ടപ്പുകളെയും അക്കാദമിക് ഗവേഷണ സ്ഥാപനങ്ങളെയും കെ-ഡിസ്ക്കിന്റെ വിവിധ പരിപാടികളിൽ പങ്കാളികളാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലൂടെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ അടിക്കടി മെച്ചപ്പെടുത്താൻ സാധിക്കുന്നു.

1. **മെച്ചപ്പെട്ട പരിശോധന, വിലയിരുത്തൽ സംവിധാനം**

വിവിധ വിഭാഗങ്ങളിലെ ലക്ഷ്യങ്ങളുടെ നിർവഹണം ക്രമീകരിക്കുന്ന Key Result Area, Key Process Area പരിശോധന സംവിധാനം സോഹോ പ്രോജക്ടസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നടക്കുന്നത്. അക്കൗണ്ടിംഗ്, ധനകാര്യ നിർവഹണം എന്നിവ ടാലി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടന്നു വരുന്നു. YIP, OLOI, ODOI എന്നീ ഇന്നോവേഷൻ പരിപാടികൾ പ്രത്യേകം പ്രത്യേകം ഐ ടി സംവിധാനങ്ങളുടെ സഹായത്തോടെയാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. മഞ്ചാടി, മഴവില്ല് എന്നീ വിദ്യാഭ്യാസ പരിപാടികളുടെ അധ്യയന പരിശീലന സംവിധാനം ബിടിക്സ്സ് എന്ന സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയാണ് നടന്നു വരുന്നത്. കേരള നോളഡ്ജ് ഇക്കോണമി മിഷൻ തൊഴിൽദായകരെയും തൊഴിലന്വേഷകരെയും ക്യൂറേഷൻ കൗൺസിലിങ് സങ്കേതങ്ങൾ പരിശീലന സംവിധാനങ്ങൾ എന്നിവയെല്ലാം ഡിജിറ്റൽ സർവകലാശാലയുടെ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പ്ലാറ്റ്ഫോമിന്റെ സഹായത്തോടു കൂടെ ആണ് നടന്നു വരുന്നത്. കെ-ഡിസ്ക്, കേരള നോളഡ്ജ് ഇക്കോണമി മിഷൻ എന്നീ പ്രവർത്തന മേഖലകളിലെ ഭരണ നിർവ്വഹണ സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്താൻ ISO 9000, ISO 27000, ISO 56002 എന്നീ സ്റ്റാൻഡേർഡുകൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. **അധിക വിഭവ സമാഹരണത്തിനുള്ള ശ്രമങ്ങൾ**

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ പദ്ധതി വിഹിതത്തിനു പുറമെ വിഭവങ്ങൾ കണ്ടെത്താൻ ശ്രമങ്ങൾ നടന്നു വരുന്നു. പൊതു മേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ നിന്ന് CSR ഫണ്ടിംഗ് കണ്ടെത്താൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഇൻകം ടാക്സ് ആക്ടിന്റെ സെക്ഷൻ 12 A, 80G എന്നിവ അനുസരിച്ചുള്ള ഇളവുകൾ ലഭ്യമാക്കാനും FCRA രജിസ്ട്രേഷന് വേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. CSR ഫണ്ട് സമാഹരിക്കുന്നതിലേക്കായി ഒരു പ്രത്യേക കർമ്മസംഘത്തെ നിയോഗിച്ചിട്ടുണ്ട്. |
| (ഡി) | കെ-ഡിസ്ക് നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ? | (ഡി) | കെ-ഡിസ്ക് നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുന്ന വിശദ റിപ്പോർട്ട് **അനുബന്ധം-6** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| Statistics of Completed Projects | | | |
|---|---|---|---|
| **SL. No** | **Department** | **No of Sub Projects/Components Completed** | **Fund sanctioned by KIIFB (in Rs. Crs)** |
| 1 | FOR | Man-Animal Conflict : Fencing completed in 30 locations.<br>Thrissur zoological park: 2 components completed | ₹ 130.81 |
| 2 | FSH | Fishing Harbour at 2 locations and 8 fisheries schools | ₹ 22.53 |
| 3 | GED | 425 School buildings, 44705 Hitech class rooms, 11257 Hitech Labs<br>*(as clustered in 115 Sub projects out of 143 Subprojects)* | ₹ 2,033.23 |
| 4 | HED | 22 College buildings | ₹ 170.17 |
| 5 | HFW | GMC Thiruvananthapuram, 1 Taluk Hospital, 1 General Hospital, 43 Dialysis Centres, 7 CCU and 8 Cathlabs | ₹ 334.02 |
| 6 | IND | 1. LA for Petrochemical Park<br>2. Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works<br>3. Bio 360 Life Science Park - Phase II Land Acquisition | ₹ 1,479.23 |
| 7 | ITD | Construction of IT Building at Technocity (2 lakh sq.ft) | ₹ 100.00 |
| 8 | PWD | 58 projects | ₹ 2,152.08 |
| 9 | RGD | 40 SROs in 7 projects | ₹ 54.15 |
| 10 | SCST | PMH, ITI, MRS Buildings (15 Nos) | ₹ 80.61 |
| 11 | SYA | 10 Stadiums include Sports facilities and synthetic tracks | ₹ 109.50 |
| 12 | TSM | 5 components in Alappuzha heritage project | ₹ 15.15 |
| 13 | WRD | 1. 20 WSS Projects<br>2. 3 RCB Projects<br>3. Reformation of damaged sunken sea wall and Construction of groyne field project at Chellanam - Phase 1 | ₹ 1,035.08 |
| 14 | CAD | | ₹ 63.36 |
| 15 | PWD-NHAI | National highway land acquisition (NH66) | ₹ 5,580.74 |
| 16 | LBR | Upgradation of Govt. ITIs in Kerala on 4 locations | ₹ 29.23 |
| **Total** | | | |

**അകൗണ്ട്സ് ഓഫീസർ**

അനുബന്ധം-2

**Status of KIIFB Approved projects - Department Wise**

| Department | KIIFB Approved Projects | | KIIFB Tendered Projects | | | KIIFB Started/Awarded Projects | | |
|---|---|---|---|---|---|---|---|---|
| | No. of Projects Approved | Approved Amount (Rs.in Crore) | No. of Projects Tendered | Approved Amount (Rs.in Crore) | Tendered Amount (Rs.in Crore) | No. of Projects Started/Awarded | Approved Amount (Rs.in Crore) | Work Contract Amount (Rs.in Crore) |
| PWD | 485 | ₹ 29,999.29 | 220 | ₹ 9,630.99 | ₹ 7,065.35 | 191 | ₹ 8,018.86 | ₹ 6,244.93 |
| Agriculture | 1 | ₹ 21.43 | 1 | ₹ 21.43 | ₹ 21.43 | 1 | ₹ 21.43 | ₹ 20.57 |
| Animal Husbandry | 1 | ₹ 10.24 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Ayush | 2 | ₹ 183.06 | 1 | ₹ 69.06 | ₹ 57.41 | 1 | ₹ 69.06 | ₹ 69.73 |
| Backward Classes Development Department | 1 | ₹ 17.73 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Coastal Shipping & Inland Navigation | 10 | ₹ 2,239.58 | 2 | ₹ 135.90 | ₹ 107.24 | 1 | ₹ 106.13 | ₹ 78.72 |
| Culture | 17 | ₹ 477.28 | 8 | ₹ 293.12 | ₹ 220.62 | 8 | ₹ 293.12 | ₹ 257.80 |
| Devaswom | 2 | ₹ 138.51 | 1 | ₹ 126.94 | ₹ 118.34 | 1 | ₹ 126.94 | ₹ 121.66 |
| Fisheries and Ports | 26 | ₹ 521.64 | 17 | ₹ 379.47 | ₹ 367.79 | 16 | ₹ 282.04 | ₹ 250.93 |
| Forest | 4 | ₹ 458.82 | 4 | ₹ 458.82 | ₹ 341.34 | 4 | ₹ 458.82 | ₹ 272.87 |
| General Education | 143 | ₹ 2,984.16 | 111 | ₹ 2,374.50 | ₹ 2,224.93 | 104 | ₹ 2,274.59 | ₹ 2,000.28 |
| Health & Family Welfare | 73 | ₹ 5,712.57 | 41 | ₹ 3,886.14 | ₹ 2,755.41 | 36 | ₹ 2,970.24 | ₹ 2,324.10 |
| Higher Education | 61 | ₹ 1,752.35 | 31 | ₹ 738.33 | ₹ 540.05 | 31 | ₹ 738.33 | ₹ 498.98 |
| Home | 6 | ₹ 225.19 | 1 | ₹ 50.14 | ₹ 42.91 | 1 | ₹ 50.14 | ₹ 37.22 |
| Industries | 1 | ₹ 62.16 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Information Technology | 3 | ₹ 1,412.86 | 3 | ₹ 1,412.86 | ₹ 1,303.23 | 3 | ₹ 1,412.86 | ₹ 1,812.09 |
| Labour & Skills | 5 | ₹ 85.91 | 5 | ₹ 85.91 | ₹ 64.61 | 5 | ₹ 85.91 | ₹ 71.71 |
| Local Self Government | 23 | ₹ 701.48 | 3 | ₹ 336.52 | ₹ 285.07 | 1 | ₹ 298.38 | ₹ 245.88 |
| Power | 18 | ₹ 5,200.00 | 16 | ₹ 2,855.68 | ₹ 2,000.58 | 14 | ₹ 2,510.19 | ₹ 1,871.13 |
| Registration | 6 | ₹ 88.65 | 6 | ₹ 88.65 | ₹ 67.60 | 6 | ₹ 88.65 | ₹ 95.82 |
| Revenue | 2 | ₹ 32.62 | 2 | ₹ 32.62 | ₹ 30.13 | 2 | ₹ 32.62 | ₹ 27.11 |
| SC/ST Development | 10 | ₹ 182.23 | 7 | ₹ 145.84 | ₹ 119.54 | 7 | ₹ 145.84 | ₹ 108.80 |
| Sports & YA | 39 | ₹ 834.86 | 27 | ₹ 614.03 | ₹ 521.03 | 25 | ₹ 525.29 | ₹ 447.77 |
| Tourism | 12 | ₹ 506.11 | 8 | ₹ 302.88 | ₹ 192.49 | 7 | ₹ 185.38 | ₹ 68.98 |
| Transport | 3 | ₹ 600.98 | 2 | ₹ 240.07 | ₹ 67.83 | 2 | ₹ 240.07 | ₹ 132.33 |
| Water Resources | 96 | ₹ 6,548.92 | 86 | ₹ 5,153.07 | ₹ 3,625.47 | 85 | ₹ 5,123.59 | ₹ 3,857.19 |
| **Total** | **1050** | **₹ 60,998.61** | **603** | **₹ 29,432.97** | **₹ 22,140.42** | **552** | **₹ 26,058.48** | **₹ 20,916.60** |

**Projects under Land Acquisition Pool of ₹ 20,000 Crore**

| | | |
|---|---|---|
| PWD-NHAI | 1 | ₹ 6,769.01 |
| Industries (Under LA Pool) | 6 | ₹ 16,108.16 |
| *Industrial Parks - 3 projects - ₹13988.63 Cr* | | |
| *Taking over of land from HNL - ₹200.60 Cr* | | |
| *Kochi - Banglore Industrial Corridor & Gift City - ₹1918.93 Cr* | | |
| **Total** | **7** | **₹ 22,877.17** |

**KIIFB Approved Projects - Grand Total**

| | | |
|---|---|---|
| Infrastructure Projects | 1050 | ₹ 60,998.61 |
| Projects under Land Acquisition Pool | 7 | ₹ 20,000.00 |
| **Total** | **1057** | **₹ 80,998.61** |

അക്കൗണ്ട്സ് ഓഫീസർ

**കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ (മേഖല തിരിച്ച്)**

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ ) |
|---|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് | 238 റോഡുകൾ | ₹ 29,999.29 |
| | | 93 പാലങ്ങൾ | |
| | | 42 മലയോര ഹൈവേ സ്ട്രെച്ചുകൾ | |
| | | 58 റെയിൽവേ മേൽപാലങ്ങൾ | |
| | | 5 ജങ്ഷൻ വികസനത്തിന്റെ സ്ഥലമേറ്റെടുപ്പ് | |
| | | 30 തീരദേശ ഹൈവേ സ്ട്രെച്ചുകൾ | |
| | | 1 അടിപ്പാത | |
| | | 16 ഫ്ളൈഓവറുകൾ | |
| | | തീരദേശ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനും അതിൻ്റെ സ്ഥലമേറ്റെടുപ്പിനും | |
| | | ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡ് | |
| 2 | കായിക യുവജന ക്ഷേമം വകുപ്പ് | 1 അക്വാട്ടിക് കോംപ്ലക്സ് | ₹ 834.86 |
| | | 36 പദ്ധതികളിലായി 44 സ്റ്റേഡിയങ്ങൾ | |
| | | 2 കായിക സ്കൂളുകൾ | |
| 3 | സാംസ്കാരിക കാര്യ വകുപ്പ് | 9 സിനിമ തിയേറ്റർ സമുച്ചയങ്ങൾ | ₹ 477.28 |
| | | 1 ഫിലിം സിറ്റി നവീകരണം | |
| | | 7 സാംസ്കാരിക സമുച്ചയങ്ങൾ | |
| 4 | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് | 67 ആശുപത്രികൾ | ₹ 5,712.57 |
| | | കണ്ണൂർ ജില്ലാ ആശുപത്രിയ്ക്കുള്ള ബയോ മെഡിക്കൽ ഉപകരണങ്ങൾ | |
| | | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് ഒന്നാം ഘട്ടത്തിലേക്കുള്ള ഉപകരണങ്ങൾ | |
| | | തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് - ഇമേജോളജി വകുപ്പിന്റെ വികസനം | |

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ) |
|---|---|---|---|
| | | 140 മണ്ഡലങ്ങളിലെ ആശുപത്രികളിൽ 10 കിടക്കകളോട് കൂടിയ ഐസൊലേഷൻ വാർഡുകൾ | |
| | | 2 പദ്ധതികളിലായി 10 CCU, 10 Cathlab, 56 Dialysis units | |
| 5 | ഫിഷറീസ് വകുപ്പ് | 9 പദ്ധതികളിലായി 51 ഫിഷ് മാർക്കറ്റുകൾ മെച്ചപ്പെടുത്തൽ | ₹ 521.64 |
| | | 2 തീരദേശ സംരക്ഷണം | |
| | | 2 തുറമുഖ സംരക്ഷണം | |
| | | 12 പദ്ധതികളിലായി 57 തീരദേശ സ്കൂളുകളുടെ നവീകരണം | |
| | | പുലിമുട്ട് സ്ഥാപിക്കൽ (6 ഇടങ്ങളിൽ) | |
| 6 | ജലവിഭവ വകുപ്പ് | 12 തടയണകൾ | ₹ 6,548.92 |
| | | 64 കുടിവെള്ള പദ്ധതികൾ | |
| | | 11 പദ്ധതികളിലായി നൂറോളം സ്ഥലങ്ങളിൽ കുടിവെള്ള പൈപ്പ് മാറ്റിസ്ഥാപിക്കൽ | |
| | | 5 ഇടങ്ങളിൽ പുലിമുട്ട് സ്ഥാപിക്കൽ | |
| | | ചെല്ലാനം കടൽഭിത്തി നവീകരണം, പുലിമുട്ട് സ്ഥാപിക്കൽ | |
| | | ഒറ്റമശ്ശേരി, കാട്ടൂർ, പൊള്ളത്തായി, കക്കാഴം, നെല്ലാനിക്കൽ എന്നിവടങ്ങളിൽ പുലിമുട്ട് സ്ഥാപിക്കൽ, തീരദേശ സംരക്ഷണം | |
| | | 2 കനാൽ നവീകരണം | |
| 7 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | പിണറായി വില്ലേജിലെ വിദ്യാഭ്യാസ സമുച്ചയം | ₹ 232.05 |
| | | TrEST റിസർച്ച് പാർക്കിനായി വിളപ്പിൽശാലയിൽ 50 ഏക്കർ സ്ഥലമേറ്റെടുപ്പ് | ₹ 203.93 |
| | | 2 ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ നിർമ്മാണം | ₹ 37.59 |
| | | 3 ഹോസ്റ്റലുകളുടെ നിർമ്മാണം | ₹ 76.94 |
| | | കേരള സർവകലാശാലയ്ക്കുള്ള ഉപകരണങ്ങൾ | ₹ 48.72 |
| | | 53 പദ്ധതികളിലായി 51 ആർട്സ് കോളേജുകൾ, 6 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക് കോളേജുകൾ, 5 പൈതൃക കോളേജുകൾ, 5 സർവ്വകലാശാലകൾ എന്നിവയുടെ നവീകരണം, 1 സ്ഥലമേറ്റെടുപ്പ് - നിലമ്പൂർ കോളേജ് | ₹ 1,153.12 |

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ) |
|---|---|---|---|
| 8 | തദ്ദേശ സ്വയംഭരണ വകുപ്പ് | 6 പദ്ധതികളിലായി 8 മുനിസിപ്പാലിറ്റി ബിൽഡിംഗ് | ₹ 701.48 |
| | | 7 പദ്ധതികളിലായി 9 അറവുശാലകൾ | |
| | | 2 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | |
| | | 1 പദ്ധതിയിലായി 12 ശ്മശാനങ്ങളുടെ നിർമ്മാണം | |
| | | 5 പദ്ധതികളിലായി 7 മാർക്കറ്റ് നവീകരണം | |
| | | നിലാവ്- തെരുവുവിളക്കുകൾ എൽ.ഇ.ഡിയിലേക്ക് മാറ്റുന്ന പദ്ധതി | |
| | | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം | |
| 9 | ടൂറിസം വകുപ്പ് | 5 ഘട്ടങ്ങളിലായി ആലപ്പുഴ പൈതൃക പദ്ധതിയുടെ നവീകരണം | ₹ 506.11 |
| | | തലശ്ശേരി പൈതൃക പദ്ധതി 2 ഘട്ടങ്ങൾ | |
| | | ആക്കുളം കായൽ നവീകരണം | |
| | | 3 ബീച്ച് നവീകരണം | |
| 10 | പൊതുവിദ്യാഭ്യാസം | 141 പദ്ധതികളിലായി 884 സ്കൂളുകൾ | ₹ 2,984.16 |
| | | സ്കൂളുകളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്ന 2 പദ്ധതികൾ (11300 സ്കൂളുകൾക്കായുള്ള ഹൈടെക് ലാബ് പദ്ധതി , 44705 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള മറ്റൊരു പദ്ധതി) | |
| 11 | കൃഷി വകുപ്പ് | 1 അഗ്രോപാർക്ക് - തൃശ്ശൂർ | ₹ 21.43 |
| 12 | ആയുഷ് വകുപ്പ് | 1 ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മട്ടന്നൂർ, കണ്ണൂർ | ₹ 183.06 |
| | | ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഘട്ടം 2 ലേക്കായുള്ള സ്ഥലമേറ്റെടുപ്പ് | |
| 13 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലൻഡ് നാവിഗേഷൻ | വെസ്റ്റ് കോസ്റ്റ് കനാൽ ഗതാഗതയോഗ്യമാക്കി വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്ഥലമേറ്റെടുപ്പിനും പുനരധിവസിപ്പിക്കുന്നതിനുമായി 5 പദ്ധതികൾ | ₹ 1,163.03 |
| | | എളംകുളം സിവറേജ് | ₹ 341.97 |
| | | ചിലവന്നൂർ ബണ്ട് റോഡ് പാലം | ₹ 32.17 |
| | | കൊച്ചി - സംയോജിത ജലഗതാഗത പദ്ധതിയുടെ 3 ഘട്ടങ്ങൾ | ₹ 702.41 |

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക (രൂപ കോടിയിൽ ) |
|---|---|---|---|
| 14 | ദേവസ്വം | ശബരിമല മാസ്റ്റർ പ്ലാൻ 2 പദ്ധതികൾ | ₹ 138.51 |
| 15 | വനം വകുപ്പ് | 1 ഫോറെസ്റ് ഫെൻസിങ്<br>1 ആന പുനരധിവാസ കേന്ദ്രം - കോട്ടൂർ<br>2 സുവോളജിക്കൽ പാർക്ക് -പുത്തൂർ | ₹ 458.82 |
| 16 | ആഭ്യന്തര വകുപ്പ് | 6 കോർട്ട് കോംപ്ലക്സുകൾ | ₹ 225.19 |
| 17 | വിവര സാങ്കേതിക വകുപ്പ് | KFON<br>2 IT പാർക്കുകൾ | ₹ 1,412.86 |
| 18 | തൊഴിലും നൈപുണ്യവും വകുപ്പ് | 5 പദ്ധതികളിലായി 10 ITI കൾ | ₹ 85.90 |
| 19 | വൈദ്യുതി വകുപ്പ് | 18 ട്രാൻസ്ഗ്രിഡ് പദ്ധതികൾ | ₹ 5,200.00 |
| 20 | രജിസ്ട്രേഷൻ വകുപ്പ് | 6 പദ്ധതികളിലായി 51 സബ്‌രജിസ്ട്രാർ ഓഫീസുകളും 1 രെജിസ്ട്രേഷൻ ഓഫീസ് സമുച്ചയവും | ₹ 88.65 |
| 21 | റവന്യൂ വകുപ്പ് | 2 റവന്യൂ ടവറുകൾ | ₹ 32.62 |
| 22 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | 7 പദ്ധതികളിലായി 25 ITI കൾ<br>1 സൈബർ പാർക്ക്<br>2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ | ₹ 182.23 |
| 23 | ഗതാഗത വകുപ്പ് | 1 മൊബിലിറ്റി ഹബ്ബ് - ആലപ്പുഴ<br>1- 310 CNG Bus, 50 Electric Bus എന്നിവ വാങ്ങുന്നതും 400 Diesel ബസുകൾ LNG ബസുകളാക്കി മാറ്റുന്നതും<br>1 ആലപ്പുഴ കനാൽ ജലഗതാകത നവീകരണം | ₹ 600.98 |

| ക്രമ നമ്പർ | വകുപ്പ് | മേഖല തിരിച്ചുള്ള അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അംഗീകരിച്ച പദ്ധതികളുടെ ആകെ തുക |
|---|---|---|---|
| | | | (രൂപ കോടിയിൽ) |
| 24 | പിന്നാക്ക വിഭാഗ വികസന വകുപ്പ് | ക്രാഫ്റ്റ് വില്ലേജ് | ₹ 17.73 |
| 25 | വ്യവസായ വകുപ്പ് | ഓംഗോളജി പാർക്ക് | ₹ 62.16 |
| 26 | അനിമൽ ഹസ്ബൻഡറി | ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകളുടെ നിർമ്മാണം | ₹ 10.24 |
| | | **ആകെ (986 പദ്ധതികൾ)** | **₹ 60,998.61** |
| | | | |
| | | **20,000 കോടിയുടെ സ്ഥലമേറ്റെടുപ്പ് പാക്കേജിൽ ഉൾപ്പെടുന്ന പദ്ധതികൾ** | |
| 1 | വ്യവസായ വകുപ്പ് | 3 വ്യവസായ പാർക്കുകൾക്കുള്ള സ്ഥലമെടുപ്പ് | ₹ 13,988.63 |
| | | ഗിഫ്റ്റ് സിറ്റി | ₹ 1,919.00 |
| | | കൊച്ചി ബാംഗ്ലൂർ വ്യവസായി ഇടനാഴി | |
| | | M/S HNL നുള്ള സ്ഥലമേറ്റെടുപ്പ് | ₹ 200.60 |
| 2 | പൊതുമരാമത്ത് വകുപ്പ് | NHAI ക്കുള്ള സ്ഥലമേറ്റെടുപ്പ് | ₹ 6,769.01 |
| | | **ആകെ (7 പദ്ധതികൾ)** | **₹ 22,877.24** |
| | | **Grand Total** | **₹ 80,998.61** |



**അകൗണ്ട്സ് ഓഫീസർ**

അനുബന്ധം-4

## STATUS OF CONSTRUCTION OF ISOLATION WARDS AS ON 06.06.2023

| Status Of Isolation Wards | | | | | | | | |
|---|---|---|---|---|---|---|---|---|
| **SL No** | **Work Description** | **LOA-1** | **LOA-2** | **LOA-3** | **LOA-4** | **LOA-5** | **LOA-6** | **TOTAL** |
| **1.** | **LOA** | **35** | **12** | **15** | **11** | **13** | **2** | **88** |
| 2. | Inaugurated Sites | 10 | 0 | 0 | 0 | 0 | 0 | 10 |
| 3. | Work completed Sites | 12 | 0 | 3 | 0 | 0 | 0 | 15 |
| 4. | Work in Progress (Above 60%) | 5 | 4 | 4 | 1 | 4 | 0 | 18 |
| 5. | Work in Progress (Below 60%) | 7 | 8 | 7 | 9 | 7 | 0 | 38 |
| 6. | Hindrances Sites | 1 | 0 | 1 | 1 | 2 | 2 | 7 |

**Sites inaugurated on First Stage (Inaugurated on 17th Dec 2022)**

1. CHC Poovar– TVM–LOA 01
2. CHC Nedungolam– Kollam – LOA 01
3. CHC Nedumpana– Kollam – LOA 01
4. TH Thekkumbhagam– Kollam – LOA 01
5. DH Wadakancherry- Thrissur – LOA 01
6. CHC Pazhani– Thrissur – LOA 01
7. CHC Pazhyanoor– Thrissur – LOA 01
8. CHC Valavannur– Malappuram – LOA 01
9. Govt Dermatology hospital – Kozhikode – LOA 01
10. Mental hospital – Kozhikode – LOA 01

**Sites ready for Second Stage of inaugurations:**

1. Thrissur Mental Hospital – Thrissur – LOA 01
2. THQH Chalakkudy– Thrissur -LOA 01
3. CHC Tanur– Malappuram – LOA 03

4. CHC Thavanur– Malappuram – LOA 03
5. CHC Omannur – Malappuram – LOA 01
6. CHC Soorandu North – Kollam – LOA 01
7. CHC Arunootimangalam – Kottayam – LOA 01
8. CHC Kunnumel- Kozhikode – LOA 01
9. CHC Karuvarakundu– Malappuram – LOA 01
10. CHC Koothattukulam– Ernakulam – LOA 01
11. CHC Periya–Kazarkode – LOA 01
12. CHC Kozhinjapara– Palakkad – LOA 03
13. CHC Iranimuttom– Trivandrum – LOA 01
14. FHC Kalavoor – Alappuzha – LOA 01
15. CHC Kesavapuram- Trivandrum – LOA 01
    *(Hospital to be shifted for outer ring road development)*

**<u>Sites nearing to Completion (60% and above work completed) :</u>**

1. Udumbanchola ;CHC Vandanmedu ; LOA 01
2. Tirurangadi CHC Neduva : LOA 01
3. Ponnani W& C Ponnani : LOA 01
4. Kalliasseri TH Pazhayangadi : LOA 01
5. Taliparamba CHC Oduvallithattu : LOA 01
6. Nenmara CHC Nenmara : LOA 02
7. Vadakara CHC Orkkattery : LOA 02
8. Koduvally CHC Narikkuni : LOA 02
9. SulthanBathery CHC Pulpally : LOA 02
10. Chadayamangalam, CHC Velinaloor : LOA 03
11. Kodungallur, CHCPuthenchira : LOA 03
12. MananthavadyCHC Nelloornad : LOA 03
13. Kalpetta CHC Meppady : LOA 03
14. Guruvayoor CHC Kadappuram :LOA 04
15. Perumbavoor CHC Vengola : LOA 05
16. Kaipamangalam CHC Perinjanam **:**LOA 05
17. Shornur CHC Cherpulassery **:**LOA 05
18. Koyilandy CHC Melady **:**LOA 05

**<u>Details of balance sites where work progressing</u>**

| Sl No. | Constituency | Hospital | LOA | Percentage completed |
|---|---|---|---|---|
| 1 | Ambalappuzha | UHTC Ambalapuzha | ***LOA -01*** | 47.50% |
| 2 | Kuttanad | CHC Velliyanad | | 40.00% |
| 3 | Haripad | Pallana Fisheries Hospital 24 x 7 | | 47.50% |
| 4 | Changanassery | FHC Sachivothampuram 24 x 7 | | 52.50% |
| 5 | Kochi | THQH Fort Kochi | | 47.50% |
| 6 | Ernakulam | GH Ernakulam | | 35.00% |
| 7 | Kanhangad | TH Poodamkallu (Panathady) | ***LOA -01*** | 52.50% |
| 8 | Karunagapally | CHC Ochira | LOA - 02 | 50.00% |
| 9 | Aroor | CHC Arookkuti | | 42.50% |
| 10 | Cherthala | FHC Vayalar | | 35.00% |
| 11 | Mavelikkara | FHC Vallikunam | | 40.00% |
| 12 | Devikulam | CHC Chithrapuram | | 47.50% |
| 13 | Pala | CHC Edamaraku | | 47.50% |
| 14 | Manalur | CHC Mullassery | | 57.50% |
| 15 | Vallikkunnu | CHC Peruvallur | | 50.00% |
| 16 | Punalur | CHC Anchal | LOA - 03 | 47.50% |
| 17 | Vaikom | CHC Eadayazham | | 45.00% |
| 18 | Kottayam | GH Kanjirappaly | | 50.00% |
| 19 | Aluva | DH Aluva | | 50.00% |
| 20 | Nilambur | CHC Chungathara | LOA - 03 | 47.50% |
| 21 | Manjeshwaram | CHC Mangalpady | | 57.50% |

| | | | | |
|---|---|---|---|---|
| 22 | Thrikaripur | TH Neeleswaram | | 42.50% |
| 23 | Vamanapuram | CHC Palode | LOA – 04 | 55.00% |
| 24 | Neyyattinkara | CHC Venpakal | | 42.50% |
| 25 | Thodupuzha | CHC Elamdesam | | 32.50% |
| 26 | Poonjar | CHC Erattupeta | | 55.00% |
| 27 | Vypin | TH Njarakkel | | 32.50% |
| 28 | Kunnathunad | CHC Vadavukode | | 40.00% |
| 29 | Irinjalakuda | CHC Ananthapuram | | 42.50% |
| 30 | Ernad | CHC Edavanna | | 45.00% |
| 31 | Mankada | CHC Mankada | | 52.50% |
| 32 | Thiruvananthapuram | GH Trivandrum | LOA - 05 | 45.00% |
| 33 | Parassala | CHC Vellarada | | 55.00% |
| 34 | Kothamangalam | CHC Varapetty | | 37.50% |
| 35 | Nattika | CHC Triprayar | | 50.00% |
| 36 | Puthukkad | TH Puthukad | | 45.00% |
| 37 | Balussery | CHC Koorachund | | 50.00% |
| 38 | Thiruvambady | CHC Mukkam | | 52.50% |

**Details of Idle Sites due to Hindrance**

| Sl No. | Constituency | Hospital | LOA | Hindrance |
|---|---|---|---|---|
| **1** | Peerumade | CHC Vandiperiyar | LOA - 01 | Existing hospital to be shifted due to flooding. |
| **2** | Kasaragod | GH Kasargod | LOA -03 | Demolition of building required |
| **3** | Kazhakkoottam | CDH Pulayanarkottah | LOA - 04 | High court stay at proposed location |
| **4** | Ettumanoor | FHC Kumarakom | LOA - 05 | Demolition required for existing functioning lab |
| **5** | Thiruvalla | TH Thiruvalla | LOA - 06 | Tree cutting to be done through agency |

| | | | | |
|---|---|---|---|---|
| **6** | Kunnamangalam | CHC Olavanna | LOA -06 | Building Demolition to be done through agency |
| **7** | Paravur | THQH North Paravur | LOA - 05 | MO has issued stop order until quality of material is tested |

**FINANCAL PROGRESS**

| STAGE | DETAILS | LO A1 | LO A 2 | LO A3 | LO A4 | LO A5 | LO A6 | TOTAL | AMOUNT | TOTAL AMOUNT |
|---|---|---|---|---|---|---|---|---|---|---|
| 1 | 35 % Mobilization advance | 35 | 12 | 15 | 11 | 13 | 1 | 87 | ₹46,07,836.80 | ₹ 40,08,81,801.60 |
| 2 | 15 %- Completion of Plinth beam | 33 | 12 | 14 | 10 | 12 | 0 | 81 | ₹ 19,74,787.20 | ₹ 15,99,57,763.20 |
| 3 | 15 %- Completion of Structure fabrication | 33 | 12 | 14 | 9 | 12 | 0 | 80 | ₹ 19,74,787.20 | ₹ 15,79,82,976.00 |
| 4 | 15 %- Completion of Super structure & finishing work | 22 | 0 | 3 | 0 | 0 | 0 | 25 | ₹ 19,74,787.20 | ₹ 4,93,69,680.00 |
| 5 | 15 %- Completion of work (1st Part payment7.50% ) | 19 | 0 | 3 | 0 | 0 | 0 | 22 | ₹ 9,87,393.60 | ₹ 2,17,22,659.20 |
| 6 | 15 %- Completion of work (2nd Part payment7.50% ) | 0 | 0 | 0 | 0 | 0 | 0 | 0 | ₹ 9,87,393.60 | 0 |
| | | | | | | | | | | **₹ 78,99,14,880.00** |

M/s KMSCL has released payments at various stages for a total of Rs 78,99,14,880/- (Seventy-Eight Crore Ninety Nine Lakhs Fourteen Thousand Eight Hundred and Eighty Only) since the beginning of the project, accounting for 68.18% of the total project cost for building construction.

**Accounts Officer**

**അനുബന്ധം-5**

## 50 കോടി രൂപയ്ക്ക് മുകളിലുള്ള വൻകിട കിഫ്ബി പദ്ധതികൾ

| Sl. No. | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|---|
| 1 | Ayush | AYS001-02 | Land Acquisition of private land for IRIA Phase II | ₹ 114.00 | KITCO | Mattannur | Kannur | LA in progress |
| 2 | COASTAL SHIPPING & INLAND NAVIGATION | CIN001-11 | ELAMKULAM SEWERAGE PROJECT | ₹ 341.97 | KMRL | Ernakulam | Ernakulam | KIIFB Approved |
| 3 | COASTAL SHIPPING & INLAND NAVIGATION | CIN002-03 | Rehabilitation& Resettlement parcel for WCC Project (Provisional) | ₹ 159.00 | KWIL | Varkala, Attingal, Chirayinkeezhu, Kazhakoottam, Thiruvananthapuram, Nemom, Kovalam | Thiruvananthapuram | KIIFB Approved |
| 4 | COASTAL SHIPPING & INLAND NAVIGATION | CIN002-02 | Development of Mahe - Valapattanam stretch of West Coast Canal - Land Acquisition and Rehabilitation | ₹ 650.50 | KWIL | Kannur, Dharmadom, Thalassery, Kuthuparamba | Kannur | KIIFB Approved |
| 5 | COASTAL SHIPPING & INLAND NAVIGATION | CIN002-05 | Land Acquisition for developing Parvathy Puthanar (Akkulam - Kollam stretch) | ₹ 87.18 | KWIL | Kazhakkoottam, Nemom, Thiruvananthapuram, Kovalam | Thiruvananthapuram | KIIFB Approved |
| 6 | COASTAL SHIPPING & INLAND NAVIGATION | CIN002-06 | Land Acquisition for the development of Neeleswaram - Bekal stretch of West Coast Canal | ₹ 178.15 | KWIL | Kanhangad | Kasaragod | KIIFB Approved |
| 7 | COASTAL SHIPPING & INLAND NAVIGATION | CIN002-04 | Rehabilitation& Resettlement parcel for WCC Project (Provisional)-Flat type construction at Kovalam - Akkulam stretch | ₹ 88.20 | KSCADC | Varkala, Attingal, Chirayinkeezhu, Kazhakoottam, Thiruvananthapuram, Nemom, Kovalam | Thiruvananthapuram | KIIFB Approved |
| 8 | Health & Family Welfare | HFW001-20 | Development of Taluk Hospital, Kunnamkulam | ₹ 76.51 | INKEL | Kunnamkulam | Thrissur | KIIFB Approved |
| 9 | Health & Family Welfare | HFW001-11 | Development of Taluk Hospital, Perambra | ₹ 56.06 | INKEL | Perambra | Kozhikode | KIIFB Approved |
| 10 | Health & Family Welfare | HFW006-01 | Construction of 10 bedded isolation wards in 140 LAC | ₹ 236.30 | KMSCL | Statewide | Statewide | Work in progress |
| 11 | Health & Family Welfare | HFW005-03 | Development of Medical College, Thrissur - Mother & Child Block | ₹ 279.19 | INKEL | Wadakkanchery | Thrissur | KIIFB Approved |
| 12 | Health & Family Welfare | HFW005-06 | Modernisation of Government Medical College, Kottayam - Phase II - Construction of Super Speciality Block | ₹ 268.60 | HITES | Ettumanoor | Kottayam | Work Tendered |
| 13 | Health & Family Welfare | HFW001-12 | Development of Taluk Hospital, Pathanapuram | ₹ 91.88 | INKEL | Pathanapuram | Kollam | KIIFB Approved |
| 14 | Higher Education | HED012-01 | Construction of Education Hub at Pinarayi Kannur District | ₹ 232.05 | KSITIL | Dharmadam | Kannur | KIIFB Approved |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | Higher Education | HED011-01 | Project Report on Acquisition of Remaining 50 acres of Land at Vilappilsala for the Development of Campus for APJ Abdul Kalam Technological University | ₹ 203.92 | APJKTU | Kattakkada | Thiruvananthapuram | KIIFB Approved |
| 16 | PWD | PWD013-09 | Cheranganal to Neriamangalam in Ernakulam District - Phase I. | ₹ 65.57 | KRFB | Kothamangalam | Ernakulam | KIIFB Approved |
| 17 | PWD | PWD013-21 | HILL HIGHWAY CHETTINADA-PANAMKUZHY JUNCTION PAYYAL-CHERANGANALIN ERANAKULAM DISTRICT | ₹ 76.26 | KRFB | Chalakudy | Ernakulam | KIIFB Approved |
| 18 | PWD | PWD002-10 | Peroorkada Flyover - Civil Works only | ₹ 50.67 | RBDCK | Vattiyoorkavu | Thiruvananthapuram | KIIFB Approved |
| 19 | PWD | PWD015-59 | KIIFB 2017-18 DPR for Improvement works Perumbavoor Aluva road in Ernakulam District - LA | ₹ 262.75 | KRFB | Aluva, Kunnathunadu | Ernakulam | KIIFB Approved |
| 20 | PWD | PWD015-73 | KIIFB 2017-18-Improvements to Aluva- Munnar road 0/000 to 35/226 and byepass road 0/000-3/065 - LA only | ₹ 653.06 | KRFB | Aluva, Kothamangalam | Ernakulam | KIIFB Approved |
| 21 | PWD | PWD015-89 | KIIFB 2017-18 Improvements and providing BM & BC to Manakkadavu-Moorikkadavu-Kappimala-Alakkode road Km 0/000 to 14/387 in Kannur District | ₹ 50.32 | KRFB | Irikkur | Kannur | KIIFB Approved |
| 22 | PWD | PWD015-85 | KIIFB 2017-18 Improvements and Providing BM & BC to ETC Poomangalam-Mazhoor-Panniyoor-Kalikkadavu-Ladappengad-Madekkad road 0/000 to 13/945(First Stretch) and Karinkayam Nellipara Km 0/000 to 2/700 in Kannur District | ₹ 63.34 | KRFB | Taliparamba | Kannur | KIIFB Approved |
| 23 | PWD | PWD011-25 | Construction of Pro 2L ROB in lieu of LC 549 at Railway KM 162/00-100 at Kootikkada in Kollam | ₹ 52.24 | RBDCK | Kollam | Kollam | KIIFB Approved |
| 24 | PWD | PWD011-26 | Construction of ROB in lieu of LC 574 at Railway KM 203/900-204-000 (Vettu road) near Vettu road market in Thiruvananthapuram | ₹ 53.91 | RBDCK | Nedumangad | Thiruvananthapuram | KIIFB Approved |
| 25 | PWD | PWD006-33 | Improvements to Nila Hospital Shornur IPT Road in Palakkad District | ₹ 79.01 | KRFB | Pattambi, Shoranur | Palakkad | KIIFB Approved |
| 26 | PWD | PWD004-29 | KIIFB 2016-17 Kannur Airport connectivity package roads-Thalassery Koduvally Mambaram Anjarakandy Mattannur road - LA | ₹ 423.72 | KRFB | Dharmadom, Thalassery, Mattannur | Kannur | KIIFB Approved |
| 27 | PWD | PWD015-112 | IMPROVEMENTS TO CHERUKOLPUZHA - MANIYAR ROAD IN PATHANAMTHITTA DISTRICT (Stretch 1 - Cherukolpuzha - Ranni Road) | ₹ 54.61 | KRFB | Ranni | Pathanamthitta | KIIFB Approved |
| 28 | PWD | PWD015-110 | Improvements and Developments to Muvattupuzha - Koothattukulam Road Km 0/000 to 15/600 in Ernakulam District - LA only | ₹ 450.33 | KRFB | Piravom, Muvattupuzha | Ernakulam | LA in progress |
| 29 | PWD | PWD020-01 | Peringathur - Mekkunnu – Panoor - Kuthupramba - Mattannur Road - LA | ₹ 591.03 | KRFB | Mattannur | Kannur | KIIFB Approved |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 30 | PWD | PWD015-113 | Improvements to Kanjirappally - Manimala - Kulathoormoozhi - Karshaka Sauhruda Link Road in Kottayam District | ₹ 79.11 | KRFB | Kanjirappally | Kottayam | Work Tendered |
| 31 | PWD | PWD019-01 | Anakkampoil Kalladi Meppadi Tunnel road | ₹ 2,134.50 | KRCL | Kalpetta Thiruvampady | Wayanad, Kozhikkode | KIIFB Approved |
| 32 | PWD | PWD013-29 | Improvements to Thottilpalam Thalayad road in Kozhikode district | ₹ 50.32 | KRFB | Balussery | Kozhikode | KIIFB Approved |
| 33 | PWD | PWD015-118 | Improvements of Thammanam-Pullepady Road in Ernakulam District- LA only | ₹ 93.90 | KRFB | Ernakulam | Ernakulam | KIIFB Approved |
| 34 | PWD | PWD004-125 | Widening and Providing BM & BC to Nilambur - Moolepadam - Nayadampoyil - Valanthod Road km 11/000 to 26/000 of Ernad LAC | ₹ 80.03 | KRFB | Eranad | Malappuram | KIIFB Approved |
| 35 | PWD | PWD016-52 | Construction of East Fort- Manacaud (Attakulangara) Flyover | ₹ 95.28 | RBDCK | Thiruvananthapuram | Thiruvananthapuram | KIIFB Approved |
| 36 | PWD | PWD013-34 | IMPROVEMENTS TO THOTTILPALAM THALAYAD ROAD- PERUVANNAMUZHI TO 28TH MILE JUNCTION ( CH 41/500 to CH 57/150) PHASE II IN KOZHIKODE DISTRICT | ₹ 71.94 | KRFB | Perambra | kozhikode | KIIFB Approved |
| 37 | PWD | PWD015-119 | Maintenance of Roads | ₹ 100.00 | KRFB | Statewide | Statewide | KIIFB Approved |
| 38 | PWD | PWD013-31 | Hill Highway - Improvements to Vilanganoor - Vellikulangara road, Thrissur District | ₹ 136.50 | KRFB | Puthukkad | Thrissur | KIIFB Approved |
| 39 | PWD | PWD014-20 | Coastal Highway Reach 2 - Kumarichantha to Pallithura in Thiruvananthapuram district (18.12km) | ₹ 255.10 | KRFB | Kovalam | Thiruvananthapuram | LA in progress |
| 40 | PWD | PWD014-25 | Coastal Highway Reach 1 - Pozhiyoor to Kovalam in Thiruvananthapuram district (18.08 km)- LA | ₹ 55.08 | KRFB | Neyyattinkara | Thiruvananthapuram | LA in progress |
| 41 | PWD | PWD014-27 | Coastal Highway Reach 4 - Onnampalam to Kappil in Thiruvananthapuram district (15.48 km) | ₹ 72.88 | KRFB | Chirayinkeezhu | Thiruvananthapuram | LA in progress |
| 42 | PWD | PWD014-28 | Coastal Highway Reach 1 - Kappil to Thangassery in Kollam district (17.5km)- LA | ₹ 179.57 | KRFB | Kollam, Eravipuram, Chathannoor | Kollam | LA in progress |
| 43 | PWD | PWD014-30 | Coastal Highway Reach 3 - Edappallikotta to Azheekkal in Kollam district ( 26.12 km) - LA | ₹ 122.70 | KRFB | Karunagappally | Kollam | LA in progress |
| 44 | PWD | PWD014-32 | Coastal Highway Reach 2 - SH Bypass Crossing to South Chellanam in Alappuzha district ( 33 km)-LA | ₹ 91.02 | KRFB | Aroor, Cherthala, Alappuzha, Ambalappuzha | Alappuzha | LA in progress |
| 45 | PWD | PWD014-31 | Coastal Highway Reach 1 - Valiyazheekkal to Thottapally in Alappuzha district ( 22.10 km) | ₹ 142.57 | KRFB | Haripad | Alappuzha | LA in progress |
| 46 | PWD | PWD022-01 | Coastal Highway - Rehabilitation and Resettlement | ₹ 194.14 | KSCADC | Statewide | Statewide | KIIFB Approved |
| 47 | PWD | PWD015-120 | Improvements to Manacaud - Attukal Temple Road (2.3km) in Thiruvananthapuram District - LA | ₹ 52.99 | KRFB | Nemom | Thiruvananthapuram | KIIFB Approved |
| 48 | PWD | PWD014-33 | Coastal Highway Reach 1 - South Chellanam to Fort Kochi in Ernakulam district (19 km) | ₹ 184.60 | KRFB | Kochi | Ernakulam | LA in progress |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 49 | PWD | PWD014-34 | Land Acquisition of Coastal Highway Reach 2 - Puthuvype to Munambam in Ernakulam district (17 km) | ₹ 238.67 | KRFB | Vypeen | Ernakulam | LA in progress |
| 50 | PWD | PWD014-35 | Land Acquisition of Coastal Highway Reach 1 - Azhikode Bridge to Valappad in Thrissur district (32 km) | ₹ 182.82 | KRFB | Kaipamangalam<br>Nattika | Thrissur | LA in progress |
| 51 | PWD | PWD014-36 | Land Acquisition of Coastal Highway Reach 2 - Valappad to Kappirikkad in Thrissur district (38 km) | ₹ 136.29 | KRFB | Manaloor<br>Guruvayoor | Thrissur | LA in progress |
| 52 | PWD | PWD014-40 | Land Acquisition of Coastal Highway Reach 1 - Mahe Bridge to Payyambalam in Kannur district (31.21km) | ₹ 133.83 | KRFB | Thalassery<br>Dharmadom<br>Kannur | Kannur | LA in progress |
| 53 | PWD | PWD013-45 | Hill Highway: KIIFB-Upgradation of Kollenkode - Vadakkancherry road in Palakkad District -Nenmara Bypass end to Thankom Junction- Stretch 3B ch 113/150 to 128/375(ch 0/000 to 15/210) | ₹ 75.83 | KRFB | Alathur | Palakkad | KIIFB Approved |
| 54 | PWD | PWD013-48 | HILL HIGHWAY- KANJIRAMPARA MASJID-KUMARAMPUTHUR in PALAKKAD DISTRICT | ₹ 91.41 | KRFB | Mannarkkad | Palakkad | KIIFB Approved |
| 55 | PWD | PWD013-49 | HILL HIGHWAY- GOPALAPURAM TO NEDUMANI REACH I - Gopalapuram to Kannimari Medu CH0/000 TO CH14/860 in Palakkad district | ₹ 73.21 | KRFB | Chittur | Palakkad | KIIFB Approved |
| 56 | PWD | PWD013-50 | HILL HIGHWAY- GOPALAPURAM TO NEDUMANI REACH 2 - Kannimari Medu to Nedumani CH: 14/860 TO CH: 30/590 (15.730 KM) in Palakkad district | ₹ 82.56 | KRFB | Chittur/Nenmara | Palakkad | KIIFB Approved |
| 57 | PWD | PWD013-52 | Development of Hill Highway Stretch I & II – Vettilappara – Nellichode -Cutting Junction – Vellappara – Edalakkad – Chulli – Manjapra - Eucaly Junction (Ch. 0/000 to 23/291 km) in Ernakulam District | ₹ 105.02 | KRFB | Angamaly | Ernakulam | KIIFB Approved |
| 58 | PWD | PWD020-02 | Kannur International Airport connectivity packages roads Road-3- Mananthavady - Boys Town - Peravoor - Sivapuram - Mattannur road- (Reach 3- Ambayathode to Mattannur road) - LA | ₹ 964.72 | KRFB | Mattannur,Peravoor | Kannur | KIIFB Approved |
| 59 | PWD | PWD004-33 | Kodinada - Vazhimukku Road (1.5km) including Balaramapuram Underpass — Karamana - Kaliyikkavila Road (Phase I—Reach III) - LA | ₹ 113.90 | KRFB | Kovalam<br>Neyyatinkara | Thiruvananthapuram | KIIFB Approved |
| 60 | PWD | PWD014-47 | Coastal Highway - BC Road to Kothi Beach - Kozhikode District - LA | ₹ 86.25 | KRFB | Beypore | Kozhikode | KIIFB Approved |
| 61 | PWD | PWD025-01 | Construction of Bypass - Kottarakkara - (LA) | ₹ 110.36 | KRFB | Kottarakkara | Kollam | KIIFB Approved |
| 62 | Tourism | TSM008-01 | Development of Kovalam and Adjacent Beaches – Phase I | ₹ 89.09 | WAPCOS | Kovalam | Thiruvananthapuram | KIIFB Approved |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 63 | Water Resources | WRD022-03 | Construction of Regulator cum Bridge at Kankankkadavu across Bharathapuzha in Kuttipuram Panchayath, Malappuram District | ₹ 125.61 | Kerala Irrigation Infrastructure Development Corporation Ltd (KIIDC) | Kottakkal | Malappuram | Work in progress |
| 64 | Water Resources | WRD008-01 | Reformation of damaged sunken sea wall and Construction of groyne field project at Chellanam 55149nos of 2T tetrapods cast.<br>43313nos of 3.5T tetrapods cast. 297nos of 5T tetrapods cast<br>2T Tetrapod mould : 190nos<br>3.5T Tetrapod mould : 164nos 5T Tetrapod mould : 18nos<br>Total Boulders Supplied till 25.11.2022<br>Core layer (10-50kg) = 136920.345T<br>Toe (200 to 400kg) = 81942.359T<br>Underlayer (150-200kg) =101422.9362T<br>Toe ( 250-350kg) = 179016.433T<br>Toe (350-700kg) = 88446.563T<br>Primary layer(500-800kg)= 25423.48T | ₹ 344.20 | Kerala Irrigation Infrastructure Development Corporation Ltd (KIIDC) | Kochi | Ernakulam | Work Completed |
| 65 | Water Resources | WRD008-02 | Construction of Groyne Fields in the severely eroded Coastal belt of Alappuzha District at Ottamassery, Kattoor-Pollethai, Kakkazham (Ambalappuzha) and Nellanickal (vattachal) | ₹ 78.34 | Kerala Irrigation Infrastructure Development Corporation Ltd (KIIDC) | Cherthala, Alappuzha, Ambalappuzha, Haripad | Alappuzha | Work in progress |
| 66 | Water Resources | WRD009-02 | Laying distribution of Water Supply Schemes under KIIFB funding - WSS to Mattanur and Iritty Municipalities Phase II | ₹ 269.70 | Kerala Water Authority (KWA) | Mattanoor, peravoor | Kannur | KIIFB Approved |
| 67 | Water Resources | WRD009-01 | Laying distribution lines of Water Supply Schemes under KIIFB funding- WSS to Tanur phase II | ₹ 78.44 | Kerala Water Authority (KWA) | Tanur | Malappuram | KIIFB Approved |
| 68 | Water Resources | WRD009-03 | Laying distribution lines of Water Supply Schemes under KIIFB funding- WSS to Koyilandy Municipality Phase II | ₹ 119.18 | Kerala Water Authority (KWA) | Koyilandy | Kozhikode | KIIFB Approved |

അക്കൗണ്ട്സ് ഓഫീസർ

# അനുബന്ധം

## കേരള ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്)

സാങ്കേതിക ശാസ്ത്ര രംഗത്ത് ദീർഘവീക്ഷണത്തോടെ കേരള സർക്കാർ രൂപീകരിച്ച ആശയനിധിയും, ഉപദേശകസമിതിയുമാണ് കേരള ഡവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) കേരളത്തിൽ നൂതനാശയങ്ങൾ പരിപോഷിപ്പിക്കുവാനായി സാങ്കേതിക ശാസ്ത്രം, ഉല്പന്നത്തിലും നടത്തിപ്പിലുമുള്ള നവീനമായ പ്രയോഗരീതികൾ, സാങ്കേതിക ശാസ്ത്രത്തിന്റെ സാമൂഹിക രൂപീകരണം, ആരോഗ്യകരവും ഉചിതവുമായ ജൈവവ്യവസ്ഥയുടെ സൃഷ്ടി എന്നീ മേഖലകളിൽ പുതിയ ദിശാബോധം പുലർത്തുന്ന തന്ത്രപരമായ ആസൂത്രണം സാധ്യമാക്കുകയാണ് കെ-ഡിസ്കിന്റെ ലക്ഷ്യം.

വിവിധ മേഖലകളിലെ രണ്ടാം തലമുറ പ്രശ്നങ്ങളെ നേരിടുന്നതിൽ കേരളത്തിന്റെ വെല്ലുവിളികളായ സമഗ്ര ആരോഗ്യപരിരക്ഷ, തൊഴിലധിഷ്ഠിത നൈപുണ്യം, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉന്നത നിലവാരമുള്ള സാമൂഹ്യസുരക്ഷ, ദരിദ്രാനുകൂലമായ ഭക്ഷ്യ-പോഷകാഹാര സുരക്ഷയുടെ തുടർച്ച, ലിംഗനീതി, പാർശ്വവൽകൃതരെ ഉൾക്കൊള്ളൽ തുടങ്ങിയ എല്ലാ പരിമിതികളിലും നിന്നുള്ള പരിഹാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ നാടിന്റെ സവിശേഷതയായ ലോലമായ പരിസ്ഥിതിയെ നശിപ്പിക്കാതെയും ജൈവവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാതെയും അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ ദശാബ്ദങ്ങളായി നിലനിൽക്കുന്ന അപര്യാപ്തത സംസ്ഥാനത്തിന് പരിഹരിക്കേണ്ടതുണ്ട്. മുൻനിര മേഖലകളായ വിവരവിപ്ലവം, വിനോദസഞ്ചാരം എന്നിവയിൽ വേഗത്തിലുള്ള പുരോഗതി കൈവരിക്കേണ്ടതുണ്ട്. അതായത്,

അഭിവൃദ്ധിയുടെയും മത്സരക്ഷമതയുടെയും ചാലകശക്തി എന്ന നിലയിലും യഥാർത്ഥ ജീവിതത്തിലെ പ്രശ്ന പരിഹാരങ്ങൾക്കുള്ള വിദഗ്ധമായ പ്രവർത്തനരീതി എന്ന തരത്തിലും മാത്രമല്ല നവീകരണത്തിന്റെ പ്രസക്തി. മറിച്ച്, അസാധാരണമായ തനത് വഴികളിൽ അത്യപൂർവ്വമായ പുതിയ മൂല്യങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനം എന്ന തരത്തിലും നവീകരണം ഉയർന്ന് വരുന്നു. ആയതിനാൽ ഊർജ്ജവാഹിയായ പുതിയ കേരളത്തിന്റെ ഇത്തരംപ്രതീക്ഷകളെയുംഅഭിലാഷങ്ങളെയുംപൂർത്തീകരിക്കുവാൻ കെ-ഡിസ്ക് യത്നിക്കുന്നു.

**കെ-ഡിസ്കിന്റെ ലക്ഷ്യങ്ങൾ**

വിവിധ മേഖലകളിലെ തന്ത്രപരമായ ദിശാനിർണ്ണയം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സർക്കാരിനു നൽകുന്ന, ദീർഘവീക്ഷണം പുലർത്തുന്ന ഒരു ആശയനിധിയാണ് കെ-ഡിസ്ക്. ഇത്തരത്തിൽ അവതരിപ്പിക്കുന്ന സുപ്രധാനമായ സ്ട്രാറ്റജിക്പ്രബന്ധങ്ങൾ സാങ്കേതികശാസ്ത്രത്തിന്റെ അനുരൂപീകരണം, നവീകരണം, പുരോഗതി ഇവ പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനത്ത് നൂതനാശയങ്ങൾ വളർത്തുവാനുള്ള ആരോഗ്യകരവും അനുകൂലവുമായ സാഹചര്യം ഒരുക്കുക എന്ന നിയോഗവും കെ-ഡിസ്കിൽ നിക്ഷിപ്തമാണ്.

**കെ-ഡിസ്കിന്റെ ഉത്തരവാദിത്വങ്ങൾ**

- സംസ്ഥാനത്ത് നൂതനാശയങ്ങൾ പ്രചരിപ്പിക്കുവാൻ സർക്കാരിന് പിന്തുണ നൽകുക.
- യുവാക്കളായ നിപുണർ, പ്രാദേശിക സർവ്വകലാശാലകൾ, കോളേജുകൾ, ഇടത്തരം-ചെറുകിട വ്യവസായങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവകളെ പ്രോത്സാഹിപ്പിക്കുക.

- നൂതനാശയ ആവിഷ്കാരങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ അവസരങ്ങൾ ചിത്രണം ചെയ്യുക.
- നൂതനാശയക്കാരായ പ്രതിഭകളെ തിരിച്ചറിയുകയും പാരിതോഷികം നൽകുകയും ചെയ്യുക. ഏറ്റെടുക്കാനാവുന്ന വിജയകരമായ നവീകരണ മാതൃകകൾ പ്രചരിപ്പിക്കുക.
- നൂതനാശയ ആവിഷ്കരണത്തിനായുള്ള ജൈവവ്യവസ്ഥകൾ രൂപപ്പെടുത്താൻ സഹായിക്കുക.
- നൂതനാശയ സഹായ നിധി കൈകാര്യം ചെയ്യുക.
- നൂതനാശയങ്ങൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും മാറ്റിവച്ചിട്ടുള്ള ധന വിനിയോഗം സംബന്ധിച്ച് വകുപ്പുകൾക്കും സർക്കാരിനും മാർഗനിർദ്ദേശം നൽകുക. മനുഷ്യ-ധനവിഭവങ്ങളുടെ അധിക സമാഹരണത്തിന് സഹായം ചെയ്യുക.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണാലയങ്ങൾ, ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് നടത്തുന്ന നൂതനാശയ ലക്ഷ്യത്തോടെയുള്ള പങ്കാളിത്ത ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുക.
- പത്ത് വർഷക്കാലയളവിലേക്കുള്ള നൂതനാശയ രൂപീകരണത്തിനായുള്ള മാർഗരൂപം തയ്യാറാക്കുക.
- സർക്കാർ, വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങൾ, ബാല്യദശാ സംരംഭങ്ങൾ എന്നിവയുടെ കീഴിയുള്ള നവീകരണ സംരംഭങ്ങൾക്കായി സുരക്ഷാ മൂലധനം സമാഹരിക്കുക.
- യോജ്യമായ നവീകരണ രീതികൾ പ്രചരിപ്പിക്കുന്നതിന് ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുക.
- നവീകരണാശയങ്ങളുടെപ്രചാരണത്തിനുംവളർച്ചയ്ക്കുമായി സെമിനാറു
കൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.

- സംസ്ഥാനത്ത് നൂതനാശയാവിഷ്കാരത്തിനുതകുന്ന ജൈവവ്യവസ്ഥയുടെ വികാസത്തിനാവശ്യമായ വിവര സാങ്കേതികവിദ്യാ പിന്തുണാ സംവിധാനങ്ങൾ, വെബ് അധിഷ്ഠിത പോർട്ടലുകൾ തുടങ്ങിയവ നിർമ്മിക്കുക.

## കെ-ഡിസ്ക് ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രധാന പദ്ധതികളും നേട്ടങ്ങളും സംബന്ധിച്ച സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു:

| ഇനം | നേട്ടം (ഫെബ്രുവരി 2023 ലെ കണക്കുപ്രകാരം) | നേട്ടം (നിലവിൽ) |
|---|---|---|
| **പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സിസ്റ്റം** | | |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം2022 - പ്രീ റെജിസ്ട്രേഷൻസ് | 48869 | 1,59,044 |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം2022 - ഐഡിയേറ്റർറെജിസ്ട്രേഷൻസ് | 29340 | 40,913 |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം2022 - വി ഓ എസ് പ്രീ ട്രെയിനിങ് കംപ്ലീഷൻ | 24385 | ബാധകമല്ല |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 - ആകെ ഗ്രൂപ്പുകൾ | 9595 | ബാധകമല്ല |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022 - സമർപ്പിക്കപ്പെട്ട ആശയങ്ങൾ | 6447 | ബാധകമല്ല |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022- ജില്ലാതല വിജയികൾ | 730 | ബാധകമല്ല |
| യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 2022- സംസ്ഥാനതല വിജയികൾ | - | - |
| മഞ്ചാടി - നടപ്പാക്കലിനുള്ള സജീവ കേന്ദ്രങ്ങൾ | 23 | 123 |
| മഴവില്ല് - പൈലറ്റ് നടപ്പാക്കലിനുള്ള സജീവ കേന്ദ്രങ്ങൾ | 5 | 14 |
| ഒരു ജില്ല ഒരു ആശയം - പദ്ധതിയുടെ ഭാഗമായുള്ള എംഎസ്എം ഇ ക്ലസ്റ്ററുകൾ | 63 | 63 |
| ഒരു ജില്ല ഒരു ആശയം - | ബാധകമല്ല | 27 |

| ഇനം | നേട്ടം (ഫെബ്രുവരി 2023 ലെ കണക്കുപ്രകാരം) | നേട്ടം (നിലവിൽ) |
|---|---|---|
| ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾ | | |
| ഒരു ജില്ല ഒരു ആശയം - പദ്ധതിയുടെ ഭാഗമായുള്ള മെന്റർ സ്ഥാപനങ്ങൾ | 61 | 61 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - എൽ.എസ്.ജി.ഐ മേധാവികൾ | 1757 | 1757 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - ജില്ലാതല ചുമതലയുള്ള ഉദ്യോഗസ്ഥർ | 495 | 495 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - റിസോഴ്സ് പേഴ്സൺസ് | 1449 | 1449 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ | 7760 | 7862 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - ബ്ലോക്ക് തല ഉദ്യോഗസ്ഥർ | 1632 | 1632 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം ട്രെയിനിങ് - ഗ്രാമ പഞ്ചായത്തുതല ചുമതലയുള്ള ഉദ്യോഗസ്ഥർ | 7662 | 7662 |
| ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം പദ്ധതികൾ | ബാധകമല്ല | 80 |
| ലോക്കൽ ഇന്നോവേഷൻ പ്രോഗ്രാം | 8 | 8 |
| ഇന്നോവേഷൻ ടെക്നോളോജിസ് | | |
| ആക്സിലറേറ്റഡ് അഡോപ്ഷൻ ഓഫ് എമേർജിങ് ടെക്നോളജി സൊല്യൂഷൻസ് ഇൻ ഗവൺമെന്റ് - ആകെ പദ്ധതികൾ | 33 | 33 |
| സിറ്റിസൺ സർവീസ് - വൺ | 7 | 7 |

| ഇനം | നേട്ടം (ഫെബ്രുവരി 2023 ലെ കണക്കുപ്രകാരം) | നേട്ടം (നിലവിൽ) |
|---|---|---|
| ഡിപ്പാർട്ട്മെന്റ് വൺ ഐഡിയ 2021 - പദ്ധതി | | |
| ഇന്നോവേഷൻ ഫോർ ഗവൺമെന്റ് (ഐ4 ജി) 2021 - പൈലറ്റ് പദ്ധതികൾ | 4 | 4 |
| സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ | | |
| അംഗപരിമിതരായ യുവാക്കൾക്ക് വേണ്ടി ഇന്നൊവേഷൻ പ്രോഗ്രാം - തുടർച്ചയായ മെൻ്ററിങ് പിന്തുണ നൽകിവരുന്നു | 40 | 40 |
| അംഗപരിമിതരായ യുവജനങ്ങളിലെ ടാലന്റ് സെർച്ച് - രണ്ടാം ഘട്ട ബാച്ചിലെ പങ്കാളിത്തം | 75 | 75 |
| മിയാവാക്കി അഫ്ഫോറസ്റ്റേഷൻ പദ്ധതി - EIAക്ക് വിധേയമാകുന്ന പ്ലോട്ടുകളുടെ എണ്ണം | 12 | 12 |
| EV LTO സെൽ എഞ്ചിനീയറിംഗ് മോഡൽതയ്യാറാക്കൽ | ബാധകമല്ല | പൂർത്തികരിച്ചു |

## കേരള നോളജ് ഇക്കോണമി മിഷൻ

കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള ഒരു സമഗ്ര പരിപാടിയായ കേരള നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം), വിവിധ മേഖലകളിലും തൊഴിൽ മേഖലകളിലും 20ലക്ഷം ആളുകൾക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിയാണ് കെകെഇഎം ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. പ്രവാസികൾക്കും/വിദേശങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർക്കും, ഇടയ്ക്ക്വെച്ച് തൊഴിൽഭംഗം ഉണ്ടായ സ്ത്രീകൾക്കും മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത്, ഈ സംരംഭത്തിന്റെ ഒരു പ്രധാന പ്രവർത്തനമാണ്. എസ്‌സി/എസ്ടി വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ശാരീരിക വൈകല്യമുള്ളവർ

എന്നിവരുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ലക്ഷ്യമിട്ട് പ്രത്യേക പരിപാടികളും കെ.കെ.ഇ.എം നടപ്പിലാക്കുന്നുണ്ട്.

**ലക്ഷ്യം**

തൊഴിലന്വേഷകർ, തൊഴിൽ ദാതാക്കൾ, അണിനിരത്തൽ പങ്കാളികൾ, നൈപുണ്യ പങ്കാളികൾ, വ്യാവസായിക പങ്കാളികൾ എന്നിങ്ങനെയുള്ളവരെയെല്ലാം ഉൾക്കൊള്ളുന്ന ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയും അവരെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിലൂടെ, ഒരു വിപണന ഇടം സൃഷ്ടിക്കാൻ കെ.കെ.ഇ.എം ലക്ഷ്യമിടുന്നു. വിജ്ഞാനമേഖലയിൽ തൊഴിലെടുക്കുന്നവർക്ക്സാമൂഹിക സുരക്ഷാ സംവിധാനവും അതിനായുള്ള അടിസ്ഥാന സൗകര്യ പിന്തുണാ സംവിധാനവും സ്ഥാപിക്കാനുംകെകെഇഎം വിഭാവനംചെയ്യുന്നുണ്ട്. താൽക്കാലികമായി ജോലി ഉപേക്ഷിച്ച് വന്നവർക്കും, വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർക്കും, വിദൂര ജോലിയിൽ ഏർപ്പെടാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും കെ.കെ.ഇ.എംന്റെ പ്രവർത്തനത്തിലുണ്ട്.

**ഇതിൽ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു:**

| ഇനം | 15 മെയ് 2023 വരെയുള്ള കണക്ക് | 24 ജൂലൈ 2023 വരെയുള്ള കണക്ക് |
|---|---|---|
| മൊത്തംതൊഴിലുടമകൾ | 4,004 | 4264 |
| ആകെഒഴിവുകൾസൃഷ്ടിച്ചത് | 5,04,486 | 5,66,640 |
| കേരളത്തിൽലഭ്യമാക്കിയതൊഴിലവസരങ്ങൾ | 1,96,016 | 2,54,958 |
| തൊഴിലന്വേഷകർക്ക്നൈപുണ്യംലഭ്യമാക്കിയത് | 5,684 | 8,005 |
| എംപാനൽചെയ്തപരിശീലകരുടെഎണ്ണം | 114 | 114 |

| | | |
|---|---|---|
| നൈപുണ്യത്തിന് കീഴിൽരജിസ്റ്റർചെയ്തതൊഴിലന്വേഷകരുടെഎണ്ണം | 7,412 | 13,305 |
| തൊഴിൽസഭകൾനടത്തിയത് | 3,586 | 3,586 |
| രജിസ്റ്റർചെയ്തതൊഴിലന്വേഷകരുടെഎണ്ണം | 13,77,588 | 14,22,236 |
| അപേക്ഷിച്ചവരുടെഎണ്ണം | 7,87,493 | 9,29,021 |
| അഭിമുഖംനടത്തിയഉദ്യോഗാർത്ഥികളുടെഎണ്ണം | 35,620 | 38,140 |
| തിരഞ്ഞെടുത്തത്/ഷോർട്ട് ലിസ്റ്റ് ചെയ്തത് | 25,320 | 27,797 |
| **തൊഴിൽനൽകിയത്** | **35,955** | **50,695** |

**അണിനിരത്തൽ പ്രക്രിയ:**

- **കണക്റ്റ് കരിയർ ടു കാമ്പസ്**: ഉദ്യോഗാർത്ഥികളെ അണിനിരത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമായും ചേർന്ന് നടത്തിയ ഈ പ്രചാരണത്തിന്റെ ഭാഗമായി, 332 ഐ.ടിഐ-കളും 29,658 ഉദ്യോഗാർത്ഥികളും, ഡി.ഡബ്ല്യൂ.എംഎസ്-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 'കണക്ട് കരിയർ ടു ക്യാമ്പസ്' എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം, 2023 ജൂലൈ 31 ന് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ചടങ്ങിൽ വെച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസം, സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു.
- **കേരള സ്കിൽസ് എക്സ്പ്രസ്**: 900-ലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ പ്രചാരണത്തിന്റെ ഭാഗമാകുകയും ആകെ,

1,49,000 വിദ്യാർത്ഥികൾ ഡി.ഡബ്ല്യു.എംഎസ്-ൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

- **മൈ ജോബ് മൈ പ്രൈഡ് 2.0**: എന്റെ ജോലി എന്റെ അഭിമാനം എന്ന പരിപാടിയുടെ രണ്ടാം ഘട്ടത്തിലേക്ക് 430 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്.
- **തൊഴിൽ സഭ:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ തുടക്കം കുറിച്ച തൊഴിൽ സഭ എന്ന പരിപാടി, എല്ലാ ജില്ലകളിലും ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തുടനീളം 3500-ലധികം തൊഴിൽ സഭകൾ നടത്തി, കൂടാതെ വിദഗ്ദ്ധരായ വ്യക്തികളുടെ പരിശീലനവും പൂർത്തിയായി.
- തൊഴിൽ വിപണിയിൽ പ്രവേശിക്കുന്നതിൽ സ്ത്രീകളുടെ ആത്മവിശ്വാസം വർധിപ്പിക്കാനും ഒപ്പം അവർക്കനുകൂലമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനും **തൊഴിലരങ്ങത്തേക്ക്** എന്ന പരിപാടി ആരംഭിച്ചു. ഇതിന്റെ ഭാഗമായി **875വിജ്ഞാനതൊഴിൽ ഘടകങ്ങൾ** രൂപീകരിച്ചു, **26,000ഉദ്യോഗാർത്ഥികൾ** ഇതിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തി. ഇതോടനുബന്ധിച്ച് 2023 ഫെബ്രുവരി മാസം**14 ജില്ലാ തൊഴിൽമേളകൾ** നടത്തി.
- തെരഞ്ഞെടുക്കപ്പെട്ട 430 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളി**ൽ** എന്റെ ജോലി എന്റെ അഭിമാനം എന്ന പരിപാടിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി **തൊഴിലരങ്ങത്തേക്ക് 2.0** എന്ന പരിപാടിയ്ക്ക് തുടക്കം കുറിക്കും.
- മത്സ്യത്തൊഴിലാളി സമൂഹത്തിന് വേണ്ടി 46തീരദേശ മണ്ഡലങ്ങളിൽ **'തൊഴിൽതീരം' പദ്ധതി** നടപ്പാക്കും.
- ട്രാൻസ്ജെൻഡർ സമൂഹത്തിന് വേണ്ടിയുള്ള **'പ്രൈഡ്' പദ്ധതി**യുടെ വോളണ്ടിയർ പരിശീലനം പൂർത്തിയായി. അവർക്ക് വേണ്ടിയുള്ള പ്രത്യേക വിജ്ഞാന തൊഴിൽ പദ്ധതിയ്ക്ക്2023 ജൂൺ 27ന് തുടക്കം കുറിച്ചു.

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികളുടെ (**'പഞ്ചമി', ഒപ്പര)** അന്തിമ രൂപീകരണത്തിനായുള്ള പ്രാരംഭ യോഗങ്ങൾ നടക്കുന്നു.
- 2022ഡിസംബർ മുതൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്കായി സമർപ്പിത പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) സ്ഥാപിച്ചു.

**സ്പഷ്ടീകരണവും മാർഗനിർദേശം നൽകലും**

- ഫലപ്രദമായ ആശയവിനിമയ വൈദഗ്ധ്യവും സുസജ്ജതയും നേടുന്നതിന്3,692 തൊഴിലന്വേഷകർ വ്യക്തിത്വ വികസന പരിശീലനത്തിനായി പേര് ചേർത്തു.
- ഡിഡബ്ല്യുഎംഎസ്-ലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അവിടെ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരെ നയിക്കാൻ തൊഴിൽഗതിയി**ൽ** പരിശീലനം നേടുന്നതിന് 37 വിഷയങ്ങ**ൾ** മുന്നോട്ട് വെച്ചു.
- ഒരു ഉദ്യോഗാർത്ഥിയുടെ ഇംഗ്ലീഷ് ഭാഷാ വൈദഗ്ദ്ധ്യവും ഇംഗ്ലീഷ് സംസാരിക്കേണ്ടുന്ന ജോലിയിലെ അനുയോജ്യതയും സാക്ഷ്യപ്പെടുത്തുന്ന ബ്രിട്ടീഷ് കൗൺസിലിന്റെ "ഇംഗ്ലീഷ് സ്കോർ" പരീക്ഷയിലെ, ഇംഗ്ലീഷ് സ്കോർ മൂല്യനിർണയത്തിൽ 14170 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.
- അസാപ് കേരളയുമായി സഹകരിച്ച് നടപ്പാക്കുന്ന 15മണിക്കൂർ "വർക്ക് റെഡിനസ് പ്രോഗ്രാമിൽ"17746തൊഴിലന്വേഷകർ പങ്കെടുത്തു. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ അഭിമുഖ കഴിവുകൾ മെച്ചപ്പെടുത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്ന വർക്ക് റെഡിനസ് പ്രോഗ്രാം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ

പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

- തൊഴിലന്വേഷകർക്ക് തങ്ങളുടെ അഭിലാഷങ്ങൾക്കും വൈദഗ്ധ്യത്തിനും അനുയോജ്യമായ തൊഴിൽ കുടുംബങ്ങളെ കുറിച്ച് മാർഗനിർദേശം നൽകുന്നതിനായി 109634 കരിയർ കൗൺസിലിംഗുകൾ നടത്തി.
- ഡിഡബ്ല്യുഎംഎസ് വഴി 8,327ഉദ്യോഗാർത്ഥികൾ റോബോട്ടിക് അഭിമുഖം നടത്തി. തൊഴിലന്വേഷകർക്ക് ഒരു തത്സമയ അഭിമുഖ അനുഭവം സൃഷ്ടിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള വീഡിയോ രൂപരേഖ ഉപയോഗിച്ചു.

## ആവശ്യകതാ നടത്തിപ്പ്

- മോൺസ്റ്റർ, ലിങ്ക്ഡ്ഇൻ, അവിൻ, ട്സീക്ക് എന്നിങ്ങനെയുള്ള വിവിധ തൊഴിൽ പ്ലാറ്റ്ഫോമുകളുടെ, ഡി.ഡബ്ല്യു.എം.എസ്-ലെ ഏകോപകരാണ്, ഐസിടി അക്കാഡമി ഓഫ് കേരള. ഐസിടി അക്കാഡമിയും സിഐഐയും ചേർന്ന് 4,164 തൊഴിലുടമകൾ, 1,81,118 ഒഴിവുകൾ, 15,945 ഉദ്യോഗാർത്ഥികൾ എന്നിവരെ ഇതിനകം കൊണ്ടുവന്നിട്ടുണ്ട്.
- 800 കമ്പനികളെ പ്രതിമാസം ബന്ധിപ്പിച്ചിരിക്കുന്നു.
- 2023 മാർച്ച് 8-ന് വനിതാ ഉദ്യോഗാർത്ഥികൾക്ക് 1199 ജോലിവാഗ്ദാന കത്തുകൾ നൽകി.
- കേരളീയരുടെ ഇടയിൽ ഗിഗ്, ഫ്രീലാൻസ് അവസരങ്ങൾ വർദ്ധിപ്പിക്കുക എന്നതു ലക്ഷ്യമിട്ട്, ഐസിടി അക്കാഡമിയുമായി ചേർന്ന് ഓപ്പൺ അസംബ്ലി, 4ആഴ്ചത്തെ പരിപാടി നടത്തുകയുണ്ടായി.

- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, വ്യവസായ പങ്കാളികൾ, കെകെഇഎം പങ്കാളികൾ എന്നിവയുമായി സഹകരിച്ച്, മേഖലാധിഷ്ഠിതവും, ആശയാധിഷ്ഠിതവുമായ  തൊഴിൽ മേളകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തി.

## നൈപുണ്യ വർദ്ധനവ് പരിപാടി

- ഇതിനകം74നൈപുണ്യ പങ്കാളികളെ കണ്ടെത്തുകയും, 50നൈപുണ്യ പങ്കാളികളെ തയ്യാറാക്കുകയും ചെയ്തു. 26 മേഖലകളിലായി 387 പാഠ്യക്രമങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. 21നൈപുണ്യ പങ്കാളികളുമായി പങ്കാളിത്ത ധാരണാപത്രം നടപ്പിലാക്കി, കൂടാതെ ജിടെക്, കാഫിട്, വിറ്റ് എന്നിങ്ങനെയുള്ള വ്യവസായിക സംഘടനകളുമായി ധാരണാപത്രം ഉണ്ടാക്കി.
- നൈപുണ്യ പരിപാടികൾ നടത്തുന്നതിന് വ്യവസായങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ നൈപുണ്യ പങ്കാളികൾ, സ്റ്റാർട്ടപ്പുകൾ, പ്രൊഫഷണൽ ഏജൻസികൾ എന്നിവയുമായി പങ്കാളിത്തത്തിന് തുടക്കം കുറിച്ചു.
- നൈപുണ്യ വിടവുകൾ കണ്ടെത്തുന്നതിനായി അസാപ് കേരളയുമായി സഹകരിച്ച് 11 മേഖലകളി**ൽ** വ്യവസായ സംഗമങ്ങൾ നടത്തി.
- 'ഒരു മണ്ഡലം ഒരു സ്ഥാപനം' എന്ന പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് 132 സ്ഥാപനങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചു.
- അവസാന വർഷ വിദ്യാർത്ഥികൾക്ക് 10,000 ജോലികൾ നൽകുകഎന്നത് ലക്ഷ്യമിട്ട് കേരള സ്കിൽസ് എക്സ്പ്രസ് പരിപാടി ആരംഭിച്ചു, കാമ്പസുകളിൽ നിന്ന് 799കരിയർ അംബാസഡർമാരെ തിരഞ്ഞെടുത്ത് ലൈഫോളജിയുമായി ചേർന്ന് പരിശീലനം നൽകി. കേരള സ്കിൽസ് എക്സ്പ്രസ് കാമ്പയിന്റെ ഭാഗമായി 27തൊഴിൽ മേളകൾ നടത്തി,  ഈ തൊഴിൽ മേളകളിൽ

469തൊഴിലുടമകൾ പങ്കെടുത്തു,19,146 ഉദ്യോഗാർത്ഥികളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി. തൊഴിലന്വേഷകരെ വ്യവസായ പ്രമുഖരുമായി സംവദിക്കാനും ഭാവി ജോലികളെക്കുറിച്ച് അവരെ ബോധവാന്മാരാക്കാനും 87നൈപുണ്യ പര്യവേക്ഷണ ശിൽപശാലകൾ നടത്തി.

- ഡിഡബ്ല്യൂഎംഎസ്-ൽ ജിടെക്കിന്റെ ലേണിംഗ് സർക്കിളിന്റെ സംയോജനം ആരംഭിച്ചു.
- നൈപുണ്യ സ്കോളർഷിപ്പ് പ്രോഗ്രാം മുന്നോട്ട് കൊണ്ടുപോകുന്നു. 11 നൈപുണ്യ പങ്കാളികളുമായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തെ അടിസ്ഥാനമാക്കി 16,125തൊഴിലന്വേഷകർക്ക് പരിശീലനം നൽകുന്നതിന് സ്കോളർഷിപ്പ് അംഗീകരിച്ചു.
- അപ്രന്റീസ്ഷിപ്പ് പരിപാടി ആസൂത്രണം ചെയ്യുന്നതിനായി 'റൈറ്റ് വാക്ക് ഫൗണ്ടേഷൻ' ആരംഭിച്ചു.
- നാല് സൂക്ഷ്മ മേഖലകളിലെ നൈപുണ്യ വിടവ് തിരിച്ചറിയൽ പ്രക്രിയ പുരോഗമിക്കുന്നു.

**നൈപുണ്യവികസന അടിസ്ഥാന സൗകര്യങ്ങൾ**

- കളമശ്ശേരി, പാണ്ടിക്കാട്, പാമ്പാടി, കഴക്കൂട്ടം എന്നീ 4 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ എആർ/വിആർ ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച്, അതിനുള്ള ജോലികൾ പുരോഗമിക്കുന്നു
- വർക്ക് നിയർ ഹോം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന

  തിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപോസലുമായി മുന്നോട്ട് പോകുന്നു.
- എആർ/വിആർ-ൽ, ഗ്ലോബൽ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് തുടക്കമിട്ടു. യുണിഡോ, കെ-ഡിസ്ക് എന്നിവയുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതിന് സി-ഡിറ്റ് താൽപ്പര്യം പ്രകടിപ്പിച്ച്, ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

- ഐടിഐ-കളുമായി ചേർന്ന് അടിസ്ഥാന സൗകര്യ വികസനത്തിനായി ചർച്ചകൾ നടന്ന് കൊണ്ടിരിക്കുന്നു.

## യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (വൈ.ഐ.പി)

അടിയന്തിരമായി ഉയർന്ന് വരുന്ന ആവശ്യങ്ങൾ, മറ്റാരും വ്യക്തമാക്കാത്ത ആവശ്യങ്ങൾ, അല്ലെങ്കിൽ സമൂഹത്തിന്റെ നിലവിലുള്ള വിപണിപരവും സാമൂഹികപരവുമായ ആവശ്യങ്ങൾ എന്നിവയ്ക്കനുസൃതമായി, പുതിയ ഉൽപ്പന്നങ്ങളോ സേവനങ്ങളോ മാതൃകകളോ സങ്കൽപ്പിച്ചെടുക്കുന്നതിനും പ്രത്യേകം രൂപകൽപ്പന ചെയ്ത വെല്ലുവിളികളിലൂടെ കൂടുതൽ ഫലപ്രദമായി ഭാവി യുവതലമുറയെ ശാക്തീകരിച്ച്, യുവ ഇന്നൊവേറ്റർമാരായി മാറ്റിത്തീർക്കാനും ലക്ഷ്യമിടുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം, കെ-ഡിസ്കിന്റെ പ്രധാന പരിപാടിയാണ്. ഇന്നൊവേഷനെ ജനാധിപത്യവൽക്കരിക്കുക" എന്നതാണ് ഈ പരിപാടിയുടെ മുദ്രാവാക്യം.

**നേട്ടങ്ങൾ**

- വിദ്യാർത്ഥി കൂട്ടായ്മ: 2018-ൽ 1320, 2019-ൽ 3950, 2020-ൽ 10112, 2021-ൽ 102512, 2022-ൽ 120000* എന്നിങ്ങനെ നൂതന പ്രശ്നപരിഹാരകരുടെ ഒരു പുതിയ തലമുറയെ പരിപോഷിപ്പിച്ച്, വൈ.ഐ.പി വിജയകരമായി വളർന്നു.
- ട്രിപ്പിൾ ഹെലിക്സ് ഇംപാക്റ്റ്: 7374-ലധികം സ്ഥാപനങ്ങളിൽ ട്രിപ്പിൾ ഹെലിക്സ് മോഡൽ നടപ്പിലാക്കൽ ആവിഷ്കരിച്ചു, അതിലൂടെ സർവകലാശാലകളിലെ പഠന-ഗവേഷണ വിഭാഗങ്ങളും

സർക്കാർ മേഖലകളും തമ്മിലെ ഫലപ്രദമായ സഹകരണങ്ങളിലൂടെ വിവിധ വകുപ്പുകളിലെ 800-ലധികം ജീവനക്കാരെ ഒരുമിച്ച് കൊണ്ടുവന്നു.

- യഥാർത്ഥ ജീവിത പ്രശ്നപരിഹാരം: പ്രായോഗിക പ്രശ്നപരിഹാര കഴിവുകൾ വളർത്തിയെടുക്കുന്നതിൽ വൈഐപി കാര്യമായ സ്വാധീനം ചെലുത്തി. സർക്കാർ വകുപ്പുകളുമായി ചേർന്ന് നടത്തിയ ശിൽപശാലകൾ 2021-22ൽ, അഞ്ച് പ്രതിപാദ്യ വിഷയത്തിൽ നിന്ന് 100 യഥാർത്ഥ ജീവിത പ്രശ്നങ്ങൾ സൃഷ്ടിച്ചു, 2022-23 ലെ 1940 യഥാർത്ഥ ജീവിത പ്രശ്ന പ്രസ്താവനകളും, സങ്കീർണ്ണമായ സാമൂഹിക വെല്ലുവിളികളെ നേരിടാനുള്ള അവരുടെ സന്നദ്ധത ഇത് പ്രകടമാക്കുന്നു. കൂടാതെ, പ്രശ്നങ്ങളെ നേരിടുന്നതിന് വിവിധ മേഖലക**ൾ** തമ്മിലുള്ള സഹകരണ സമീപനത്തിന്റെ രൂപരേഖആദ്യ കൂട്ടായ്മയ്ക്കായി നൽകിയിരുന്നു. അഞ്ച് പ്രതിപാദ്യ വിഷയങ്ങൾക്കായി 2021-22ൽ 50 ശതമാനം പരിഹാരങ്ങളും പ്രശ്ന പ്രസ്താവനകളിൽ നിന്നായിരുന്നു കണ്ടെത്തിയത്.
- പരിപാടിയുടെ ഒന്നിച്ചുകൂടൽ: വൈഐപി-യുടെ കീഴിൽ വിവിധ പ്രോഗ്രാമുകളുടെ സംയോജനം, ഇന്നൊവേഷനിൽ, വിവിധ മേഖലകൾ തമ്മിലുള്ള സഹകരണ സമീപനം ഉറപ്പാക്കിയിട്ടുണ്ട്, സംസ്ഥാന പ്രസക്തമായ 22പ്രതിപാദ്യ വിഷയ മേഖലകളിലേക്ക് വിദ്യാർത്ഥി ടീമുകൾ 2021-22ൽ 9404ആശയങ്ങൾ സമർപ്പിച്ചത്, പ്രതിപാദ്യ വിഷയങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.
- വിവിധ മേഖലയിൽ പരിശീലനം സിദ്ധിച്ച ഉപദേഷ്ടാക്കളുടെ ഒരു കൂട്ടവും, ഇന്ററർനെറ്റ് അധിഷ്ഠിതമായി മാർഗനിർദേശങ്ങ**ൾ** നൽകുന്നതിനായി ഒരു വേദിയും സ്ഥാപിച്ചു.
- വ്യവസായങ്ങൾക്ക് ഗുണമേന്മയുള്ള പ്രതിഭകളെ അണിനിരത്തുന്നതിന്, കേരളത്തിലെ ഐടി കമ്പനികളുടെ ഗ്രൂപ്പ് കണ്ടെത്തിയ പഠന പ്രശ്നങ്ങളുമായി ബന്ധം സ്ഥാപിച്ചു.

- സ്റ്റാർട്ടപ്പ് മിഷന്റെ 'ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ്' (എഫ്എഫ്എസ്) (പെട്ടെന്ന് പരാജയപ്പെടുക അല്ലെങ്കിൽ വിജയിക്കുക) എന്ന പരിപാടിയുമായി പങ്കാളിത്തംവൈ.ഐ.പി യുടെ മികച്ച തുടർ പ്രവർത്തനമാണ്.
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മൂല്യനിർണ്ണയ മാതൃകയിൽ ഒരു സഹ-മൂല്യനിർണ്ണയകപ്രക്രിയയും ആശയങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷന്റെ വികസനവും വിന്യാസവും, വൈഐപി പരീക്ഷിച്ചു.
- കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (സിഓപി): പരിശീലനത്തിന് വേണ്ടിയുള്ള ഒരു സമൂഹത്തിന്റെ സ്ഥാപനം, ഇന്നൊവേറ്റർമാർക്ക് ഒരു പ്രധാന പിന്തുണാ സംവിധാനമായി പ്രവർത്തിച്ചു. ഈ സംരംഭം പിന്തുണയിലും നൂതനാശയാ വിഷ്കർത്താക്കൾക്ക് വേണ്ടുന്ന വിഭവങ്ങളുടെ വർദ്ധനവിനും കാരണമായി, അതുപോലെ പരിശീലകർക്കിടയിൽ വിജ്ഞാന കൈമാറ്റം വർധിപ്പിച്ചു. അറിവ് പ്രചരിപ്പിക്കുന്നതിനും നവീനത വളർത്തുന്നതിനും, ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ മറികടക്കുന്നതിനും നൂതനമായ ഒരു സംവിധാനം അത് നൽകി.
- ഡിസൈൻ തിങ്കിംഗ് കേന്ദ്രീകൃത പരിപാടികൾ, തല്പരകക്ഷികൾക്കും മാർഗ നിർദേശകർക്കുമുള്ള പരിശീലനം: ഒരൊറ്റ പ്രശ്ന പ്രസ്താവന മനസ്സിൽ വെച്ച് ഉപയോക്താക്കൾക്കുള്ള പരിഹാരങ്ങൾ രൂപകൽപ്പന ചെയ്യാൻ അനുവദിക്കുന്ന ഇന്നൊവേഷന്റെ ഒരു വിപുലീകൃത മാതൃകയായ ഡിസൈൻ തിങ്കിംഗ്, പ്രശ്നപ്രസ്താവനയോട് താല്പര്യമുള്ള സ്റ്റേക്ക് ഹോൾഡർമാരുടെ പരിശീലനം എന്നിവ നൂതനമായ ഒരു വിദ്യാഭ്യാസ സമീപനമായിരുന്നു. ഈ പരിപാടികളും ശിൽപശാലകളും പ്രായോഗിക പഠന അന്തരീക്ഷത്തിന് പ്രോത്സാഹനം നൽകുകയും,

പങ്കെടുക്കുന്നവരുടെ പ്രശ്നപരിഹാര ശേഷി പരിപോഷിപ്പിക്കുകയും ചെയ്തു.

## എമർജിംഗ് ടെക്നോളജി സൊലൂഷൻസ് ഇൻ ഗവൺമെന്റ്

ഓഫീസ് സംവിധാനങ്ങളുടെയും പ്രക്രിയകളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന്, നൂതനസാങ്കേതികവിദ്യയിലധിഷ്ഠിതമായ പരിഹാരങ്ങൾ (എമർജിംഗ് ടെക്നോളജി സൊല്യൂഷൻസ് -ഇടിഎസ്) സർക്കാരിലും മറ്റ് പൊതുസ്ഥാപനങ്ങളിലും, നടപ്പാക്കാൻ പ്രോത്സാഹിപ്പിക്കുക/സുഗമമാക്കുക എന്നതാണ്, കെ-ഡിസ്കിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. ബ്ലോക്ക്ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിങ്ങനെയുള്ള നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ പുതിയ പദ്ധതികൾ കെ-ഡിസ്ക് ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു, അതിലൂടെ വിവിധ സർക്കാർവകുപ്പുകളിൽ സുതാര്യവും വൈജ്ഞാനിക വുമായ പുരോഗതി പ്രാപ്തമാക്കുകയും ജനങ്ങൾക്ക് ആത്യന്തികമായ ആനുകൂല്യ

ങ്ങൾ എത്തിക്കുകയും ചെയ്യും. ഏതെങ്കിലും സർക്കാർ വകുപ്പിന്തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സാങ്കേതിക മുന്നേറ്റങ്ങളിൽ ഏതെങ്കിലും ആവശ്യമായി വന്നാൽകെ-ഡിസ്കുമായി ബന്ധപ്പെടാവുന്നതാണ്.ഇപ്രകാരം പ്രസ്തുത വകുപ്പിന്കെ-ഡിസ്കിന്റെ മേൽനോട്ടത്തിൽ ആശയരൂപീകരണം മുതൽഇന്നൊവേഷൻപ്രാവർത്തികമാക്കുന്നതുവരെ മതിയായ സാങ്കേതിക-സാമ്പത്തിക സ്രോതസ്സുകളിലേയ്ക്ക്

എത്തിച്ചേരുന്നതുൾപ്പെടെയുള്ള എല്ലാ ഘട്ടങ്ങളും എളുപ്പത്തിൽ നടപ്പാക്കാൻ സാധിക്കും.

**<u>നേട്ടങ്ങൾ:</u>**

**<u>ആരോഗ്യ വകുപ്പുമായി ചേർന്ന്, ബ്ലഡ് ബാഗ് ട്രേസബിലിറ്റി പ്രോജക്റ്റ്:</u>**

- രക്തദാതാവിൽ നിന്ന് സ്വീകർത്താവിലേക്കുള്ള ബ്ലഡ് ബാഗുകൾ നിരീക്ഷിക്കാൻ സംഭരണ സമയങ്ങളിലും കൊണ്ട്പോകുന്ന സമയങ്ങളിലു
  മടക്കമുള്ള താപനിലയുടെ നിരീക്ഷണം ഉൾപ്പെടെ കൈകൊണ്ട് തയ്യാറാക്കുന്ന എല്ലാ രജിസ്റ്ററുകളും മാറ്റി സ്ഥാപിക്കുന്ന തരത്തിൽ, ഐ.ഓ.ടി അടിസ്ഥാനമാക്കിയ ഒരു പരിഹാരം അവതരിപ്പിച്ചു.
- ഇതിന്റെ പ്രാരംഭ സംരംഭം വിജയിച്ചതോടെ, ബ്ലഡ് ബാഗ് ട്രേസബിലിറ്റി പ്രോഗ്രാമിന്റെ സംസ്ഥാന വ്യാപകമായ വ്യാപനത്തിന്, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (കെഎസ്എസിഎസ്)യുമായി ചേർന്ന് തുടക്കം കുറിച്ചു.
- താപനില വ്യതിയാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അടിയന്തര നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഉടൻ തന്നെ നൽകി.
- ബ്ലഡ്ബാഗുകളുടെ ഓരോ ചലനവും പിന്തുടരാൻ, ഐഓടി അടിസ്ഥാനമാക്കിയ നിരീക്ഷണ സംവിധാനം ഉപയോഗിച്ചു.
- രോഗ മേഖല തിരിച്ചറിയൽ ഇതിലൂടെ സാധ്യമാക്കി.

**<u>കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടി കുടിവെള്ള ഉപഭോക്തൃ ബില്ലിംഗ് ആപ്ലിക്കേഷൻ:</u>**

- ഉപഭോക്താവിന് വാട്ടർ മീറ്റർ റീഡിംഗ് സ്വയം എടുക്കുന്നതിനും ഡിജിറ്റലായി പണം അടയ്ക്കുന്നതിനുമുള്ള സംവിധാനം

പ്രവർത്തനക്ഷമമാക്കി. മീറ്റർ റീഡർമാരുടെ കയ്യിലുള്ള ഉപകരണങ്ങൾ, മൊബൈൽ ആപ്ലിക്കേഷൻ അധിഷ്ഠിതമായി യുപിഐ-യിലൂടെ പണം അടയ്ക്കാൻ പ്രാപ്തമാക്കി.

- ഉപഭോക്താക്കൾക്ക് വാട്ടർ മീറ്റർ റീഡിംഗ് എടുക്കാനും ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാനും കഴിയും. അവർക്ക് ഉടൻ തന്നെ യുപിഐ വഴി ഓൺലൈൻ പേയ്മെന്റുകൾ നടത്താനും കഴിയും. മീറ്റർ റീഡർമാർക്ക് സ്ഥലത്ത് വെച്ച് തന്നെ ബില്ലിംഗ് നടത്താനുംമൊബൈൽ ആപ്ലിക്കേഷനിലൂടെ മീറ്റർ-റീഡർമാർക്ക് ഉപഭോക്താക്കളിൽ നിന്ന് യുപിഐ വഴി പേയ്മെന്റുകൾ സ്വീകരിക്കുന്നതിനും കഴിയുന്നു.
- 2022ഡിസംബർ മുതൽ 2023മെയ് വരെയുള്ള കാലഘട്ടത്തിൽ, കെ-മീറ്റർ ആപ്പ് വഴി 129.02 കോടി രൂപ മതിപ്പിൽ1,65,199ബില്ലുകൾ തയ്യാറാക്കി. രണ്ട് ആപ്ലിക്കേഷനുകളുംനടപ്പാക്കലിന് ശേഷമുള്ള വിലയിരുത്തൽ ഘട്ടത്തിലാണ് ഇപ്പോൾ.

**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചേർന്ന് ആന്റിബയോഗ്രാംആപ്ലിക്കേഷൻ:</u>**

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ ആന്റിബയോട്ടിക് പോളിസി ചാറ്റ്ബോട്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർക്ക് നൽകി. ഇതിന്റെ നേട്ടങ്ങൾ വിലയിരുത്തുന്നതിന് വകുപ്പിൽ നിന്നുള്ള അഭിപ്രായം ശേഖരിച്ച് വരുന്നു.

**<u>കർഷക ക്ഷേമം ലക്ഷ്യമാക്കി കൃഷി വകുപ്പുമായി ചേർന്ന് സ്മാർട്ട് ക്രോപ്പ് ഇൻഷുറൻസ്:</u>**

- 2023 മാർച്ച് 31ന് പാലക്കാട് ചിറ്റൂരിൽ ആറ് മാസത്തെ പ്രയോഗ പരീക്ഷണം വിജയകരമായി പൂർത്തിയായി. പാലക്കാട്ജില്ലയിലെ ചിറ്റൂരിലെ എഴ് പഞ്ചായത്തുകളിലെ കൃഷിവകുപ്പ്

ഉദ്യോഗസ്ഥരിലും, കർഷകർക്കുമിടയിൽ ഒരു പരീക്ഷണം എന്ന നിലയിലാണ് ആപ്ലിക്കേഷൻ ആരംഭിച്ചത്.

- ഐഒാടി അടിസ്ഥാനമാക്കിയ കാലാവസ്ഥാ സ്റ്റേഷനുകളിലൂടെ കൃത്യവും തത്സമയ കാലാവസ്ഥാ വിവരങ്ങളും കർഷകർക്ക് ഈ പദ്ധതിയിലൂടെ നൽകാനായി, അങ്ങിനെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് നടപ്പാക്കലും മെച്ചപ്പെടുത്താനായി.
- ലോകബാങ്കിന്റെ റീബിൽഡ് കേരള പ്രോഗ്രാമിന്റെ ഭാഗമായി ഈ പദ്ധതിയെ പരിഗണിക്കുന്നുണ്ട്.

**<u>കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പന്തളം മുനിസിപ്പാലിറ്റിയിൽ തുടർച്ചയായ കുടിവെള്ള വിതരണ സംവിധാനം:</u>**

- പന്തളം മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജലവിതരണ സംവിധാനവും പിന്തുടരുന്നതിന് ഐഒാടി അടിസ്ഥാനമാക്കിയ ക്ലൗഡ് സൊല്യൂഷൻ നടപ്പിലാക്കി. ഇതിലൂടെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്കും പമ്പ് ഓപ്പറേറ്റർമാർക്കും പമ്പിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഉപഭോക്താക്കൾക്ക് വെള്ളത്തിന്റെ വിതരണം നിയന്ത്രിക്കുന്നതിനും കാര്യക്ഷമമായ സംവിധാനം പ്രാപ്തമാക്കി.
- ജലവിതരണ സംവിധാനം അളക്കുന്നതിനും നിരീക്ഷിക്കുന്നതിനും ലെവൽ സെൻസറുകൾ, പ്രഷർ സെൻസറുകൾ, എനർജി മീറ്ററുകൾ എന്നിവതന്ത്രപ്രധാനമായ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.
- യഥാർത്ഥ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ നിന്നുള്ള ചിലവ്/ലാഭം കണക്കാക്കുന്നത്.

**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചേർന്ന് ഗർഭാശയ ക്യാൻസർ തിരിച്ചറിയൽ പദ്ധതി:</u>**

- ലഭ്യമായ സെർവിക്കൽ പാപ് സ്മിയർ സാമ്പിളിന്റെ സ്കാൻ ചെയ്ത ചിത്രത്തിൽ നിന്ന് വ്യത്യസ്തതരം കോശങ്ങൾ,

അവസ്ഥകൾ, അസാധാരണതകൾ എന്നിവ വിജയകരമായി കണ്ടെത്താനാകുന്ന, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സോഫ്റ്റ്‌വെയർ വികസിപ്പിക്കുകഎന്നതാണ് പദ്ധതി ലക്ഷ്യം.

- 1178 രോഗികളുടെ ലിക്വിഡ് ബേസ്ഡ് സൈറ്റോളജി സ്ലൈഡ് ശേഖരണം പൂർത്തിയാക്കി, വിശദാംശങ്ങൾ വെബ് പോർട്ടലിൽ രേഖപ്പെടുത്തി.
- എഐ പരീക്ഷണത്തിനായി ലിക്വിഡ് ബേസ്ഡ് സൈറ്റോളജി സ്ലൈഡുകൾ സ്കാൻ ചെയ്യുന്നതിന്, എസ്എടി ഹോസ്പിറ്റലിൽ ഡിജിറ്റൽ മൈക്രോസ്കോപ്പ് സ്ഥാപിച്ചു.

**<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചേർന്ന് ഡയബറ്റിക് റെറ്റിനോപ്പതി ഫേസ് 2 ഓട്ടോമാറ്റിക് സ്ക്രീനിംഗിന്, എഐ അടിസ്ഥാനമാക്കിയ സംവിധാനം:</u>**

- നേത്രാന്തര പടലത്തിന്റെ ചിത്രങ്ങളിലൂടെ എഐ അടിസ്ഥാനമാക്കിയ രോഗനിർണയ സംവിധാനവും, നിമിഷങ്ങൾക്കുള്ളിൽ പ്രതികരണം ലഭിക്കാനുള്ള സംവിധാനവും.
- 93.33% സംവേദനക്ഷമതയോടെയും, 95.56% സുവ്യക്തതയോടെയും രോഗി-തല കൃത്യത കൈവരിച്ചു. ഇമേജ് ഫീൽഡ് ഡെഫനിഷൻ മോഡലിന് 95.99% കൃത്യതയുണ്ട്.

വകുപ്പുകൾ അംഗീകരിച്ച 8 പുതിയ പൈലറ്റ് പദ്ധതികളുടെ നടപ്പിലാക്കലുകൾക്കായിസാങ്കേതിക പങ്കാളിയെ തിരഞ്ഞെടുക്കൽ/സ്ഥിരീകരണ ഘട്ടത്തിലാണ്.

ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്ന് അംഗീകാരം ലഭിച്ചതിനുശേഷം 2022ഡിസംബർ മുതൽ 2023മെയ് വരെ 5പുതിയ പദ്ധതികൾ ആരംഭിച്ചു.

1. ജി-ഗെയ്റ്റർ - തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ റോബോട്ടിക് ഗെയ്റ്റ് റിഹാബിലിറ്റേറ്റർ.
2. ഡ്രിപ്പോ - തലശ്ശേരി മലബാർ കാൻസർ സെന്ററിൽ വയർലെസ് ഇൻഫ്യൂഷൻ മോണിറ്റർ.
3. ഹെൽത്ത് ഹാക്കത്തോൺ - സംസ്ഥാന ആരോഗ്യ ഏജൻസിക്കുള്ള ഗുണഭോക്തൃ മൊബൈൽ ആപ്ലിക്കേഷൻ.
4. ഹെൽത്ത് ഹാക്കത്തോൺ - ഇ-ഹെൽത്ത്-നു വേണ്ടി വോയ്സ് ടെക്സ്റ്റ് പരിവർത്തനത്തിലൂടെ രോഗിയുടെ കുറിപ്പടിയും അന്വേഷണ റിപ്പോർട്ടുകളുംആയാസരഹിതമായി തയ്യാറാക്കുക.
5. ആശുപത്രികളിലെ സൗകര്യങ്ങളുടെ ചിത്രീകരണം: പൊതുജനങ്ങൾക്ക് ആശുപത്രി സൗകര്യങ്ങൾ പിന്തുടരാനും ഉപയോഗിക്കാനുമുള്ള സംവിധാനം തൃശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പാക്കും.

## <u>സിറ്റിസൺ സർവീസ് - വൺ ഡിപ്പാർട്ട്മെന്റ് വൺ ഐഡിയ (സിഎസ്-ഒഡിഒഐ 2021)</u>

കേരള സർക്കാരിന് കീഴിലുള്ള സർക്കാർ വകുപ്പുകളിലെയും ഏജൻസികളി
ലെയും ജീവനക്കാർക്ക് അവരുടെ വകുപ്പുകൾക്കായി നൂതന ആശയങ്ങൾ സമർപ്പിക്കാനുള്ള ഒരു പ്രത്യേക പ്ലാറ്റ്ഫോം. സിഎസ്-ഒഡിഒഐ 2021സംരംഭത്തിൽ നിന്ന് പ്രാരംഭ സംരംഭമായി നടപ്പിലാക്കുന്നതിന് മൂന്ന് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.

- കൃഷി വകുപ്പിനും കർഷകക്ഷേമത്തിനും വേണ്ടി ടിഷ്യു കൾച്ചർ ട്രെയ്സിബിലിറ്റി.
- ഇ-ഹെൽത്ത് പോർട്ടലിലൂടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ നൽകുന്നതിന് എഐ-അധിഷ്ഠിത ചാറ്റ് സിസ്റ്റം രൂപകൽപ്പന ചെയ്യുക.

- സിറ്റിസൺ ക്ലൈമറ്റ് കണക്ട് - പാലക്കാട് ജില്ല
- സിറ്റിസൺ ക്ലൈമറ്റ് കണക്ട് - തൃശൂർ ജില്ല
- പട്ടികജാതി വികസന വകുപ്പിന് വേണ്ടി ഉന്നതി ജാലകം.
- മോട്ടോർ വാഹന വകുപ്പിനുവേണ്ടി സംസ്ഥാനതല സാങ്കൽപിക റോഡ് സുരക്ഷാ പരിശീലന പ്ലാറ്റ്ഫോം.
- തിരുവനന്തപുരം കോർപ്പറേഷൻ, ഗാന്ധിപാർക്കിഎൽ, ഇന്റഗ്രേറ്റഡ് സ്മാർട്ട് പാർക്കിംഗ് സംവിധാനം.
- അനെർട്ടിന് വേണ്ടി സോളാർ പ്ലാന്റുകൾക്കായുള്ള വിദൂര നിരീക്ഷണ ആപ്ലിക്കേഷൻ.

വകുപ്പിന്റെ അംഗീകാരത്തിന് വേണ്ടി കാത്ത് നിൽക്കുന്നതോ ആശയ രൂപീകരണ ഘട്ടത്തിലോ ഉള്ള പദ്ധതി നിർദ്ദേശങ്ങൾ:

- രജിസ്ട്രേഷൻ വകുപ്പിന് വേണ്ടി കേരളത്തിലെ ചിട്ടി ഫണ്ടുകളുടെ ഭരണനിർവഹണവും കൈകാര്യം ചെയ്യലും.
- ഗതാഗത വകുപ്പിന് വേണ്ടി ചെലവ് കുറഞ്ഞ ക്യാമറ അടിസ്ഥാനമാക്കിയുള്ള അഡാപ്റ്റീവ് ഇന്റലിജൻസ് ട്രാഫിക് സിഗ്നൽ നിയന്ത്രണ സംവിധാനം.
- കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (കെഎസ്ഡിഎംഎ)- യ്ക്ക് വേണ്ടി ഉരുൾപൊട്ടൽ പ്രവചനം.

## കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെഎംടിസി)

വൈദ്യശാസ്ത്ര സാങ്കേതികവിദ്യാധിഷ്ഠിത വികസനത്തിലും ഉൽപ്പാദനത്തിലും അടുത്ത ദശകത്തിൽ മുൻനിരയിലുള്ള ഇടമായി കേരളത്തെ മാറ്റിയെടുക്കാൻ സഹായകരമാകുന്ന ഒരു കൂട്ടായ്മയാണ് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെഎംടിസി). ഇതിലൂടെ വിവിധ പ്രമുഖ സാങ്കേതിക ഗവേഷണ- ക്ലിനിക്കൽ

സ്ഥാപനങ്ങളെ സംസ്ഥാനത്ത് ഒരു പൊതുവേദിയിലേക്ക് കൊണ്ട് വന്ന് സ്ഥാപിക്കപ്പെടും.

**നേട്ടങ്ങൾ**

- ടെറുമോ-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഷിൻജിറോ സാറ്റോ 2023 ഫെബ്രുവരിയിൽ കേരളം സന്ദർശിച്ച സമയം, കേരളത്തിൽ ടെറുമോയുടെ വിപുലീകരണത്തെക്കുറിച്ചും 3 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെ കുറിച്ചുമുള്ള ചർച്ചയ്ക്ക് തുടക്കം കുറിച്ചു. സിഇഒയുടെ സന്ദർശനത്തിന്റെ തുടർച്ചയായി, ടെറുമോ ഗ്രൂപ്പ് കമ്പനിയുടെ ചീഫ് ടെക്നിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഉന്നതതല പ്രതിനിധി സംഘവുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക്2023 ഏപ്രിൽ 20-ന് കെഎംടിസി ആതിഥേയത്വം വഹിച്ചു.
- ഡോ. ഹരാൾഡ് പീറ്റേഴ്സ്-ന്റെ (ഡയറക്ടർ, ഫ്രോൺഹോഫർ ഇൻസ്റ്റിറ്റ്യൂട്ട്, പോട്സ്ഡാം), (എസ്സിടിഐഎംഎസ്ടി), (ആർസിജിബി), കുസാറ്റ്, അഗപ്പെ, കാർകിനോസ് ഹെൽത്ത് കെയർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി കേരള, ഐസിഫോസ് , ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള, കെ.എസ്.യു.എം, സി-ഡാക് എന്നീ സ്ഥാപനങ്ങളിലേക്കുള്ള സന്ദർശനം, കെഎംടിസിയാണ് ഏകോപ്പിച്ചത്.
- കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ, എസ്സിടിഐഎംഎസ്ടി, ഫ്രോൺഹോഫർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ചേഴ്സ്, സ്റ്റാർട്ടപ്പുകൾ, മെഡ്ടെക് കമ്പനികൾ എന്നിവയുമായി സഹകരിച്ച്, മെഡ്ടെക്-ലെ കൂടുതൽ അർത്ഥപൂർണ്ണവും പ്രയോഗക്ഷമവുമായ ഫലങ്ങൾക്ക് വേണ്ടിയുള്ള ഗവേഷണ സമീപനത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിച്ചു.

- ഇൻഡോ-ജപ്പാൻ ചേംബർ ഓഫ് കൊമേഴ്സ് സംഘടിപ്പിച്ച ജപ്പാൻ മേളയിൽ, കേരളത്തിലെ മെഡ്ടെക് നിക്ഷേപങ്ങളെക്കുറിച്ച് കെ.എം.ടി.സി ഒരു പാനൽ ചർച്ച സംഘടിപ്പിച്ചു.
- 2023മാർച്ചിൽ കൊച്ചിയിലെ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ടെക്നോപ്രണർ പരിപാടിയിൽ, മെഡ്ടെക്ക് വിഷയത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, കെ.എം.ടി.സി പങ്കെടുത്തു.
- കേരള സർക്കാരിന്റെ വ്യവസായ വകുപ്പ് നടത്തിയ ഒരു റോഡ്ഷോയിൽ കെഎംടിസി പങ്കെടുത്തു.
- കെഎംടിസി അതിന്റെ പങ്കാളികളുമായി അഞ്ചാമത് പ്രതിമാസ കൂടിക്കാഴ്ച എംജി സർവകലാശാലയുമായി സഹകരിച്ച് 2023 ഏപ്രിൽ 2ന് കോട്ടയത്ത് സംഘടിപ്പിച്ചു. കുസാറ്റ്, എസ്സിടിഐഎംഎസ്ടി,ആർആർഐഐ, എംജി യൂണിവേഴ്സിറ്റി, കാരിത്താസ് ഹോസ്പിറ്റൽ, സർക്കാർ മെഡിക്കൽ കോളേജ് കോട്ടയം, പ്രൈമസ് ഗ്ലൗസ്, സെന്റ് മേരീസ് റബ്ബർ, കോടി ഹെൽത്ത്കെയർ, കിംബെൽ ഇലക്ട്രോണിക്സ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നായി 50-ലധികം പേർ പങ്കെടുത്ത് "റബ്ബർ ടെക് ഇൻടു മെഡ്ടെക്" എന്ന വിഷയത്തിൽ അഭിപ്രായങ്ങൾ പങ്ക് വെച്ചു.
- കെഎംടിസിയുടെ ക്ഷണപ്രകാരം 2023ഏപ്രിൽ 26ന്, അഗാപ്പെ ഇൻഡസ്ട്രീസിൽ നിന്നുള്ള ഒരു സംഘം മാനേജിംഗ് ഡയറക്ടർ ശ്രീ. തോമസ് ജോണിന്റെ നേതൃത്വത്തിൽ ബയോ 360പാർക്ക് സന്ദർശിച്ചു. മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിലും, ഗവേഷണ-വികസന പ്രവർത്തനത്തിലും അഗപ്പെയുടെ വിപുലീകരണ പദ്ധതികൾക്കായി സാധ്യമായ സ്ഥലങ്ങൾ സന്ദർശനത്തിലൂടെ കണ്ടെത്താനായി.
- കെഎസ്ഐഡിസി സംഘടിപ്പിച്ച നോർവീജിയൻ കമ്പനികൾക്കായുള്ള നിക്ഷേപക ഉച്ചകോടിയിൽ സംസ്ഥാനത്തെ മെഡ്ടെക് വിഭാഗത്തെ പ്രതിനിധീകരിച്ച് കെഎംടിസി പങ്കെടുത്തു.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവാണ്, ഉച്ചകോടിയുടെ ഉദ്ഘാടനം നടത്തിയത്.

- രക്തം കൈമാറുമ്പോൾ ഉപയോഗിക്കുന്ന ല്യൂക്കോഡെപ്ലിഷൻ ഫിൽട്ടറുകൾ തദ്ദേശീയമായി വികസിപ്പിച്ചെടുക്കുന്ന പദ്ധതിയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ എസ്സിടിഐഎംഎസ്ടി-യും ടെറുമോ പെൻപോളുമായി കെ.എം.ടി.സി.യുടെ നേതൃത്വത്തിൽ ഒരു യോഗം സംഘടിപ്പിച്ചു.
- കേരളത്തിലെ നിക്ഷേപകരെ പിന്തുടരാനും അവരുടെ യോഗ്യത അളക്കാനും സെയിൽസ് ഫണൽ സംവിധാനം അവതരിപ്പിച്ചു. കെഎംടിസി കൊണ്ടുവന്ന ഒരു നിക്ഷേപകന് ഏകദേശം 23കോടി രൂപയുടെ നിക്ഷേപസാധ്യതയുള്ള ഒരു പദ്ധതിക്കാവശ്യമായി, ബയോ 360ലൈഫ് സയൻസ് പാർക്കിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.
- 2023 ജനുവരിയിൽ ഡോ. ആസാദ് മൂപ്പനുമായി നടത്തിയ കൂടിക്കാഴ്ചയുടെ തുടർച്ചയായി, റിസർച്ച് &ഇന്നൊവേഷൻ ഡയറക്ടർ, ബയോളജിക്കൽ റിസർച്ച് &ഇന്നൊവേഷൻ ഡയറക്ടർ എന്നിവരുമായി ഒരു തുടർ കൂടിക്കാഴ്ച നടത്തി. ആസ്റ്റർ റിസർച്ച് ഫൗണ്ടേഷൻ നടത്തിയ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും, കൂടാതെ സംസ്ഥാനത്തെ മെഡ്ടെക് ആവാസവ്യവസ്ഥയുടെ വികസനത്തിന് അവരിൽ നിന്നുള്ള സഹായസഹകരണ വഴികൾ തേടുകയുമായിരുന്നു യോഗത്തിന്റെ ലക്ഷ്യം.
- സെന്റർ ഫോർ കോംപ്ലക്സ് ക്യാൻസർ സ്ഥാപിക്കുന്നതിന്, കാർക്കിനോസ് ഹെൽത്ത് കെയർ സമർപ്പിച്ച നിർദ്ദേശത്തിന്മേലുള്ള നടപടികൾ തുടരുന്നു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 300 കോടി രൂപയുടെ നിക്ഷേപവും 300 തൊഴിലവസരങ്ങളും ഈ നിർദ്ദേശം ഉറപ്പ് നൽകുന്നു.

## കേരള ജിനോം ഡാറ്റാ സെന്റർ (കെജിഡിസി)

വൈദ്യശാസ്ത്ര, കാർഷിക, കന്നുകാലി മേഖലകൾക്ക് പ്രസക്തമായ ജിനോമിക് ഡാറ്റ സൃഷ്ടിക്കുന്നതിനും അത് സ്പഷ്ടീകരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും "യുകെ ബയോബാങ്ക്" പോലെയുള്ള അന്താരാഷ്ട്ര മാതൃകകൾക്ക് അനുസൃതമായുള്ള ഒരു പദ്ധതി നിർദ്ദേശമാണ്, കേരള ജിനോം ഡാറ്റാ സെന്റർ (കെജിഡിസി). ജനിതകഘടനയുമായി ബന്ധപ്പെട്ട വിവരങ്ങൾ വലിയ അളവിൽ സംഭരിക്കാനും കൈകാര്യം ചെയ്യാനും കഴിവുള്ള ഉയർന്ന ശേഷിയുള്ള ഡാറ്റാ സെന്റർ (കേരള സർവകലാശാലയുടെ കാമ്പസിൽ), സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. വ്യക്തിഗതമാക്കിയ മരുന്നുകൾ നൽകാനും പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും ഗവേഷണ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബയോടെക് കമ്പനികൾ എന്നിവയ്ക്ക് ഇത് ഒരു നിർണായക അടിത്തറയായിരിക്കും, കൂടാതെ ബയോഇൻഫർമാറ്റിക്സ്, ഡയഗ്നോസ്റ്റിക് സ്റ്റാർട്ടപ്പ്, സോഫ്റ്റ്‌വെയർ കമ്പനികൾ എന്നിവയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് ഉപയോഗിച്ച് മൂല്യവർദ്ധിത പ്ലാറ്റ്ഫോമുകളും ഉപകരണങ്ങളും സൃഷ്ടിക്കാൻ ഇത് സഹായകരമാവുകയും ചെയ്യും.

**നേട്ടങ്ങൾ**

- 2023 മാർച്ച് 13ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഈ പദ്ധതിയുടെ പ്രഖ്യാപനം നടത്തിയത്. കൂടാതെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി മാർച്ച് 14 ന് ഉദ്ഘാടനം ചെയ്ത ഒരു ശാസ്ത്ര സെമിനാറിൽ 300 പ്രതിനിധികൾ പങ്കെടുത്തു. ഈ പദ്ധതിയെ കുറിച്ച് ചർച്ച ഉയർത്തിക്കൊണ്ട് വരാനും ഇതുമായി

ബന്ധപ്പെട്ട അറിവ് പങ്ക് വെക്കാനുമുള്ള വേദിയായി സെമിനാർ മാറി.

- ഇക്കാലയളവിൽ കെജിഡിസിയുടെ കോർ ടീം രൂപീകരിച്ചു.
- കെജിഡിസി വെബ്സൈറ്റിന്റെ ആദ്യ പതിപ്പ് പൂർത്തിയായി, അത് പൂർണമാക്കി പുറത്തിറക്കുന്നതിന് മുമ്പുള്ള അവലോകനത്തിലാണിപ്പോൾ.
- സംസ്ഥാനത്തെ 125 ലൈഫ് സയൻസസ് ഇൻസ്റ്റിറ്റ്യൂട്ടുകളെയും ബന്ധപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി ലൈഫ് സയൻസ് സ്ഥാപനങ്ങളുമായി ചർച്ചകൾ ആരംഭിച്ചു. ഈ ബന്ധപ്പെടുത്തലുകൾ സഹകരണപരമായ ബന്ധങ്ങളും പരസ്പര പഠനത്തിനും വിഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള തുറന്ന അവസരങ്ങളും വളർത്തും.
- ലോഗോ രൂപകല്പന ചെയ്യുന്ന മത്സരം വിജയകരമായി പൂർത്തിയാക്കി.
- കരട് ഡാറ്റ നയവും ഡാറ്റ സുരക്ഷാ നയവും സൃഷ്ടിച്ചു. പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഡാറ്റയുടെ സുരക്ഷയും സ്വകാര്യതയും സമഗ്രതയും ഈ നയങ്ങൾ ഉറപ്പാക്കും.
- വിശദമായ പദ്ധതി റിപ്പോർട്ടിന്റെ (ഡിപിആർ) ആദ്യ കരട് തയ്യാറാക്കി.

## അംഗപരിമിതരായ യുവാക്കൾക്കുവേണ്ടി ഇന്നൊവേഷൻ പ്രോഗ്രാം

അംഗപരിമിതരായ യുവാക്കളുടെ ഇന്നൊവേഷൻ (ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്: ഐ-വൈഡബ്ല്യൂഡി) എന്ന പദ്ധതിയിലൂടെ, സമൂഹത്തിൽ നൂതനാശയങ്ങൾ രൂപപ്പെടുത്താനും നടപ്പിലാക്കാനും സ്വയം പ്രേരിതരാകുന്ന ഭിന്നശേഷിയുള്ളവരെ തിരിച്ചറിയുകയും ശാക്തീകരിക്കുകയും ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിൽ നിന്നുള്ള ഇന്നൊവേറ്റർമാരെ

പരിപോഷിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയിൽ പങ്കെടുക്കുന്ന ഇന്നൊവേറ്റർമാർക്ക് തങ്ങളുടെ ലക്ഷ്യം നേടുന്നതിന്, രണ്ട് വർഷത്തേക്കോ അല്ലെങ്കിൽ അവരുടെ ആശയങ്ങൾ യാഥാർത്ഥ്യമായി സ്ഥിരപ്പെടുന്നത് വരെയോ, (ഏതാണോ ആദ്യം സംഭവിക്കുന്നത്)അതുവരെയും, പരിശീലനത്തിന്റെയും മാർഗ നിർദേശത്തിന്റെയും രൂപത്തിൽ വിഭവങ്ങൾ നൽകുന്നു. ആശയത്തിന് ഒരു ഉൽപ്പന്നത്തിന്റെ, അല്ലെങ്കിൽ സേവനത്തിന്റെയോ പ്രായോഗിക ഗവേഷണത്തിന്റെയോ അതുമല്ലെങ്കിൽ ഇതിന്റെ സംയോജനത്തിന്റെയോ രൂപമെടുക്കാം. ആശയം യാഥാർത്ഥ്യമാക്കുന്നതിന്, ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് അതിനായുള്ള അറിവ്, ഉപകരണങ്ങൾ, കാഴ്ചപ്പാട്, പ്രചോദനം എന്നിവ വാഗ്ദാനം ചെയ്യുന്നു.

**നേട്ടങ്ങൾ**

- ഏറ്റവും എളുപ്പത്തിൽ എവർക്കും പ്രാപ്യമാകാൻ കഴിയുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത പാഠ്യപദ്ധതി വീഡിയോകളുടെ ആദ്യ ഗണം പുറത്തിറക്കി, അങ്ങനെ വ്യത്യസ്ത വൈകല്യമുള്ള ആളുകൾക്ക് തടസ്സമില്ലാതെ പഠിക്കാൻ കഴിയും.
- ഐ-വൈഡബ്ല്യൂഡി പ്രോഗ്രാം ഇപ്പോൾ അതിന്റെ നാലാം വർഷത്തിലേക്ക് കടക്കുകയാണ്, ഇപ്പോൾ അതിന്റെ മൂന്നാമത്തെ സഹകരണ കൂട്ടായ്മ (കോഹൊർട്ട്) ഇപ്പോൾ ചേരുകയാണ്. പ്രതിമാസ ഓൺലൈൻ സെഷനുകൾ നടക്കുന്നു, അതിലൂടെ വിഷയത്തെ കാലികമാക്കാൻ സാധിക്കുന്ന തരത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു, കൂടാതെ അതിൽ പങ്കെടുക്കുന്നവർക്ക് അവിടെ സംശയങ്ങൾ വ്യക്തമാക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നതിനും സാധിക്കുന്നു. ഇത്തരം കൂടിക്കാഴ്ചകൾ ഒരു പതിവ് പ്രക്രിയയാണ്, അത് 2022

ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി, മാർച്ച്, മെയ് മാസങ്ങളിൽ നടത്തി.

- ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഇന്നൊവേഷൻ ഡേ പരിപാടിയിൽ ഐ-വൈഡബ്ല്യൂഡി പ്രോഗ്രാമിന് ഒരു പ്രമുഖ സ്ഥാനമുണ്ടായിരുന്നു, വൈകല്യം, ഉൾചേർക്കൽ, ഇന്നൊവേഷനിലേക്കുള്ള പ്രാപ്യത എന്നിവയുടെ പ്രാധാന്യം അവിടെ എടുത്ത് കാണിച്ചിരുന്നു.
- ഐ-വൈഡബ്ല്യൂഡി പ്രോഗ്രാം, അതിന്റെ കൊഹൊർട്ട്-3, 2023 മാർച്ച് 6-ന് സമാരംഭിച്ചു, ഒരു മാസത്തിനുള്ളിൽ, 400-ഓളം അന്വേഷണങ്ങളിലൂടെ മികച്ച പ്രതികരണം ലഭിച്ചു, അതിന്റെ ഫലമായി 125-ലധികംഅപേക്ഷകർ വിജയികളായി. പ്രതീക്ഷകൾ കൂടുതൽ വ്യക്തമാക്കാനും പ്രോഗ്രാം വിശദാംശങ്ങൾ നൽകാനും, 85 അഭിമുഖങ്ങൾ നടത്തി. അഭിമുഖങ്ങളെ തുടർന്ന്, കോഹോർട്ട്-3യിലേക്കുള്ള അവരുടെ തിരഞ്ഞെടുപ്പ് നിർണ്ണയിക്കാൻ, കർത്തവ്യങ്ങളും പ്രവർത്തനങ്ങളും പൂർത്തിയാക്കി രണ്ട് ദിവസത്തെ പങ്കാളിത്ത തിരഞ്ഞെടുപ്പ് ക്യാമ്പ് 2023മെയ് 12, 13 തീയതികളിലായി ഓൺലൈനിൽ നടത്തി.
- പരിപാടിയിൽ പങ്കെടുക്കുന്നയാളുടെ അംഗപരിമിതിയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ മനസ്സിലാക്കാൻ സാധ്യമാകുന്ന സൂക്ഷ്മമായി ബോധവൽക്കരിക്കപ്പെട്ട ഒരു സഹായിയെ, പരിപാടിയിൽ പങ്കെടുക്കുന്ന ഓരോ ആളിനും നൽകുകയും, അപ്രാപ്യത മൂലം അവർ യാതൊരു തരത്തിലുമുള്ള വെല്ലുവിളികളും നേരിടുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തു.
- പങ്കാളികൾ, ടീം അംഗങ്ങൾ, സന്നദ്ധപ്രവർത്തകർ, മറ്റ് തല്പരകക്ഷികൾ എന്നിവർക്കായി വർഷത്തിൽ രണ്ട് തവണ 'ഹഡിൽ' എന്ന പരിപാടി നടത്തുന്നു. എളുപ്പത്തിൽ എത്തിച്ചേരാൻ സാധ്യമാകുന്ന സ്ഥലത്താണ് പരിപാടി നടത്തുന്നത്, കൂടാതെ

അതിൽ പങ്കെടുക്കുന്നവരുടെ നൂതനാശയ പ്രക്രിയാ യാത്രകൾ മെച്ചപ്പെടുത്തുന്നതിന്, വിദഗ്ധരായ പരിശീലകരുടെയും പ്രാസംഗികരുടെയും പ്രഭാഷണങ്ങളും ഇതിൽ ഉൾപ്പെടുത്തുന്നു.

- 'ഹഡിൽ 2: മെന്റർ സെൻസിറ്റൈസേഷൻ &പാർടിസിപ്പന്റ് അസസ്മെന്റ് ക്യാമ്പ്' എന്ന പേരിൽ ഒരു ദ്വിദിന പരിപാടി 2023 ഫെബ്രുവരി 24, 25 തീയതികളിൽ നിഷിൽ സംഘടിപ്പിച്ചു. ബധിരർ, അന്ധർ/കാഴ്ച പരിമിതർ, ചലന പരിമിതിയുള്ളവർഎന്നീ വിഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭരായവർആദ്യ ദിവസത്തെ സെഷനുകൾ നയിച്ചു. വൈകല്യത്തിന്റെ ഒന്നിലധികം വശങ്ങളെ കുറിച്ചും, തങ്ങളുടെ വിദ്യാർത്ഥികളുടെ മാർഗനിർദേശകരാകാൻപ്രാപ്തരാക്കുന്നതിനും അധ്യാപകരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ക്യാമ്പ് നടത്തിയത്.
- പൈലറ്റ് ഐ-വൈഡബ്ല്യുഡി പ്രോഗ്രാമിന്റെ പ്രാരംഭ ബാച്ചിൽ നിന്നുള്ള രണ്ട് ടീമിനെ 2023-ൽ, ടിസിഎസ്-ന്റെ സോഷ്യൽ ഇൻകുബേറ്ററായ ഡിജിറ്റൽ ഇംപാക്റ്റ് സ്ക്വയർ പദ്ധതിയിൽ ഇൻകുബേറ്റ് ചെയ്തിട്ടുണ്ട്.
- കേരളത്തിലെ 12 എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള അധ്യാപക പ്രതിനിധികൾക്കായി വിവിധ വൈകല്യങ്ങളെക്കുറിച്ച് അനുഭവവേദ്യമായ തരത്തിൽ ഒരു ശില്പശാല നടത്തി. ഇതിൽ പങ്കെടുത്ത പ്രതിനിധികൾ അവരുടെ സ്ഥാപനങ്ങളിൽ അവബോധം പ്രചരിപ്പിക്കാനുള്ള അംബാസഡർമാരായി മാറി.
- ഐ-വൈഡബ്ല്യുഡി യാത്രയിലെ പങ്കാളികൾക്ക് തങ്ങളുടെ ആത്മവിശ്വാസം, ആർജ്ജവം, വൈകല്യമുള്ളവർ തമ്മിലും വൈകല്യമില്ലാത്തവരുമായും നടത്തുന്ന ആശയവിനിമയത്തിലെ കാര്യക്ഷമത, കൂടാതെ സാധാരണ ജനങ്ങളുമായുള്ള ആശയവിനിമയം എന്നിവയിലെല്ലാം പലമടങ്ങ് പുരോഗതി

കാണിക്കാനായി. അന്തർലീനമായ ഇക്കാര്യങ്ങൾ എല്ലാ പങ്കാളികളിലും കാണപ്പെടുന്നതിനാൽ, എണ്ണത്തിലുള്ള നേട്ടത്തെക്കാൾ ഗുണമേന്മയിലുള്ള നേട്ടമാണ് സ്പഷ്ടമാവുന്നത്.

- ബധിരർക്കായി ഇന്ത്യൻ ആംഗ്യഭാഷയിൽ വളരെ പരിമിതമായ പദാവലി മാത്രമേയുള്ളു എന്നതിനാൽ ഇന്നൊവേഷനും സംരംഭകത്വവുമായി ബന്ധപ്പെട്ട വാക്കുകൾ/ വ്യവസ്ഥകൾ അടങ്ങുന്ന ഒരു പദശേഖരം തുടർച്ചയായി തയ്യാറാക്കാൻ ഇതിലൂടെ കഴിഞ്ഞു.
- വൈകല്യവുമായി ബന്ധപ്പെട്ട വിന്യാസപരമായ വെല്ലുവിളികളെ മറികടക്കാൻ അന്തരം കുറയ്ക്കുന്ന ഒരു അത്ഭുതകരമായ ഘടകമായി സാങ്കേതികവിദ്യയെ കഴിയുന്നത്ര ഉപയോഗിക്കുന്നു. പൂർണ്ണമായും പ്രാപ്യമാകാനാകുന്ന ഒരു ആവാസവ്യവസ്ഥയിൽ നവീകരണത്തിന്റെയും സംരംഭകത്വത്തിന്റെയും അനുഭവം പകരാൻ ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടി രൂപകൽപ്പന ചെയ്തിട്ടുണ്ട്.
- സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായുള്ള ഔദ്യോഗിക സഹകരണം ഉറപ്പാക്കുന്നു, അതിലൂടെ അവയുമായി ബന്ധപ്പെട്ട വ്യക്തികളുടെ പരിമിതികളുടേയും സൂക്ഷ്മഭേദങ്ങളുടെയും വിവിധവശങ്ങളെക്കുറിച്ചുള്ളബോധവൽക്കരണവും അവബോധവും നൽകുകയും ചെയ്യുന്നു.
- ഐ-വൈഡബ്ല്യൂഡി, അതിന്റെ പാഠ്യപദ്ധതി പ്രവർത്തനങ്ങളിലൂടെ, ഉദ്യോഗസ്ഥരുമായും, പൊതുജനങ്ങളിലെ സാധാരണക്കാരുമായും സംഭാഷണങ്ങൾ, അഭിമുഖങ്ങൾ, ചർച്ചകൾ എന്നിവയിൽ ഏർപ്പെടാൻ, അതിന്റെ പങ്കാളികൾക്ക് നിരവധി അവസരങ്ങൾ നൽകുന്നു.

## ദ്രുത വന വികസനവും കാലാവസ്ഥാ വ്യതിയാന ലഘൂകരണവും

# <u>ലക്ഷ്യമിട്ട് മിയാവാക്കി വനവൽക്കരണ പദ്ധതി</u>

ജപ്പാനിലെ യോകോഹാമയിലെ പ്രൊഫ. അകിര മിയാവാക്കി ആദ്യം വികസിപ്പിച്ച് നടപ്പിലാക്കിയ ഫലപ്രദമായ മാതൃകയെ അടിസ്ഥാനമാക്കി നഗരപ്രദേശങ്ങളിൽ ദ്രുത വനവൽക്കരണത്തിനുള്ള ഒരു പുതിയ രീതിയാണിത്. ദ്രുത വന വികസനത്തിലൂടെ കേരളത്തിന്റെ ഭൗമ പരിസ്ഥിതി വ്യവസ്ഥകൾ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ, കെ-ഡിസ്ക് ലക്ഷ്യമിടുന്നു, കൂടാതെ നമ്മുടെ ഉയർന്ന ജനസാന്ദ്രതയും അശാസ്ത്രീയവും ദ്രുതഗതിയിലുമുള്ള നഗരവൽക്കരണവും കാരണമായുണ്ടായ പ്രതികൂല കാലാവസ്ഥാ വ്യതിയാനങ്ങൾ ലഘൂകരിക്കാൻ സംസ്ഥാനത്തെ സഹായിക്കുകയും ചെയ്യുന്നു. കേരളത്തിലെ മിയാവാക്കി മോഡലിന്റെ പാരിസ്ഥിതിക ആഘാതം ശാസ്ത്രീയമായി വിശകലനം ചെയ്യാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**നേട്ടങ്ങൾ**

- കേരളത്തിലെ 10 ജില്ലകളിൽ (12 ഇടങ്ങൾ) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി, മറ്റ് രീതിയിൽ ഉപയോഗമില്ലാത്ത ഏകദേശം 1.5ഏക്കറാണ് ആകെ ഭൂമിയുടെ വിസ്തീർണ്ണം. നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ ഈ പദ്ധതിയെ പിന്തുണയ്കുന്നു.
- ഉയർന്ന ഭൂമി വിലയുള്ള പ്രദേശങ്ങളിൽ ഏറ്റവും ചെലവ് കുറഞ്ഞ രീതിയാണ് മിയാവാക്കി രീതി. പരമ്പരാഗത വനവൽക്കരണവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് ഭൂമിയുടെ 95ശതമാനത്തിലധികം ലാഭിക്കുന്നു, കൂടാതെ മികച്ച ജൈവവൈവിധ്യവും പ്രദാനം ചെയ്യുന്നു.

- പലതരം ജന്തുജാലങ്ങളെ ആകർഷിക്കുന്നതിലൂടെ, ഈ ഇടങ്ങളിൽ ജൈവവൈവിധ്യം വർദ്ധിച്ചു. ഏതാണ്ട് വംശനാശം സംഭവിച്ച ചെടികളും മരങ്ങളും ഇതിലൂടെ പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്.
- വനങ്ങൾ, കാർബൺ അടിയൽ പ്രവർത്തനത്തെ ഉത്തേജിപ്പിക്കുന്നു, മണ്ണിലെ കാർബൺ വേർതിരിച്ചെടുക്കൽ സുഗമമാക്കുന്നു, ഒപ്പം ഫോസിൽ ഇന്ധനം കത്തിക്കുന്നതിലൂടെ അന്തരീക്ഷത്തിൽ പ്രധാനമായും അടിഞ്ഞു കൂടുന്ന കാർബൺ ഡയോക്സൈഡ് നിരക്ക് കുറയ്ക്കുന്നു.
- ബാഷ്പീകരണത്തിലൂടെ അന്തരീക്ഷ താപം കുറയ്ക്കുന്നു, കൃത്രിമ നിക്ഷേപത്തിലൂടെ ഭൂഗർഭജലനിരപ്പ് മെച്ചപ്പെടുത്തുന്നു, പച്ച സസ്യങ്ങളുടെയും അനുബന്ധ സൂക്ഷ്മാണുക്കളുടെയും ഉപയോഗം വഴി വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.
- ഏകവിള തോട്ടങ്ങളുടെ നിലവിലുള്ള കുത്തകയ്ക്ക് വിരുദ്ധമായി, വൈവിധ്യമാർന്ന ഇനം സസ്യങ്ങൾ നട്ടുപിടിപ്പിച്ചു. പ്രകൃതിദത്തമായ സസ്യങ്ങൾ വളരുന്നതിന് പ്രാധാന്യം നൽകി.
- ലഭ്യമായ നഗര ഇടങ്ങളിൽ ഇടവിട്ടിടവിട്ട് വിവിധ വലുപ്പത്തിലുള്ള മരങ്ങൾ നട്ടുപിടിപ്പിച്ചു.
- മണ്ണിലെ ജൈവാംശം വർദ്ധിക്കുന്നതിലൂടെ സസ്യങ്ങളുടെ വളർച്ച മെച്ചപ്പെടുന്നു.ഉയർന്ന വളർച്ചാനിരക്ക് ഉടനീളം നിർത്താനാവുകയും ചെയ്യുന്നു.
- നല്ല രീതിയിൽ വേരുക**ൾ** മുളയ്ക്കുന്നതിനും ഭൂമിയിൽ വീണ്ടും നട്ടുപിടിപ്പിക്കുന്നതിനും അതുവഴി വേരുകൾ മണ്ണിലേക്ക് എളുപ്പത്തിൽ തുളച്ചുകയറുന്നതിനും സഹായിക്കുന്ന തരത്തിൽ വലിയ ഗ്രോ ബാഗുകളിലാണ് തൈകൾ വളർത്തിയെടുത്തത്, അത് വേഗത്തിലുള്ള വളർച്ചാ നിരക്കിന് കാരണമായി.

- കീടനാശിനികളുടെയോ കളനാശിനികളുടെയോ ഉപയോഗമില്ലാതെ, 'ഇര-ഇരപിടിയൻ' മാതൃക നടപ്പിലാക്കാൻ പ്രകൃതിയെ അനുവദിക്കുകയും ചെയ്യുന്നു.
- പ്രാരംഭമായി പദ്ധതി നടപ്പാക്കിയ 12 മിയാവാക്കി പദ്ധതി ഇടങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉപയോഗിച്ച്, കെ-ഡിസ്ക് പരിസ്ഥിതി ആഘാത പഠനം നടത്തി.

## മഞ്ചാടി - കേരളത്തിന് വേണ്ടി കണക്ക് പഠിപ്പിക്കുക

യഥാർത്ഥ ജീവിതത്തിൽ ഗണിതശാസ്ത്ര പരിജ്ഞാനത്തിന്റെ വിശാലവും കൂടുതൽ വ്യക്തവുമായ പ്രയോഗത്തിലൂടെ ഫലാധിഷ്ഠിതവുംപ്രശ്നപരിഹാര ത്തിലൂന്നിയ മാനസികാവസ്ഥയും കേരളത്തിൽ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നതാണ് മഞ്ചാടി പരിപാടി. കേരളത്തിലുടനീളം താഴേത്തട്ട് മുതൽ കമ്മ്യൂണിറ്റി മാത്ത്സ് ലാബുകൾ (സിഎംഎൽ) സ്ഥാപിച്ച് കൊണ്ട് ഈ ലക്ഷ്യം കൈവരിക്കും.

**നേട്ടങ്ങൾ:**

- നവകേരള മിഷന്റെ അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച് 100 സ്കൂളുകളിൽ മഞ്ചാടി പദ്ധതി നടപ്പാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചർച്ചകൾ നടക്കുന്നു.
- മഞ്ചാടി പദ്ധതി നിലവിൽ നടക്കുന്ന 20ഇടങ്ങൾക്ക് പുറമേ, പട്ടികജാതി/പട്ടികവർഗ വകുപ്പുകളുടെ കീഴിലെ എല്ലാ സ്കൂളുകളിലും മഴവില്ല് പദ്ധതി നടപ്പാക്കുന്ന 12 ഇടങ്ങളിലും പ്രാരംഭമെന്ന നിലയിൽപ്രസ്തുത വകുപ്പുകളുടെ സാമ്പത്തിക പിന്തുണയോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം, പട്ടികജാതി/പട്ടികവർഗ ക്ഷേമ വകുപ്പിന്റെ പരിഗണനയിലാണ്.

- പ്രവർത്തനത്തെ അടിസ്ഥാനമാക്കിയുള്ള നൂതന പ്രക്രിയകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് നിരീക്ഷിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ നടത്തുന്നതിൽ അമ്മ ടീച്ചർമാരുടെ ബോധനപരമായ അഭിവിന്യാസവും അത് പോലെ തന്നെ, ക്ലാസിലെ മുഴുവൻ കുട്ടികൾക്ക് വേണ്ടിയോ അല്ലെങ്കി**ൽ** ഓരോ ക്ലാസിലെയും ചെറിയ ഒരു കൂട്ടം കുട്ടികൾക്ക് വേണ്ടി മാത്രമായോ ഉള്ള ആസൂത്രണവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതൊരു ക്ലാസ് മുറിയിലും, പ്രകൃതിദത്തമായ ഒന്നിലധികം തലങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഈ സംയോജിത സമീപനം വാസ്തവത്തിൽ നിർണായകമാണ്.
- അടിസ്ഥാനപരവും വർദ്ധിതവുമായ സംഖ്യാബോധവും ഗണിതശാസ്ത്രത്തിലെ ആശയപരമായ ധാരണയും വികസിപ്പിക്കുന്നതിന്, പ്രത്യേകിച്ച് ഭിന്നസംഖ്യ കളിലും സന്ദർഭോചിത പ്രശ്നപരിഹാരത്തിലും, എല്ലാ കുട്ടികളുടെയും കഴിവ് ഈ പദ്ധതിയിലൂടെ തെളിയിക്കാനായി.
- കുട്ടികളുടെ പ്രതികരണങ്ങളും അതുപോലെ അമ്മ ടീച്ചർമാരുടെ നവീകര
ണവും രേഖപ്പെടുത്തി വെയ്ക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാന സംഭവവികാസ
ങ്ങൾ ഉണ്ടായിട്ടുണ്ട്. കുട്ടികളുടെ പ്രതികരണങ്ങളുടെ രേഖപ്പെടുത്തൽ, വലിയ ക്ലാസുകളെ നേരിടാൻ കഴിവുറ്റതാക്കിയിരിക്കുന്നു. അമ്മ ടീച്ചർമാരുമായുള്ള ഫലപ്രദമായ സംഭാഷണങ്ങൾക്ക്, പ്രതികരണങ്ങൾ നൽകുന്നതിന്, ക്ലാസുകൾ ആസൂത്രണം ചെയ്യുന്നതിനുമെല്ലാമുള്ള പ്രധാന ഉപകരണങ്ങളായി വീഡിയോ ചിത്രീകരണവും ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകളും ഉയർന്ന് വന്നു.
- കേരളത്തിന്റെ പശ്ചാത്തലത്തിൽ പ്രായോഗിക പ്രശ്ന നിവാരണ സമ്പ്രദായത്തിന്റെ രൂപകൽപ്പനയും സാധൂകരണവും ഈ

പദ്ധതിയിലൂടെ പ്രാപ്തമായി, അതിലൂടെ പ്രൈമറി/മിഡിൽ സ്കൂളുകളിലെ മിക്ക കുട്ടികളിലും യഥാക്രമം 50/40 ക്ലാസുകളിലൂടെ അടിസ്ഥാന സംഖ്യാബോധം വികസിപ്പിക്കാൻ കഴിയും.

- രസകരവും അർത്ഥവത്തായതുമായ തരത്തി**ൽ** കുട്ടികൾക്ക് ഗണിതം പഠിക്കാനാവുന്ന ഒരു പരിപാടിയുടെ പ്രാധാന്യവും സാധ്യതയും, ഈ പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ/സ്കൂൾ നേതൃത്വങ്ങ**ൾ** അംഗീകരിച്ചു.
- ലംബവും തിരശ്ചീനവുമായ ഗണിതവൽക്കരണം ഉൾപ്പെടുന്ന ഗണിതവൽക്ക
  രണ സമീപനം പ്രായോഗികമായി നടപ്പിലാക്കി.
- മൾട്ടി ഗ്രേഡഡ് ലേണിംഗ് ക്ലാസുകൾ നടത്തുകയും, ഉചിതമായ പ്രക്രിയകൾ അവതരിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥി കേന്ദ്രീകൃതമായ പ്രവർത്തനങ്ങളിലൂടെ ക്ലാസിന്റെ മികവ് വർദ്ധിപ്പിക്കുകയും എല്ലാവർക്കും ഫലപ്രദമായ പഠനത്തെ പിന്തുണയ്ക്കുകയും ചെയ്തു.
- ആശയപരമായ ധാരണയെ പിന്തുണയ്ക്കാൻ അനുയോജ്യമായ മലയാളം വാക്കുകളുടെ ഉപയോഗം സാധൂകരിച്ചു. ഗണിത ബന്ധങ്ങളുടെ അർത്ഥം ഉൾക്കൊള്ളാൻ പ്രബലമായ പദപ്രയോഗങ്ങളും പുതിയ പദങ്ങളും വ്യവസ്ഥാപിതമായി ഉപയോഗിക്കുന്നതും ഇതി**ൽ** ഉൾപ്പെടുന്നു.
- അധ്യാപക-വിദ്യാഭ്യാസ പ്രക്രിയകൾക്കും പ്രതിഫലന സമ്പ്രദായങ്ങൾക്കും ക്ലാസ് മുറി അടിസ്ഥാനത്തിലുള്ള ഘടനകൾ വികസിപ്പിച്ചെടുത്തു.
- കുട്ടികളെ തുടർച്ചയായി വിലയിരുത്തുന്നതിൽ അധ്യാപകരുടെ നിരീക്ഷണങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞു.

- ഓൺലൈൻ ക്ലാസുകൾക്കായി (മഹാമാരി സമയത്ത്) നൂതന പ്രവർത്തനം അടിസ്ഥാനമാക്കിയും സംഭാഷണത്തെ അടിസ്ഥാനമാക്കിയുമുള്ള ക്ലാസ്റൂം പ്രക്രിയകൾവികസിപ്പിച്ചെടുത്തു.

## മഴവില്ല് - കേരളത്തിന് വേണ്ടി ശാസ്ത്രം പഠിപ്പിക്കുക

മഴവില്ല് - കേരളത്തിന് വേണ്ടി ശാസ്ത്രം പഠിപ്പിക്കുക എന്ന പരിപാടി, സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ സമ്പ്രദായം സംരക്ഷിക്കാനും ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുള്ളതാണ്, കൂടാതെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുംപരിപാടി ശ്രദ്ധ ചെലുത്തുന്നു. മഞ്ചാടി പരിപാടിയുടെ തുടർച്ചയാണ് മഴവില്ല്സംയോജിത ശാസ്ത്രപഠനം എന്ന ആശയത്തെ പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും വിശകലനത്തിലൂടെയും പ്രാവർത്തികമാക്കുകയും ചെയ്യുകഎന്നതാണ് മഴവില്ല് പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ഈ സംരംഭത്തിന്റെ ഭാഗമായി അഞ്ച് കമ്മ്യൂണിറ്റി സയൻസ് ലാബുകൾ (സിഎസ്എൽ) സ്ഥാപിക്കപ്പെട്ടു.

**നേട്ടങ്ങൾ:**

- ഒരു വർഷത്തിനിടയിൽ അഞ്ച് വ്യത്യസ്ത കേന്ദ്രങ്ങളിലായി 250 വിദ്യാർത്ഥികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഘടനാപരമായ ചോദ്യാവലി ഉപയോഗിച്ചാണ് വിദ്യാർത്ഥികളെ വിലയിരുത്തിയത്.
- പ്രയോഗത്തിലൂടെ ശാസ്ത്രം പഠിക്കുന്നതിന്റെ സന്തോഷം വിദ്യാർത്ഥികൾ കണ്ടെത്തി, ശാസ്ത്രം പഠിക്കുമ്പോഴുള്ള അവരുടെ അന്യവൽക്കരണം അത് വഴി പൂർണ്ണമായും ഇല്ലാതായി. പ്രകൃതിയുടെ വിവിധ ഘടകങ്ങളെ നിരീക്ഷിക്കുകയും പരീക്ഷിക്കുകയും ചെയ്ത് ശാസ്ത്രത്തിലെ വിവിധ വിഷയങ്ങൾ

തമ്മിലുള്ള പരസ്പര ബന്ധത്തെ വിദ്യാർത്ഥികൾ ഇപ്പോൾ മനസ്സിലാക്കുന്നു.

- നിർണായകമായ ചോദ്യങ്ങൾ ചോദിക്കുക എന്നത് ശാസ്ത്രം പഠിക്കുന്നതിന്റെ അടിസ്ഥാന സവിശേഷതയാണെന്ന് വിദ്യാർത്ഥികൾ തിരിച്ചറിഞ്ഞു. നിരന്തരവും സമഗ്രവുമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള ഒരു വിലയിരുത്തൽ സംവിധാനം വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു.
- ഇപ്രകാരം, ചിന്തിക്കുന്നതിലൂടെയും മനസ്സിലാക്കുന്നതിലൂടെയുമുള്ള ഒരു പഠന സംവിധാനം വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. "അധ്യാപനം" എന്നതിന് പകരം "ഒരുമിച്ചു പഠിക്കുക" എന്നാക്കി മാറ്റി. ശാസ്ത്രത്തിലും മാനവികതയിലുമുള്ള വിവിധ പ്രതിപാദ്യ വിഷയങ്ങളെ അടിസ്ഥാനമാക്കി വിവിധ നിർദ്ദേശങ്ങളെസമന്വയിപ്പിച്ച്  സമഗ്രമായ ഒരു വിജ്ഞാനശേഖരണ സംവിധാനം വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു.
- പഠന പ്രക്രിയയിൽകർശനമായ വിമർശനാത്മക വിലയിരുത്തൽ ഇല്ലാതെ ഒരു വിവരവും സ്വീകരിക്കുകയില്ല എന്ന തരത്തിൽ പരീക്ഷിച്ച ഒരു സംവിധാനം സ്ഥാപിച്ചു, അതിലൂടെ യുക്തിപരമായ വീഴ്ചകൾ കണ്ടെത്താനും അത് ഒഴിവാക്കാനും വിദ്യാർത്ഥികളെ സഹായിച്ചു.ഇപ്രകാരംപ്രമേയപരമായി സംയോജിപ്പിച്ച ഒരു പാഠ്യപദ്ധതി വികസിപ്പിച്ചെടുത്തു, അതോടൊപ്പം, വസ്തുതകൾ, കണക്കുകൾ, നിർവചനങ്ങൾ എന്നിവയുടെ ഒരു കൂട്ടം എന്നതിലുപരി ശാസ്ത്രത്തെ ആസ്വാദ്യകരമായ ഒരു പ്രക്രിയയായി അവതരിപ്പിക്കുകയും ചെയ്തു.
- ഇപ്രകാരം, ചിന്തിക്കുന്നതിലൂടെയും ആശയവൽക്കരണത്തിലൂടെ പഠിക്കുന്ന

തിലൂടെയും ക്ലാസ് മുറികളിലെ അദ്ധ്യാപന രീതിയെ

മാറ്റിസ്ഥാപിച്ചു. വിദ്യാർത്ഥികളുടെ തുടർച്ചയായ മൂല്യനിർണ്ണയത്തിനായി സൂചകങ്ങളും രീതികളും വികസിപ്പിച്ചു.

**ഒരു ജില്ല ഒരു ആശയം (വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ - ഒഡിഒഐ)**

ഇടത്തരം, സൂക്ഷ്മം എന്നീ വിഭാഗത്തിലുള്ള സംരംഭങ്ങൾക്കുള്ള ഒരു ഇന്നൊവേഷൻ ചലഞ്ച് പ്രോഗ്രാമാണ് വൺ ഡിസ്ട്രിക്റ്റ് വൺഐഡിയ. തുടർച്ചയായി വർദ്ധിച്ചുവരുന്ന വളർച്ചാനിരക്കോടെയുള്ള സാമ്പത്തിക അഭിവൃദ്ധിയിലേയ്ക്ക്ഏതൊരു സംരംഭങ്ങളെയും അതുപോലെ ക്ലസ്റ്ററുകളെയും കൊണ്ട് പോകാനുള്ള കർമ്മ പരിപാടി തയ്യാറാക്കി അവയിൽനൂതനാശയങ്ങളുടെയുംസാങ്കേതിക വിദ്യകളുടെയും പ്രാധാന്യം തിരിച്ചറിഞ്ഞു.

**നേട്ടങ്ങൾ:**

- എല്ലാ പങ്കാളികളിൽ നിന്നുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു രേഖ തയ്യാറാക്കി.
- ടെക്നിക്കൽ, മാനേജ്മെന്റ്, ആർട്സ് ആൻഡ് സയൻസ് എന്നിങ്ങനെയുള്ള അക്കാദമിക് സ്ഥാപനങ്ങളിലേക്ക് വ്യാപനം നടത്തി. എംഎസ്എംഇ-കളുടെ വികസനത്തെ പൊലിപ്പിക്കുന്നതിന് അക്കാദമിക് സ്ഥാപനങ്ങളുടെ ശേഷി വിലയിരുത്താൻ ഒരു പദ്ധതി തയ്യാറാക്കി.
- ബ്ലൂ ഓഷ്യൻ സ്ട്രാറ്റജി (ഇന്നൊവേഷന്റെ വഴിയിൽ യാതൊരുവിധ തടസ്സങ്ങളോ മത്സരങ്ങളോ ഇല്ലാത്ത ഒരു രീതി) ആവിഷ്കരിച്ചു. ഗുണനിലവാരമുള്ള ഉള്ളടക്കം വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുമായി സഹകരണം സ്ഥാപിച്ച്, ഇന്നൊവേഷൻ

വളർത്തിക്കൊണ്ട് വരാൻ അക്കാദമിക് സമൂഹത്തിലൂടെ പരിശീലനം നൽകുകയും ചെയ്തു. പ്രവർത്തന പദ്ധതി സമർപ്പണവും വിദഗ്ധരുടെ വിലയിരുത്തൽ പ്രക്രിയയും പ്രവർത്തനക്ഷമമാക്കാൻ ഐസിടി അക്കാഡമിയുടെ സഹകരണത്തോടെ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ഉണ്ടാക്കി.

- എംഎസ്എംഇ-കൾക്ക് നൂതനമായ വളർച്ചാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി 63എംഎസ്എംഇ ഗണങ്ങൾ, 60അക്കാദമിക് സ്ഥാപനങ്ങൾ, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കെ-ഡിസ്ക് എന്നിവർ ചേർന്ന് ഒരു ട്രിപ്പിൾ ഹെലിക്സ് ഇന്നൊവേഷൻ ആവാസവ്യവസ്ഥ സ്ഥാപിച്ചു. (സാമ്പത്തികവും സാമൂഹികവുമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിന് സർവകലാശാല, വ്യവസായം, സർക്കാർ എന്നിവർ തമ്മിലുള്ള ഒരു കൂട്ടം ഇടപെടലുകളെയാണ് ട്രിപ്പിൾ ഹെലിക്സ് എന്ന് പറയപ്പെടുന്നത്).
- എല്ലാ ജില്ലകളിൽ നിന്നും വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന ടീമുകൾക്കൊപ്പം പഠനത്തിനായി വിവിധ ക്ലസ്റ്റർസന്ദർശിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ മാർഗനിർദേശക സ്ഥാപനങ്ങൾ തയ്യാറാക്കി. സംസ്ഥാനത്തുടനീളമുള്ള ഒഡിഒഐ പരിപാടിയുടെ ഭാഗമായി ഒരു വിപണി ഇടപാടിലേക്ക് അർത്ഥവത്തായതും പ്രവർത്തനക്ഷമവുമായ പ്രവർത്തന പദ്ധതികൾ കൊണ്ട് വരാൻ ആനുകാലിക അവലോകനവും മാർഗനിർദേശവും നൽകി.
- മാർഗനിർദേശക സ്ഥാപനങ്ങൾ സമർപ്പിച്ച നവീകരണത്തിന്റെയും വികസന പദ്ധതികളുടെയും വിലയിരുത്തലിൽ ഓണ്ട്രർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഏർപ്പെട്ടിരിക്കുന്നു.
- ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ ഉപദേശം പിന്തുടർന്ന്, ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സംരംഭങ്ങളുമായി

ഒഡിഒഐ പ്രവർത്തന പദ്ധതികളുടെ സംയോജനത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

- വെള്ളിനേഴി (കഥകളി കോപ്പു നിർമ്മാണം), ചേർപ്പ് (ആന മാതൃകകളുടെ നിർമ്മാണം), കേരള ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജ്, കൈത്തറി, കരകൗശല വസ്തുക്കൾ, മുള എന്നിങ്ങനെയുള്ള ചില ഗണങ്ങളുടെ കൂടുതൽ വിപുലീകരണ പദ്ധതികൾക്കായി ടൂറിസം, സാംസ്കാരിക വകുപ്പുകളുടെ സഹകരണം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞു.

## ഒരു തദ്ദേശസ്വയംഭരണസ്ഥാപനം ഒരു ആശയം (ഒഎൽഒഐ)

തങ്ങളുടെ രണ്ടാം തലമുറ വികസന പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (എൽഎസ്ജിഐ) ശാക്തീകരിക്കുകയാണ് '**വൺ** ലോക്കൽ ഗവണ്മെന്റ് **വൺ** ഐഡിയ' എന്ന പരിപാടി ലക്ഷ്യമിടുന്നത്. എൽഎസ്ജിഐ, അക്കാദമിക്/ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, സ്വകാര്യ സംരംഭങ്ങൾ, മറ്റ് വിദഗ്ധർ എന്നിവർ തമ്മിലുള്ള പങ്കാളിത്തത്തിലൂടെയാണ് പരിപാടി പ്രവർത്തനക്ഷമ മാകുന്നത്.

**നേട്ടങ്ങൾ:**

- ദേശീയതലത്തിലും സംസ്ഥാന തലത്തിലുമുള്ള വിദഗ്ധർ അടങ്ങുന്ന കമ്മിറ്റികളെ, ഒഎൽഒഐ പദ്ധതിയുടെ ഉപദേശക സമിതിയായി രൂപീകരിച്ചു. പഞ്ചായത്ത് അസോസിയേഷൻ യോഗങ്ങൾ നടത്തി, പ്രാരംഭ ഘട്ടം നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ 2023 ജനുവരി 18-ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, എല്ലാ എൽഎസ്ജിഐ-കളേയും അറിയിച്ചു.

- ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പാലക്കാട് ജില്ലയിലെ തൃത്താലയിൽ പഞ്ചായത്ത് ദിനാഘോഷത്തോട് അനുബന്ധിച്ച് നടന്ന യോഗത്തിൽ, 2023 ഫെബ്രുവരി 19ന്, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയാണ് ഓഎൽഒഐ പദ്ധതിക്ക് തുടക്കം കുറിച്ചത്.
- അക്കാദമിക് സ്ഥാപനങ്ങൾ, സംരംഭങ്ങൾ, പൊതുസമൂഹം, എൽഎസ്ജിഐ-കൾ എന്നിങ്ങനെ നാല് വിഭാഗങ്ങളടങ്ങുന്ന ഇന്നൊവേഷന് വേണ്ടിയുള്ള ഹെലിക്സ് മോഡൽ പ്രവർത്തനക്ഷമമാക്കാൻ, ഒഎൽഒഐ ഒരു ചട്ടക്കൂട് സൃഷ്ടിച്ചു. യഥാർത്ഥ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, കൂടാതെ എൽഎസ്ജിഐകളുടെ ഫലപ്രാപ്തി സൃഷ്ടിക്കുന്നതിനും സാങ്കേതികവിദ്യയുടെ നിവേശിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂടും സൃഷ്ടിച്ചു.
- ഒഎൽഒഐ പരിപാടി സുപരിചിതമാക്കുന്നതിനും എൽഎസ്ജിഐകളിലേക്ക് അവ എത്തിച്ച് നൽകുന്നതിനും, കില-യിൽ വെച്ച് 1757എൽഎസ്ജിഐ തലവന്മാർ, 495ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥർ, 1449വിദഗ്ദ്ധരായ ആളുകൾ, 7760തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, 1632ബ്ലോക്ക് തല ഓഫീസർമാർ, 7662ഗ്രാമപഞ്ചായത്ത്തല നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിങ്ങനെയുള്ളവർക്ക് പരിശീലന പരിപാടികൾ നടത്തി.

**പ്രശ്നം തിരിച്ചറിയൽ:**

- ഒഎൽഒഐ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനായി2023ജനുവരിയിൽ ഐകെഎം-ന്റെ സഹായത്തോടെ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുത്തു. പ്രശ്നത്തിന്റെ ഒരു ഹ്രസ്വവിവരണം, പ്രശ്നത്തിന്റെ വ്യാപ്തി, പ്രശ്നത്തിന്റെ ആഘാതം, പരീക്ഷിച്ച പരിഹാരങ്ങൾ, അതിന്റെ

പരിമിതികൾ എന്നിങ്ങനെയുള്ള വിവരങ്ങൾ ഒരു ചോദ്യപ്പട്ടികയിലൂടെ കണ്ടെത്തി.

- 'സുലേഖ' ലോഗിൻ വഴി, നൂതനമായ പരിഹാരങ്ങൾ ആവശ്യമുള്ള തങ്ങളുടെ പ്രശ്നങ്ങൾ 215 എൽഎസ്ജിഐ-കൾ സമർപ്പിച്ചു.
- പ്രശ്നത്തിന്റെ പ്രസക്തി, വ്യാപ്തി, വിപുലീകരിക്കാനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് ആദ്യം വരുന്നവർ ആദ്യം എന്ന അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലേക്ക് 60എൽഎസ്ജിഐ-കളെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി. വിഷയങ്ങളുടെ അടിസ്ഥാനത്തിൽ 60 എൽഎസ്ജിഐ-കളെ ചെറു സംഘങ്ങളാക്കി മൂന്ന് ശിൽപശാലകൾ നടത്തി.
- കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, വിഷയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ: കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഷയവുമായി ബന്ധപ്പെട്ട 14ജില്ലാ സ്ഥാപനങ്ങളുമായി പങ്കാളിത്തം സ്ഥാപിച്ചു. ഒഎൽഒഐ പ്രക്രിയയെ പിന്തുണയ്ക്കാൻ, കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് അംഗങ്ങളെന്ന നിലയിൽ പ്രത്യേക വേതനമില്ലാതെ എന്ന അടിസ്ഥാനത്തിൽ 27 മേഖലകളിലായി 1500-ലധികം പ്രായോക്താക്കളെ അണിനിരത്തി.
- കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് അംഗങ്ങൾക്കിടയിൽ കേന്ദ്രീകൃതമായ ചർച്ചകൾ സുഗമമാക്കുന്നതിന്, 'നൂതകം' എന്ന പേരിൽ ഒരു ഇ-പ്ലാറ്റ്ഫോം പ്രവർത്തനക്ഷമമാക്കി.

**പ്രശ്ന സ്പഷ്ടീകരണം**

- സമർപ്പിച്ച പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള സാഹചര്യത്തെക്കുറിച്ച് വ്യക്തമായ ധാരണ നേടുന്നതിന് ആവശ്യമായ വിവര ശേഖരണത്തിന്റെ മേഖലകൾ തിരിച്ചറിയാൻ സ്പഷ്ടീകരണ പ്രക്രിയയുടെ ആദ്യപടിയായി വിദഗ്ധരുടെ ഒരു ശിൽപശാല 2023 മെയ് 12-ന് തൃശൂർ കിലയിൽ വെച്ച് നടത്തി.

- ഐഐടി മുംബൈ, സംസ്ഥാനതല സർവകലാശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയെ എൽഎസ്ജിഐ-കൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് നിയോഗിച്ചു.
- പുഴക്കാട്ടിരി പഞ്ചായത്തിൽ ബുദ്ധിമാന്ദ്യമുള്ളവരുടെ പ്രാഥമിക വിവരശേഖരണം നടത്തി.
- വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ആളുകളുടെ പരിശീലനം, എൽഎസ്ജിഐ-കളിൽ തുടരുന്നു.

**ഇന്നൊവേഷൻ ചലഞ്ച്:**

- കേരളത്തിലെ എൽഎസ്ജിഐ-കളുടെ ആവശ്യങ്ങൾക്കനുസൃതമായി, അക്കാദമിക് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവർ വികസിപ്പിച്ച നൂതന പരിഹാരങ്ങളുടെ ഒരു ശേഖരം കണ്ട് പിടിക്കാൻ ഇന്നൊവേഷൻ ചലഞ്ച് സംഘടിപ്പിച്ചു.
- യുജി/പിജി വിദ്യാർത്ഥികളിൽ നിന്നും 145, ഗവേഷക വിദ്യാർത്ഥികൾ24, സ്റ്റാർട്ടപ്പുകളിൽ നിന്നും 21 എന്നിങ്ങനെ ആകെ 190 ആശയങ്ങൾ ഈ ഇന്നൊവേഷൻ ചലഞ്ചിൽ സമർപ്പിക്കപ്പെട്ടു.
- ഇതിന്റെ വിലയിരുത്തലിൽ 53 ആളുകൾ പങ്കെടുത്തു, ഇതിന് പ്രത്യേകമായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സൃഷ്ടിച്ചു.

**പുനർനിർമ്മിക്കുന്നതിനായി ഇനിപ്പറയുന്ന പരിഹാരങ്ങൾ തിരിച്ചറിഞ്ഞു:**

- വെള്ളക്കെട്ടുള്ള പ്രദേശങ്ങൾക്ക് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന വീടുകൾ
- ചകിരിച്ചോറ് ഉപയോഗിച്ചുള്ള ബയോ കമ്പോസ്റ്റർ
- ശാസ്ത്രം പഠിപ്പിക്കാൻ മഴവില്ല്
- ഗണിതം പഠിപ്പിക്കുന്നതിന് മഞ്ചാടി.

- കാർഷിക വിളകൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും കേരള-ഭക്ഷണ-വേദി

## ഇലക്ട്രിക് വെഹിക്കിൾ, ഗ്രീൻ എനർജി പ്രോഗ്രാമുകൾ

കേരളത്തിലെ എല്ലാ ജനങ്ങൾക്കും താങ്ങാനാവുന്നതും വിശ്വാസമർപ്പിക്കാവുന്നതും സുസ്ഥിരവുമായ ഊർജം ലഭ്യമാക്കുക എന്നതാണ് കേരള സർക്കാരിന്റെ ഊർജ നയം ലക്ഷ്യമിടുന്നത്. സൗരോർജ്ജം, കാറ്റ്, ബയോ എനർജി എന്നിവ പോലെയുള്ള പുനരുപയോഗ ഊർജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ നയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, ഒപ്പം ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഊർജ കാര്യക്ഷമതയും സംരക്ഷണവും മെച്ചപ്പെടുത്താനും ഊർജ സുരക്ഷ വർധിപ്പിക്കാനും ശുദ്ധമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ മൊത്തം ഊർജ്ജ മിശ്രിതത്തിൽ പുനരുപയോഗ ഊർജത്തിന്റെ പങ്ക് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ ഉൽപാദനത്തിന്റെ വികേന്ദ്രീകരണത്തിനും, പ്രാദേശിക ഊർജ സംവിധാനങ്ങളുടെ വികസനത്തിനുമാണ് നയം മുൻഗണന നൽകുന്നത്. കൂടാതെ, ഊർജ മേഖലയിൽ സ്വകാര്യമേഖലാ നിക്ഷേപം പ്രോത്സാഹിപ്പിക്കാനും, ഊർജ സാങ്കേതികവിദ്യാ ഗവേഷണത്തിനും വികസനത്തിനും കൂടാതെ സംസ്ഥാനത്തെ ഊർജ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നയം പിന്തുണ നൽകുന്നുണ്ട്.

### ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം:

വൈദ്യുത വാഹനങ്ങളുമായി ബന്ധപ്പെട്ട ഉപസംവിധാനങ്ങളും ഘടകങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു ആവാസവ്യവസ്ഥയിലേക്ക് കേരളത്തെ പരിവർത്തനം ചെയ്യാനുള്ള അപാരമായ സാധ്യതകൾ കണക്കിലെടുത്ത്, ഇനിപ്പറയുന്ന പങ്കാളികൾ അടങ്ങുന്ന ഒരു

കൺസോർഷ്യം കെ-ഡിസ്ക് രൂപീകരിച്ചു. കൺസോർഷ്യത്തിലൂടെ, ആകെയുള്ള ഉപസംവിധാനങ്ങളുടേയും ഘടകങ്ങളുടെയും 60-70% വരെയെങ്കിലും കേരളത്തിന് പ്രാദേശികവൽക്കരിക്കാൻ കഴിയും.

**ജൈവ ഇന്ധന പദ്ധതികൾ:**

ശുദ്ധമായ പുനരുപയോഗ സ്രോതസ്സും ജൈവ ഇന്ധനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനും ഫോസിൽ ഇന്ധനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ഏതാനും ജൈവ ഇന്ധന പദ്ധതികൾ കെ-ഡിസ്ക് ആരംഭിച്ചിട്ടുണ്ട്, അതുവഴി കുറഞ്ഞ കാർബൺ ഫൂട്ട്പ്രിന്റ് ഉള്ളഭാവികേരളത്തിന്റെ പരിവർത്തനത്തിനെ സഹായിക്കുകയും ചെയ്യുന്നു. ജൈവ ഇന്ധന മേഖലയിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാനും പ്രാദേശിക സമൂഹങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കുളവാഴയിൽ നിന്നുള്ള ജൈവ ഇന്ധന ഉൽപാദനത്തിൽ ചില പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതിലൂടെ കേരളത്തിന്റെ കായലുകളെ ശ്വാസം മുട്ടിക്കുന്ന വിപത്ത് പരിഹരിക്കാനാകും. ഇപ്രകാരംസംസ്ഥാനത്ത് ബയോഡീസൽ, ബയോഇഥനോൾ തുടങ്ങിയ ജൈവ ഇന്ധനങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ, മൂന്ന് പദ്ധതികൾ ഈ സംരംഭത്തിന്റെ ഭാഗമാണ്, അവ ഇപ്രകാരമാണ്:

- കാർഷിക സർവകലാശാല, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എന്നിവയുമായി ചേർന്ന്, ജൈവ ഇന്ധനത്തിന്റെ ഉറവിടമെന്ന നിലയിൽ കുളവാഴയുടെ (ഐക്കോർണിയ ക്രാസിപ്സ്) സവിശേഷതകളെക്കുറിച്ചുള്ള പഠനങ്ങൾ.
- സിഎസ്ഐആർ-എൻഐഐഎസ്ടി-യുമായി ചേർന്ന് കുളവാഴയി**ൽ** നിന്ന് ബയോഇഥനോൾ ഉൽപ്പാദനത്തിനുള്ള സാധ്യത വിലയിരുത്തൽ.

- സുസ്ഥിര ഗതാഗതത്തിനായി ഹൈ പ്രഷർ ബയോഗ്യാസ് ഉല്പാദനത്തിന്റെ സാധ്യതാ പഠനം.

**ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ:**

എനർജി മാനേജ്മെന്റ് സെന്റർ ഓഫ് കേരള (ഇഎംസി), ഫൗണ്ടേഷൻ ഫോർ ഇന്നൊവേഷൻ ആൻഡ് സോഷ്യൽ എന്റർപ്രണർഷിപ്പ്-ന്റെ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സോഷ്യൽ ആൽഫ പ്ലാറ്റ്ഫോം എന്നിവയുമായി സഹകരിച്ച്, ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ (സിഇഐബിഐസി) എന്ന ഒരു സംവിധാനം, കെ-ഡിസ്ക് സ്ഥാപിച്ചു. ശുദ്ധമായ ഊർജ്ജത്തിന്റെയും അനുബന്ധ ബിസിനസുകളുടെയും വളർച്ച പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു.

**നേട്ടങ്ങൾ:**

**ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം:**

**ഇവി കൺസോർഷ്യം കോൺക്ലേവ് സീരീസ് 2023:**

- സുസ്ഥിര ഗതാഗതത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തെ ത്വരിതപ്പെടുത്തുകയും കൂടാതെ സംസ്ഥാനത്തെ ഇലക്ട്രിക് വെഹിക്കിൾ (ഇവി) ഉപസംവിധാനങ്ങളുടെയും ഘടകങ്ങളുടെയും സ്വദേശിവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഇവി കോൺക്ലേവ് പരമ്പര കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യത്തേതാണ്.
- ലിഥിയം-അയൺ ബാറ്ററിയിലും ഇ-മൊബിലിറ്റിയിലുമുള്ള തദ്ദേശീയമായ സാങ്കേതിക വികാസങ്ങളുടെ വിവിധ സാങ്കേതിക വശങ്ങൾ ചർച്ച ചെയ്യാൻ രാജ്യത്തുടനീളമുള്ള വ്യവസായം, ഗവേഷണ-വികസന കേന്ദ്രങ്ങൾ, അക്കാദമികൾ എന്നിവയിൽ നിന്നുള്ള വിദഗ്ധരെ കോൺക്ലേവിലൂടെ ഒരുമിച്ച് കൊണ്ടുവന്നു.

- "എൽടിഒ ബാറ്ററികളും അതിന്റെ ബാറ്ററി മാനേജ്മെന്റ് സിസ്റ്റവും (എൽടിഒ-ബിഎംഎസ്)" എന്ന തലക്കെട്ടി**ൽ**, ആദ്യ ഏകദിന കോൺക്ലേവ് 2023ഏപ്രിൽ 5ന് തിരുവനന്തപുരത്ത് വച്ച് നടന്നു. സിഡാക് വികസിപ്പിച്ച തദ്ദേശീയ എൽടിഒ-ബിഎംഎസ്-ൽ ധവളപത്രത്തിന്റെ പ്രകാശനവും, കെ-ഡിസ്കിന്റെ പിന്തുണയോടെ ടിടിപിഎല്ലിൽ സ്ഥാപിച്ച ബാറ്ററി മെറ്റീരിയൽ റിസർച്ച് സെന്ററിന്റെ (ബിഎംആർസി) സമർപ്പണവും അന്ന് നടന്നു.
- ലിഥിയം ടൈറ്റനേറ്റ് (എൽടിഒ) ബാറ്ററിയുടെ ഒരു മൂലരൂപം 2023 ആഗസ്റ്റ് 2ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങി**ൽ** വെച്ച് പുറത്തിറക്കി.

**ഇവി ഡ്രൈവ്ട്രെയിൻ ലാബ് [ട്രെസ്റ്റ് പാർക്ക്]:**

- കെ-ഡിസ്കിന്റെ പിന്തുണയോടെ ട്രെസ്റ്റ് റിസർച്ച് പാർക്ക് എനർജി മാനേജ്മെന്റ് സെന്ററിൽ സ്ഥാപിക്കുന്ന വാണിജ്യ ഇലക്ട്രിക് വെഹിക്കിൾ ഡ്രൈവ് ട്രെയിൻ ടെസ്റ്റിംഗ് ലാബിന്റെ സജ്ജീകരണം നടന്ന് വരുന്നു.
- ലാബിന്റെ സജ്ജീകരണത്തിനായി 2000ചതുരശ്ര അടി സ്ഥലം, 2022ഓഗസ്റ്റ് മുതൽ അഞ്ച് വർഷത്തേക്ക് ലഭിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററുമായി കരാർ ഒപ്പിട്ടു.
- ലാബിന്റെ സജ്ജീകരണത്തിനും പ്രവർത്തനങ്ങൾക്കുമുള്ള പിന്തുണയ്ക്കായി ടാറ്റ എൽക്സിയുമായി ഒരു ധാരണാപത്രം ഒപ്പുവച്ചു.
- ഇലക്ട്രിക്കൽ ജോലികൾക്ക്, കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെഇഎൽ) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി കണ്ടു പിടിച്ചിട്ടുണ്ട്.
- ലാബ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ - ബാറ്ററി എമുലേറ്ററുകളും ഡൈനാമോമീറ്ററുകളും- വിതരണം

ചെയ്യുന്നതിന്, എ.വി.എൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ടെൻററിലൂടെ തീരുമാനിച്ചിട്ടുണ്ട്.

## ഇവി റിട്രോഫിറ്റ്മെൻറ്:

- "മുച്ചക്ര ഇ-പരിവർത്തന കിറ്റ് പദ്ധതി" എന്ന പേരിൽ കെ-ഡിസ്കും ട്രെസ്റ്റ് റിസർച്ച് പാർക്കും സംയുക്തമായി ഒരു നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. ഐസി എഞ്ചിൻ ഓട്ടോറിക്ഷകളിൽ നിന്നുമുള്ള കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത് ഇതിനായി ഓട്ടോറിക്ഷാ ഉടമകളെ പിന്തുണയ്ക്കുന്നതിനും. അതുവഴി സംസ്ഥാനത്തെ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് താങ്ങാനാവുന്നതും കൂടുതൽ പരിസ്ഥിതി സൗഹൃദവുമായ പരിഹാരം മുന്നോട്ട് വെയ്കാനാകുന്നു.
- മുച്ചക്ര വാഹനങ്ങൾക്ക് മാറ്റിസ്ഥാപിക്കാനാകുന്ന എഞ്ചിൻ കിറ്റുകളും, വെച്ച് മാറാൻ സാധിക്കുന്ന ലിഥിയം-അയോൺബാറ്ററി പാക്കുകളും നൽകുന്നതിനുള്ള ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള താല്പര്യപത്ര ക്ഷണ തീരുമാനം അന്തിമമാക്കിക്കൊണ്ടിരിക്കുന്നു.
- പൊതുമേഖലാ ബാങ്കുകളും എൻബിഎഫ്സികളും വഴിയുള്ള റിട്രോഫിറ്റിംഗിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള ഒരു സ്കീം കെ-ഡിസ്ക് തയ്യാറാക്കിയിട്ടുണ്ട്.
- സംസ്ഥാനത്തിന്റെ ഇവി നയത്തിൽ ഇവി റിട്രോഫിറ്റ്മെൻറ് വശങ്ങൾ ഉൾപ്പെടുത്തുന്നതിനും റിട്രോഫിറ്റിങ്ങിനുള്ള സംസ്ഥാന സബ്സിഡി/ഇൻസെൻറീവ് എന്നിവയും ചർച്ച ചെയ്യുന്നതിന് ടെറി-യും ഗതാഗത വകുപ്പുമായി ചേർന്ന് കെഡിസ്ക് സജീവമായി ഒരുമിച്ച് പ്രവർത്തിക്കുന്നു.
- ഇവി റിട്രോഫിറ്റ്മെൻറ് പ്രോജക്റ്റിനായി കാർബൺ ധനസഹായത്തിന്റെ സാധ്യത അന്വേഷിക്കുക, ഹരിതഗൃഹ

വാതകത്തിന്റെ ഉദ്‌വമനത്തിന്റെ ശരിയായ കണക്കുകൂട്ടൽ, മുച്ചക്ര വാഹനങ്ങളുടെ എഞ്ചിൻ റിട്രോഫിറ്റിംഗിനായുള്ള കാർബൺ ക്രെഡിറ്റ് കണക്ക് കൂട്ടുന്നതിനും പണമാക്കുന്നതിനുമുള്ള മാർഗങ്ങൾ എന്നിവയൊക്കെ രൂപപ്പെടുത്തുന്നതിന്, ടെറി-യുമായി ചേർന്ന് പ്രവർത്തിക്കുന്നു.

**ജൈവ ഇന്ധന പദ്ധതികൾ:**

**ജൈവ ഇന്ധനം ജാർഖണ്ഡ്:**

- കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി; ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ; കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട; ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശൂർ; ഗ്രോനിംഗൻ യൂണിവേഴ്സിറ്റി, നെതർലാൻഡ്സ് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരുമായി ഈ പദ്ധതിയ്ക്ക് വേണ്ടി കെ-ഡിസ്ക് ഒരു ഉപദേശക സമിതി രൂപീകരിച്ചു.
- വാട്ടർ ഹയാസിന്ത് ബയോമാസ് - ഡബ്ല്യുഎച്ച്ബി (കുളവാഴ) യിൽ നിന്ന് ജൈവ ഇന്ധന ഉൽപ്പാദനം സംബന്ധിച്ച ഒരു പ്രാഥമിക സാധ്യതാ പഠനം കേരളത്തിലും ജാർഖണ്ഡിലും സമാന്തരമായി ആരംഭിച്ചു. കേരളത്തിൽ വിഭാവനം ചെയ്ത പഠനത്തിന് രണ്ട് ഘട്ടങ്ങളാണുള്ളത്. കൊഴുപ്പിന്റെ ഉള്ളടക്കത്തിന്റെ വിലയിരുത്തലിലും ജൈവ ഇന്ധനം ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതയിലും ഘട്ടം1 ശ്രദ്ധ കേന്ദ്രീകരിക്കുന്നു, എന്നാൽ രണ്ടാം ഘട്ടത്തിൽ ഡബ്ല്യുഎച്ച്ബിയിൽ നിന്ന് ജൈവ ഇന്ധന ഉൽപ്പാദനത്തിനുള്ള വിവിധ വഴികൾ അന്വേഷിക്കുന്നു.
- ശ്രീ.വിശാൽ പ്രസാദ് ഗുപ്ത മുന്നോട്ട് വെച്ച പ്രക്രിയ രേഖപ്പെടുത്താൻ, 2022 ഡിസംബറിൽ ഒരു വിദഗ്ധ സംഘം ജാർഖണ്ഡ് സന്ദർശിച്ചു. അവർ അത് കൈകാര്യം ചെയ്യുന്ന ഇടങ്ങൾ സന്ദർശിച്ച് ജല കുളവാഴ ഉപയോഗിച്ച് ബയോഡീസൽ

ഉല്പാദിപ്പിക്കുന്ന മാർഗം ലാഭകരമല്ലാത്തതിനാൽ അത് പിന്തുടരേണ്ടതില്ലെന്ന് തീരുമാനിച്ചു.

- ഒന്നാം ഘട്ടം 2022 ജൂലൈയിൽ സമാപിച്ചു, രണ്ടാം ഘട്ടം 2022ഡിസംബറിൽ പൂർത്തിയായി. കെ-ഡിസ്കിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ബയോഗ്യാസ് ഉല്പാദന വഴിയാണ് നിർദേശിച്ചിട്ടുള്ളത്.
- ഈ പദ്ധതി അവസാനിപ്പിച്ചതിനെ തുടർന്ന് പഠനത്തിലെ വിദഗ്ധരിൽ നിന്ന് "വിളകളുടെ അവശിഷ്ടങ്ങളിൽ നിന്നും ജൈവമാലിന്യങ്ങളിൽ നിന്നും ജൈവ ഊർജ്ജം" ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം കെ-ഡിസ്കിന് ലഭിച്ചു. അത് പരിഗണിച്ച് കൊണ്ടിരിക്കുകയാണ്.

**ബയോഎഥനോൾ (സിഎസ്ഐആർ എൻഐഐഎസ്ടി):**

- ജല കുളവാഴയിൽ നിന്നുള്ള ബയോഎഥനോൾ ഉല്പാദനത്തിന് ഭാവിയുള്ളതായി സിഎസ്ഐആർ-എൻഐഐഎസ്ടി കണ്ടെത്തി. പ്രാരംഭ ഉല്പാദനത്തിനുള്ള പദ്ധതിതയ്യാറായിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പാക്കാൻ നടപടികൾ ആരംഭിച്ചു.
- സിഎസ്ഐആർ എൻഐഐഎസ്ടി, ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ (ഓഎൻജിസി) എന്നിവയുടെ സഹകരണത്തോടെ രണ്ടാം തലമുറ എത്തനോൾ ഉല്പാദനത്തിനുള്ള പദ്ധതി സ്ഥാപിക്കുന്നതിന്, കെ-ഡിസ്ക് സൗകര്യമൊരുക്കുന്നു.

**ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ:**

- എനർജി മാനേജ്മെന്റ് സെന്റർ - കേരള (ഇഎംസി), ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്റർ

(സിഇഐഐഎസി), ന്യൂഡൽഹി എന്നിവരുമായി ചേർന്ന്, ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ (സിഇഐബിഐഎസി) സ്ഥാപിക്കാൻ കെ-ഡിസ്ക് ഒരു ത്രികക്ഷി ധാരണാപത്രം നടപ്പിലാക്കി.

- സിഇഐബിഐഎസി ഇന്നൊവേഷൻ ചലഞ്ച് നടത്തി അതിൽ ലഭിച്ച 100അപേക്ഷകളിൽ നിന്ന് 27 സ്റ്റാർട്ടപ്പുകളെയും അവരുടെ ആശയങ്ങളെയും കൂടുതൽ മൂല്യനിർണ്ണയത്തിനായി ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തി.
- 10സ്റ്റാർട്ടപ്പുകൾക്ക് വരെ പ്രാരംഭ നടപ്പാക്കലുകൾക്ക് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.
- ചലഞ്ചിലെ വിജയികളെ പ്രഖ്യാപിച്ചു, ക്ലീൻ എനർജി മേഖലയിലെ 10സ്റ്റാർട്ടപ്പുകൾ ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ചിട്ടുണ്ട്.

## ആക്സിലറേറ്റഡ് ബ്ലോക്ക്ചെയിൻ കോമ്പറ്റൻസി ഡെവലപ്മെന്റ് (എബിസിഡി)

സംസ്ഥാനത്തെ ബ്ലോക്ക്ചെയിൻ കഴിവ് വികസനത്തിനുള്ള പ്രധാന പരിപാടികളിൽ ഒന്നാണ് ആക്സിലറേറ്റഡ് ബ്ലോക്ക്ചെയിൻ കോമ്പറ്റൻസി ഡെവലപ്മെന്റ്. ബ്ലോക്ക്ചെയിനിൽ രാജ്യത്തിലെ ഒരു പ്രധാന വിജ്ഞാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റാൻ, ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യകളിൽ വൈദഗ്ദ്ധ്യമുള്ള 25,000പേരുടെ ഒരു കേന്ദ്രമാക്കി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**നേട്ടങ്ങൾ:**

2023മെയ് 30വരെ, കേരള ബ്ലോക്ക്ചെയിൻ അക്കാദമിയുടെ കോഴ്സിലേക്കുള്ള ആകെ പങ്കെടുത്തവരുടെ കണക്ക് ഇങ്ങിനെയാണ്:

| എബിസിഡി കോഴ്സുകൾ | പങ്കെടുത്തവരുടെ എണ്ണം |
|---|---|

| | |
|---|---|
| ഫുൾ സ്റ്റാക്ക് ഡെവലപ്പർ കോഴ്സ് (ഡിസംബർ 2022 വരെ) | 1379 |
| ഫുൾ സ്റ്റാക്ക് ഡെവലപ്പർ കോഴ്സ് ജോലി ലഭിച്ചവർ/പ്രവേശിപ്പിച്ചവർ (ഡിസംബർ 2022 വരെ) | 569 |
| എബിസിഡി തുടക്കക്കാരുടെ പ്രോഗ്രാമുകൾ | 15173 |
| എബിസിഡി ഡെവലപ്പർ പ്രോഗ്രാമുകൾ | 6022 |
| എബിസിഡി ആർക്കിടെക്റ്റ് പ്രോഗ്രാം | 92 |
| **ആകെ** | **23235** |

## ഭിന്നശേഷിയുള്ള യുവാക്കൾക്കായുള്ള ടാലന്റ് സെർച്ച്

വികലാംഗരായ യുവാക്കൾക്കിടയിൽ കഴിവ് തെളിയിക്കാനുള്ള ഒരു അന്വേഷണം നടത്തുകയും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് അവരെ നയിക്കുകയും, അവരുടെ ജീവിതത്തിൽ നേതൃത്വപരമായ റോളുകൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കുകയും ഈ പരിപാടിയിലൂടെ നടപ്പാക്കുന്നു.

**നേട്ടങ്ങൾ:**

- രണ്ടാം ഘട്ടത്തിൽ ലഭിച്ച 127 അപേക്ഷകളി**ൽ** അവരുടെ കഴിവും വൈകല്യത്തിന്റെ ശതമാനവും അടിസ്ഥാനമാക്കി യോഗ്യരായ 80അപേക്ഷകരെ, 2022 ഡിസംബറി**ൽ** ചുരുക്കപ്പട്ടികയി**ൽ** ഉൾപ്പെടുത്തി.
- 2023ജനുവരി 23, 24, 25 തീയതികളിൽ രക്ഷിതാക്കൾക്കൊപ്പം മൂന്ന് ദിവസത്തെ സഹവാസ ക്യാമ്പ് നടത്തി, അതിൽ 41പേർ പങ്കെടുത്തു. പങ്കെടുത്തവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2023 ഫെബ്രുവരിയിൽ ഒരു വ്യക്തിഗത ടാലന്റ് സപ്പോർട്ട് പ്ലാൻ ആരംഭിക്കുകയും ആ പരിപാടി ഇപ്പോൾ പുരോഗമിക്കുകയും ചെയ്യുന്നു.

**<u>മൈക്രോബയോം-ൽ മികവിന്റെ കേന്ദ്രം</u>**

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെസിഎസ്ടിഇ), രാജീവ് ഗാന്ധി സെന്റർ ഫോർ ടെക്നോളജി (ആർജിസിബി) എന്നിവയുമായുള്ള സഹകരണത്തോടെ സൂഷ്മാണുക്കളുമായി ബന്ധപ്പെട്ട്(മൈക്രോബയോം) ഒരു സെന്റർ ഓഫ് എക്സലൻസ് (സിഒഇ) കേരള സംസ്ഥാനത്ത് കെ-ഡിസ്ക് സ്ഥാപിക്കുന്നു. വിവിധവിഷയങ്ങളിലെ സഹകരണങ്ങളിലൂടെ പ്രാദേശിക, അന്തർദേശീയ തലങ്ങളിൽ, ആരോഗ്യ സമീപനത്തെ ശക്തിപ്പെടുത്തുക എന്നതാണ് സിഒഇ-യുടെ പ്രധാന ലക്ഷ്യം. പരീക്ഷണശാലാ അധിഷ്ഠിത ഗവേഷണത്തിന്റെ ശക്തമായ ഒരു പരിപാടി പൂർത്തീകരിച്ച് കൊണ്ട് ഡാറ്റ അനലിറ്റിക്സിൽ വൈദഗ്ധ്യത്തിന്റെയും സാങ്കേതികവിദ്യകളുടെയും ഒരു കേന്ദ്രം സിഒഇ സ്ഥാപിക്കും. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സ്റ്റാർട്ടപ്പുകളേയും സംരംഭകരേയും പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനും ഇത് ലക്ഷ്യമിടുന്നു.

**നേട്ടങ്ങൾ:**

- സിഇഇ-യുടെ നിയമ ഘടന അന്തിമമാക്കാൻ, ധാരണാപത്രം അവലോകനം ചെയ്യുക, സിഇഇ സജ്ജീകരിക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുക എന്നിവ ലക്ഷ്യമിട്ട് ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരും, കെസിഎസ്ടിഇ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നിവയുടെ പ്രതിനിധികൾ അടങ്ങുന്ന, ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു കമ്മിറ്റി, 17-11-2022-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രൂപീകരിച്ചു. ആദ്യ സ്റ്റിയറിംഗ് കമ്മിറ്റി യോഗം 2023 മാർച്ച് 2 ന് നടന്നു.
- കെസിഎസ്ടിഇ, ആർജിസിബി, കെഡിസ്ക് എന്നിവർ ചേർന്ന് 2023 മെയ് 9ന്, പദ്ധതിക്കായി ധാരണാപത്രത്തിൽ ഒപ്പ് വെച്ചു.

## <u>ന്യൂട്രാസ്യൂട്ടിക്കൽസ്-ൽ മികവിന്റെ കേന്ദ്രം</u>

ഭക്ഷണമോ ഭക്ഷണത്തിന്റെ ഭാഗമോ ആയ, വൈദ്യശാസ്ത്രപരമായ അല്ലെങ്കിൽ ആരോഗ്യപരമായ ആനുകൂല്യങ്ങൾ നൽകുന്ന, രോഗങ്ങളുടെ പ്രതിരോധവും ചികിത്സയും ഉൾപ്പെടെ നൽകുന്ന ഏതൊരു പദാർത്ഥത്തെയും ന്യൂട്രാസ്യൂട്ടിക്കൽ എന്ന് നിർവചിക്കുന്നു. കേരള സമൂഹത്തിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രതിരോധ ആരോഗ്യ സംരക്ഷണത്തിലും ഇത് ഒരു പ്രധാന ശ്രദ്ധാകേന്ദ്രമാണ്. ലോകമെമ്പാടുമുള്ള ആദിവാസി സമൂഹങ്ങളുടെ പരമ്പരാഗത അറിവിലൂടെയുംപരമ്പരാഗത വൈദ്യശാസ്ത്ര രീതികളിലൂടെയും പോഷകാഹാരങ്ങളെയും, ഔഷധ ശാസ്ത്രങ്ങളെയും ഈ മേഖല ബന്ധിപ്പിക്കുന്നു. ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് പങ്കാളികൾ എന്നിവരെ ബന്ധിപ്പിക്കുന്നതിനുള്ള ഒരു പരിപാടിക്ക് കെ-ഡിസ്ക് സൗകര്യമൊരുക്കും. കേരളത്തിൽ, ന്യൂട്രാസ്യൂട്ടിക്കൽസി**ൽ** ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ആശയക്കുറിപ്പ് തയ്യാറാക്കാൻ വിദഗ്ധ സംഘത്തെ നിയോഗിക്കും.

**നേട്ടങ്ങൾ**

- 2022 നവംബർ 4-ന് നടന്ന പദ്ധതി അവലോകന യോഗത്തിന് ശേഷം ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.
- 2023 ജൂൺ 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് പദ്ധതിയുടെ പ്രാഥമിക അംഗീകാരം ലഭിച്ചു.
- ന്യൂട്രാസ്യൂട്ടിക്കൽസ് സിഇഒ-യുടെ നിയമ ഘടന അന്തിമമാക്കുക, കെസിഎസ്ടിഇ-കെഎസ്ഐഡിസി എന്നിവർ തമ്മിലുള്ള ധാരണാപത്രം അവലോകനം ചെയ്യുക, ഒപ്പം സിഇഒ സജ്ജീകരിക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് അതത് വകുപ്പ് സെക്രട്ടറിമാരും, കെസിഎസ്ടിഇ, കെഎസ്ഐഡിസി പ്രതിനിധികളും ചേർന്ന് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചു.

## മൂല്യവർധിത കൃഷിയെക്കുറിച്ചുള്ള പ്രോഗ്രാമുകൾ

കാർഷിക വിളകളുടെ മൂല്യ ശൃംഖലാ ഉൽപ്പാദനക്ഷമതയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന്, മൂല്യവർദ്ധനയ്ക്കുള്ള വഴികളും ഒപ്പം നൂതനമായ ഇടപെടലുകളും തിരിച്ചറിയാൻ ലക്ഷ്യമിടുന്നതാണ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള പ്രോഗ്രാമുകൾ.

ഈ പ്രോഗ്രാമിന് കീഴിൽ നിലവിൽ രണ്ട് പ്രോജക്ടുകളാണ് കെ-ഡിസ്ക് പിന്തുടരുന്നത്. സംസ്ഥാനത്തിന് ഗുണകരമാണെന്ന് കണ്ടാൽ കൂടുതൽ പദ്ധതികൾ ഈ പ്രോഗ്രാമിലേക്ക് കൊണ്ടുവരാം. നിലവിൽ പിന്തുടരുന്ന പദ്ധതികൾ ഇവയാണ്:

1. കാലാവസ്ഥാ സ്മാർട്ട് കോഫി പ്രോഗ്രാം, വയനാട്
2. നീര മൂല്യ ശൃംഖല പരിവർത്തനം

**കാലാവസ്ഥാ സ്മാർട്ട് കോഫി പ്രോഗ്രാം, വയനാട്**

- പ്രാദേശിക, സംസ്ഥാന, ദേശീയ, അന്താരാഷ്ട്രതലങ്ങളിലെ സ്ഥാപനങ്ങളുമായി സഹകരിച്ച്, വയനാട്ടിലെ റോബസ്റ്റ കാപ്പി കൃഷിക്ക് അനുയോജ്യമായ മികച്ച ഫാം മാനേജ്മെന്റ് രീതികളും വിളവെടുപ്പ് രീതികളും നിർണ്ണയിക്കുക.
- കാപ്പി കൃഷിയുടെ രീതികൾ, വിളവെടുപ്പ്, വിളവെടുപ്പിന് ശേഷമുള്ള രീതികളും സാങ്കേതികവിദ്യകളും എന്നിവകളിലെ പ്രക്രിയകൾ മെച്ചപ്പെടുത്തുന്നതിന് മികച്ച രീതികൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ സമഗ്രമായ ഒരു വിജ്ഞാന ശേഖരം സൃഷ്ടിക്കുക.
- വിജ്ഞാന സഹസൃഷ്ടിക്കും വ്യാപനത്തിനും ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് ഒരു വിജ്ഞാന കേന്ദ്രം സൃഷ്ടിക്കുക.

**നീര മൂല്യ ശൃംഖല പരിവർത്തനം**

- ഒരു വർഷത്തിനുള്ളിൽ, കേരളത്തിലെ നീര മൂല്യ ശൃംഖലയുടെ പുനരുജ്ജീവനത്തിന്, സാങ്കേതികവിദ്യയും നവീകരണവും പിന്തുണയ്ക്കുന്ന ഒരു പ്രായോഗിക ബിസിനസ്സ് മാതൃക സൃഷ്ടിക്കുക.

**നേട്ടങ്ങൾ**

**കാലാവസ്ഥാ സ്മാർട്ട് കോഫി പ്രോഗ്രാം, വയനാട്**

- വയനാട് റോബസ്റ്റ കാപ്പിയുടെ വിളവെടുപ്പിന് ശേഷമുള്ള കാര്യങ്ങൾ **മുതൽ** കയറ്റുമതി വിതരണത്തിനും ചില്ലറ വിപണനത്തിനുമുള്ള മാനദണ്ഡങ്ങളും എസ്ഒപി-കളും തയ്യാറാക്കാൻ, 2023 ജനുവരി 06, 07തീയതികളിൽ എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ - കമ്മ്യൂണിറ്റി അഗ്രോബയോ ഡൈവേഴ്സിറ്റി സെന്ററിൽ വെച്ച് വിദഗ്ധരുടെ ദ്വിദിന ശിൽപശാല നടന്നു.

- 2023ജനുവരി 18-ന് കാലാവസ്ഥാ സ്മാർട്ട് കോഫിയെക്കുറിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി ഒരു യോഗം വിളിച്ചു, തുടർന്ന് കാലാവസ്ഥാ സ്മാർട്ട് കോഫി പദ്ധതിയ്ക്ക് വേണ്ടി സ്പെഷ്യൽ പർപസ് വെഹിക്കിളും (എസ്പിവി), നാലംഗ ഡിപിആർ അവലോകന സമിതിയും രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. (ഇൻഡ്(ജി) - 1124/2022/ഡി തീയതി 22-10-2022, 114/2023/ഐഡി തീയതി 09-02-2023).
- യൂറോപ്യൻ മാനദണ്ഡങ്ങളുടെയും സിഒപി27-ന്റെ പശ്ചാത്തലത്തിൽ വ്യാപാരത്തിനുള്ള ഇയു മാർഗ്ഗനിർദ്ദേശങ്ങളുടെയും പശ്ചാത്തലത്തിൽ സ്മാർട്ട് കോഫി പദ്ധതിയുടെ നടത്തിപ്പിന് മാർഗനിർദേശവും ശുപാർശകളും നൽകാൻ നെതർലാൻഡിൽ നിന്നുള്ള വിദഗ്ദ്ധനായ ശ്രീ. കോർ ഹാൻസെൻ 2023 ജനുവരി 4മുതൽ 20വരെ വയനാട് സന്ദർശിച്ചു. നിലവിലുള്ള രീതികൾ മനസ്സിലാക്കാൻ വയനാട്ടിലെ വിവിധ കാപ്പിത്തോട്ടങ്ങളും സംസ്കരണ സൗകര്യങ്ങളും അദ്ദേഹം, ക്ലൈമറ്റ് സ്മാർട്ട് കോഫി സംഘത്തോടൊപ്പം സന്ദർശിച്ചു.

**നീര മൂല്യ ശൃംഖല പരിവർത്തനം**

- കേരളാ വെറ്റിനറി ആന്റ് ആനിമൽ ഹസ്ബന്ററി യൂണിവേഴ്സിറ്റി തയ്യാറാക്കിയ നീര മൂല്യവർദ്ധനയ്ക്കുള്ള നിർദ്ദേശം 2022 ഡിസംബർ 14-ന് ലോകബാങ്ക് ടീമിന് സമർപ്പിച്ചു. അതുമായി ബന്ധപ്പെട്ട് കൃഷി സെക്രട്ടറിക്കും അവതരണം നൽകി.

**അകൗണ്ട്സ് ഓഫീസർ**